# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 68

വാല്യം – 9 ലക്കം – 3 കുംഭം – 1191 മാർച്ച് 2016



കൊടുങ്ങല്ലൂരമ്മേ ശരണം



എറണാകുളം കരയോഗത്തിൻെറ 29-ാമത് ശ്രീമദ് ഭാഗവത സപ്താഹം തിരുവിതാംകൂർ കൊച്ചി ദേവസ്വം ഓംബുഡ്സ്മാൻ ജസ്റ്റിസ് പി.ആർ.രാമൻ ഭദ്രദീപം തെളിച്ച് ഉദ്ഘാടനം ചെയ്യുന്നു.



29-ാമത് ശ്രീമദ് ഭാഗവത സപ്താഹത്തോടനുബന്ധിച്ച് ഫെബ്രുവരി 21 ന് രാവിലെ ടി.ഡി.എം. ഹാളിൽ നടന്ന നാരായണീയ സർവ്വൈശ്വര്യ പൂജയിൽ നിന്ന്...



29-ാമത് ശ്രീമദ് ഭാഗവത സപ്താഹത്തിൽ ആചാര്യൻ ബ്രഹ്മശ്രീ കൂനംപിള്ളി ശ്രീരാം നമ്പൂതിരി പ്രഭാഷണം നടത്തുന്നു...

1191 കുംഭം

വാല്യം9 ലക്കം 3 മാർച്ച് 2016

**ഉള്ളടക്കം**

എഡിറ്റോറിയൽ ........ 3
ജനറൽ സെക്രട്ടറിയുടെ പംക്തി ........ 5
ബാലലോകം ........ 6
രാഗപരിചയം (യദുകുലകാംബോജി) ........ 7
കന്നിമൂല തുറന്ന് കിടക്കരുത് ........ 9
മനസ്സും ജീവിതവും ........ 10
അർത്ഥത്തിനെന്തർത്ഥം ........ 12
ആറേശ്വരം ധർമ്മശാസ്താക്ഷേത്രം ........ 13
ദേശസ്നേഹത്തിന്റെ കെടാവിളക്ക് ........ 15
ക്ഷയരോഗം ........ 18
ശ്രീശങ്കരാചാര്യരുടെ ഐതിഹാസിക യാത്രകൾ: ഹിന്ദുമതത്തിന്റെ പുനരുത്ഥാനവും ........ 19
മലയാളത്തിന്റെ സൂര്യതേജസ്സിന് പ്രണാമം ........ 23
ചിലപ്പതികാരത്തിന്റെ ചിലമ്പൊലികൾ ........ 26
ഭക്തഹനുമാൻ ........ 28
വന്നു കണ്ടു പോയി ........ 31
വെട്ടും തടയും ........ 33
കേരള വിദ്യാഭ്യാസരംഗം നേട്ടങ്ങളും കോട്ടങ്ങളും ഒരു അവലോകനം ........ 34
അറുതിയെഴാത്ത തള്ളിപ്പറച്ചിലുകൾ ........ 39
സർപ്പബലി ........ 44
വദതു സംസ്കൃതം ........ 45
ഭാരതീയ പൈതൃക സന്ദേശം ........ 46
HYPERTENSION ........ 49
എന്റെ ബാലിയാത്ര ........ 51
സോഡിയം പൊട്ടാസ്യം ബാലൻസ് ........ 52
മാസഫലം ........ 56
മാട്രിമോണിയൽ ........ 57–66

**പത്രാധിപസമിതി**

കെ. പി. കൃഷ്ണമേനോൻ (മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)
പി. രാമചന്ദ്രൻ(വേണു)
കെ. ടി. മോഹനൻ
ഏ. മുരളീധരൻ
കെ. പ്രസന്നകുമാർ



(എഡിറ്റോറിയൽ)

# പ്രണാമം കാവ്യപ്രഭോ പ്രണാമം

ധന്യമായ ഒരു ജീവിതത്തെ കൂടി കാലം കവർന്നെടുത്തു. മലയാള ഭാഷയെ വാനോളം ഉയർത്തുവാൻ ശ്രമിച്ച ഭാഷാസ്നേഹി, ഹൃദയ വികാരങ്ങളെ തൊട്ടറിഞ്ഞ കവി, പാടുപെടുന്നവനു വേണ്ടി പാട്ടുപാടിയ പാട്ടുകാരൻ, മാനുഷിക മൂല്യങ്ങൾക്ക് മറ്റെന്തിനെക്കാളും മാഹാത്മ്യം കല്പിച്ച മനുഷ്യസ്നേഹി, നാടക ഗാനങ്ങളിലൂടെയും സിനിമാഗാനങ്ങളിലൂടെയും മലയാളിയുടെ മനസ്സിനെ സംഗീത സാന്ദ്രമാക്കിയ ഗാനരചയിതാവ്, അദ്വിതീയമായ ഭാവനാ വിലാസവും ഹൃദയാവർജ്ജകമായ വാക്വൈഭവം കൊണ്ട് മലയാള കാവ്യശാഖയെ വിശ്വപ്രശസ്തിയിലേക്കുയർത്തിയ മഹാകവി, ജ്ഞാനപീഠ പുരസ്കാരം പത്മവിഭൂഷൻ തുടങ്ങി അനേകം പുരസ്കാരങ്ങളാൽ ആദരിക്കപ്പെട്ട മഹത്വ്യക്തിത്വം ഇങ്ങനെ എല്ലാമെല്ലാമായിരുന്ന, മലയാളിയുടെ അഭിമാനമായിരുന്ന ഒ.എൻ. വിയും കാലയവനികൾക്കുള്ളിൽ മറഞ്ഞു.

മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിയവരിൽ അഗ്രഗണ്യനായിരുന്ന ഒ.എൻ. വി ഇന്ന് മലയാളഭാഷയോട് പല കോണുകളിൽ നിന്നും, പ്രത്യേകിച്ച് വിദ്യാഭ്യാസവകുപ്പിൽ നിന്നും ഉണ്ടാകുന്ന ഭാഷാവഗണനകണ്ട് വേദനിച്ചിട്ടുണ്ടാകാം. ഭാഷയ്ക്ക് ലഭ്യമാകേണ്ട മാന്യത ലഭ്യമാക്കാത്തതിൽ ആ ഭാഷാസ്നേഹിയുടെ മനസ്സ് നൊമ്പരപ്പെട്ടിട്ടുണ്ടാകാം. തന്റെ ജീവിതം മുഴുവനും ഭാഷാപോഷണത്തിനായി അർപ്പിച്ച ആ കാവ്യോപാസകൻ ഭാഷാവിരുദ്ധരുടെ താണ്ഡവം കണ്ട് നെഞ്ചുപൊട്ടി കണ്ണീരോടെയായിരിക്കാം വിടചൊല്ലിയത്. അദ്ദേഹത്തിന്റെ സിനിമാഗാനങ്ങളിലെയോ, നാടകഗാനങ്ങളിലെയോ, കവിതകളിലെയോ ഒരു വരിയെങ്കിലും ചൊല്ലി ആത്മസുഖം അനുഭവിച്ചിട്ടില്ലാത്ത ഒരു മലയാളിപോലും ഉണ്ടാവില്ല. ചങ്ങമ്പുഴയ്ക്കു ശേഷം പ്രായ, വർണ്ണ, വർഗ്ഗ വ്യത്യാസമില്ലാതെ എല്ലാ മലയാളികളുടേയും ചുണ്ടുകളിൽ തത്തിക്കളിക്കുന്ന മധുര ഗീതങ്ങൾകൊണ്ട് മലയാളത്തെ അദ്ദേഹം കോരിത്തരിപ്പിച്ചു. സാഗരത്തിന്റെ ശാന്തതയും, തിരമാലകളുടെ തീവ്രതയും, മന്ദമാരുതന്റെ തലോടലും, കൊടുങ്കാറ്റിന്റെ തീക്ഷ്ണതയും എല്ലാം അദ്ദേഹത്തിന്റെ കവിതകളിലുണ്ട്. സമാനതകളില്ലാത്ത ആ വ്യത്യസ്ഥ ഭാവാവിഷ്കാരമാണ് അദ്ദേഹത്തെ ലക്ഷങ്ങളുടെ ആരാധനാപാത്രമാക്കിയത്. അതു തന്നെയാണ് അദ്ദേഹത്തിലെ കവിയുടെ വിജയവും.

1931 മെയ്മാസം 27 ാം തീയതി ചവറയിലെ ഒറ്റപ്ലാക്കൽ വീട്ടിൽ കൃഷ്ണകുറുപ്പിന്റെയും ലക്ഷ്മിക്കുട്ടിയമ്മയുടെയും മകനായി ജനിച്ച ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുകുറുപ്പ് എന്ന കുട്ടിയാണ് ഒ.എൻ.വി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ലോകപ്രശസ്ത കവിയായി, മലയാളിയുടെ സ്വകാര്യ അഭിമാനമായി വളർന്നത്. തന്റെ കാവ്യോപാസനയ്ക്ക് ഏറ്റവും കൂടുതൽ പ്രയോജനപ്പെടുന്നത് രാമായണ പഠനമായിരുന്നെന്ന് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി. ഭാഷാമികവ് ആർജിക്കാൻ അത് വളരെയേറെ സഹായമായിട്ടുണ്ട് എന്നുള്ളതിന്റെ തെളിവാണ് കൗമാര പ്രായത്തിൽ തന്നെ അദ്ദേഹത്തിന് തന്റെ ആദ്യ കവിതാ സമാഹാരം പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു എന്നുള്ളത്. ഒപ്പം സംസ്കൃത പണ്ഡിതനായിരുന്ന അച്ഛന്റെ പ്രേരണയും പ്രചോദനവും അദ്ദേഹത്തിന്റെ ഉള്ളിലെ കവിയെ തട്ടിയുണർത്തി. പിന്നെ അതൊരു പാരിജാതം പോലെ വിടർന്ന് പരിമളം പരത്തി. ഒരു കവിക്ക് ലഭിക്കാവുന്ന എല്ലാ സ്ഥാനമാനങ്ങളും അവാർഡുകളും അദ്ദേഹത്തെ തേടി എത്തി. ജ്ഞാനപീഠം, പത്മവിഭൂഷൺ തുടങ്ങിയ അത്യുന്നത ബഹുമതികൾ കൊണ്ട് രാജ്യം അദ്ദേഹത്തെ ആദരിച്ചു. കലാ സാംസ്കാരിക മേഖലയിലുള്ള എല്ലാ ബഹുമതികൾക്കും അദ്ദേഹം അർഹനായി. എന്നിട്ടും മലയാള തനിമ ഒട്ടും ചോർന്നു പോവാതെ സ്വതസിദ്ധമായ പുഞ്ചിരിയോടുകൂടി എല്ലാവരോടും സംവദിക്കുന്ന ഒ.എൻ.വി ലാളിത്യത്തിന്റെ പര്യായമായിരുന്നു. നിറകുടം തുളുമ്പില്ല എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതരീതി. അതുകൊണ്ട് തന്നെയാണ് തന്റെ മുഴുവൻ ശിഷ്യഗണങ്ങളുടെയും സ്നേഹാദരവിന് അദ്ദേഹം പാത്രീഭൂതനായത്. അങ്ങനെ എല്ലാവരുടയെും പ്രിയപ്പെട്ട ഒ.എൻ.വി സാറായും അദ്ദേഹം മാറി. ഏഴുപതിറ്റാണ്ട് കാലത്തോളം കവിതാ മലരുകൾ കൊണ്ട് അമ്മ മലയാളത്തിനെ പൂജിച്ച് ധന്യനായ ഒ.എൻ.വി, വേദനയോടെയെങ്കിലും അഭിമാനമുളവാക്കുന്ന ഓർമ്മ മാത്രമായി ഇന്ന്. മലയാളിയും മലയാളവും ഉള്ളിടത്തോളം കാലം തന്റെ കവിതകളിലൂടെ അദ്ദേഹം നമ്മോടൊപ്പമുണ്ടാവും. അദ്ദേഹത്തിന്റെ വിയോഗം സൃഷ്ടിച്ച വിടവ് നികത്താനാവുന്നതല്ല. ഈ തീരാനഷ്ടത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിനൊപ്പം, ഭാഷാസ്നേഹികളുടെ മൗനരോദനങ്ങൾക്കൊപ്പം കരയോഗ സൗഹൃദവും പങ്കുചേരുന്നു. ആ ഓർമ്മകൾക്കു മുമ്പിൽ അശ്രുപുഷ്പങ്ങൾ അർപ്പിക്കുന്നു. കാലം അങ്ങയുടെ ഭൗതീക ശരീരത്തെ കവർന്നെടുത്തെങ്കിലും കാലാതീതമായ അങ്ങയുടെ കാവ്യ പ്രപഞ്ചത്തിലൂടെ അങ്ങ് നിലനില്ക്കും. എന്നും...എന്നും... എന്നും...

പ്രണാമം കാവ്യപ്രഭോ! പ്രണാമം

# ജനറൽ സെക്രട്ടറിയുടെ പംക്തി

ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിൻെറ നവീകരണ പരിപാടി യുടെ അനുജ്ഞാ ചടങ്ങ് ഫെബ്രുവരി മാസം 28-ാം തീയതി രാവിലെ 10 മണിയോടു കൂടി പുലിയന്നൂർ നാരായണൻ അനുജൻ നമ്പൂതിരിപ്പാടിൻെറ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ചുറ്റുമതിൽ നിർമ്മാണം, നാലമ്പലം, ഓട്, പട്ടിക, ഉത്തരം, കട്ടില തുടങ്ങിയവയ്ക്ക് ആവശ്യമായ മരാമത്തു ജോലികൾ എന്നിവ ഏപ്രിൽ ആദ്യവാരത്തോടെ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കരയോഗത്തിൻെറ പോളിക്ലിനിക്കിൻെറ പ്രവർത്തനം സുഗമമായി നടന്നുവരുന്നു. പോളിക്ലിനിക്കിൻെറ സേവനം എല്ലാ അംഗങ്ങളും ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ചെറായി തൃക്കടക്കാപ്പിള്ളിയിലെ സ്ഥലത്തിൻെറ മധ്യഭാഗത്ത് ഉണ്ടായിരുന്ന കുടികിടപ്പ് അവകാശികളുടെ പത്ത് സെൻറ് സ്ഥലം കരയോഗം വാങ്ങുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

വിഷുവിനോടനുബന്ധിച്ച് ഏപ്രിൽ 14ന് വിഷുദിനത്തിൽ പതിവുപോലെ സദ്യകിറ്റ് വിതരണം ഉണ്ടായിരിക്കുന്നതാണ്. (5 പേർക്കുള്ളതാണ് ഒരു സദ്യകിറ്റ്). ഏപ്രിൽ 9 മുതൽ 12 വരെ 750 രൂപയടച്ച് കരയോഗം ഓഫീസിൽ മുൻകൂറായി കിറ്റ് ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ ഏപ്രിൽ 10 മുതൽ 14 വരെ പാലട പ്രഥമൻ ടി.ഡി.എം ഹാളിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

കരയോഗം നിയമാവലി 7(iii) പ്രകാരം ചാരിറ്റി ഫണ്ടിലേക്ക് തുക അടയ്ക്കാനുള്ളവരും കരയോഗത്തിൻെറ നവതിഫണ്ടിലേക്ക് 1000 രൂപ നൽകുവാനുള്ളവരും കുടിശ്ശിക തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എറണാകുളം കരയോഗത്തിൻെറ 29-ാമത് ശ്രീമദ് ഭാഗവത സപ്താഹം 2016 ഫെബ്രുവരി 21 മുതൽ 28 വരെ ആചാര്യൻ ബ്രഹ്മശ്രീ കൂനംപിള്ളി ശ്രീരാം നമ്പൂതിരിയുടെ നേതൃത്വത്തിൽ ടിഡിഎം ഹാളിൽ സമംഗളം നടന്നു.

എറണാകുളം കരയോഗത്തിൻെറ സഹകരണത്തോടെ ബീം നടത്തുന്ന പ്രതിമാസ പരിപാടി മാർച്ച് 18-ന് വൈകുന്നേരം 6.30ന് ടിഡിഎം ഹാൾ ഗംഗയിൽ ഇരിങ്ങാലക്കുട നടനകൈരളിയുടെ “ഗീത ഗോവിന്ദ സപ്തം” മോഹിനിയാട്ടം നടത്തപ്പെടുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ മാർച്ച് മാസ പരിപാടി കീചകവധം കഥകളി 22-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.15ന് ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തപ്പെടുന്നതാണ്.

കരയോഗത്തിൻെറ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹായവും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു.

**ജനറൽ സെക്രട്ടറി**





**ലക്ഷ്മി ദേവി നായർ**

# ബാലലോകം

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതുവത്സരത്തിൽ കൂട്ടുകാർ മനസ്സിനെ കൂടുതൽ ഉണർവുള്ളതാക്കാൻ പുതിയ തീരുമാനങ്ങളൊക്കെ എടുത്തിരിക്കുമല്ലോ? പുതിയ തലമുറക്കാരായ കുട്ടികൾ കൂടുതൽ സമയം ടിവി, മൊബൈൽ ഫോൺ, തുടങ്ങിയവയിലേക്ക് ശ്രദ്ധ തിരിക്കുന്നു എന്നത് പൊതുവായി എല്ലായിടത്തും കേൾക്കുന്ന ഒരു പരാതിയാണ്.

എല്ലാറ്റിനും ഒരു പരിമിതിയുണ്ട്; അമിതമായാൽ അമൃതും വിഷം എന്നൊരു ചൊല്ലു തന്നെയുണ്ട്. വായനയിലൂടെ മാത്രമേ കൂട്ടുകാർക്ക് മനസ്സിനെ വിശാലമാക്കാനാവു. വിദ്യാധനം സർവധനാ പ്രധാനം എന്നത് നൂറു ശതമാനം ശരിയാണ് കേട്ടോ. സമയം വെറുതെ കളയുകയെ അരുത്.

നമ്മുടെ മാതൃഭാഷയിലെ അക്ഷരങ്ങൾ എല്ലാം കൂട്ടുകാർക്കും ഇഷ്ടമാണല്ലോ. താഴെ കൊടുത്ത ചില അക്ഷരങ്ങൾ കൊണ്ട് വാക്കുകൾ ഉണ്ടാക്കാം.

അക്ഷരങ്ങൾ ത, മ, ചി, പ, ക, വി, കു എന്നീ അക്ഷരങ്ങൾ കൊണ്ട് 6 വാക്കുകൾ വീതം ഉണ്ടാക്കാം.

| ത | മ | ചി | പ | വി | കു |
|---|---|---|---|---|---|
| തനിമ | മന്ദാരം | ചികുരം | പകരം | വിരൽ | കുട്ടി |
| തരുമോ | മനസ്സ് | ചിരി | പകൽ | വിരിഞ്ഞു | കുതിര |
| തനിക്ക് | മകുടം | ചിലങ്ക | പൂരം | വീശുന്നു | കുറുമ്പ് |
| താല്പര്യം | മല | ചാമരം | പൂക്കൾ | വാനം | കുടിക്കുക |
| താഴ്മ | മാനസം | ചലനം | പുഞ്ചിരി | വാരിധി | കുമാരൻ |

**ഇനിയൊരു ഭാഗവത കഥ കേട്ടോളു.**

ഭഗവാൻ ശ്രീകൃഷ്ണന്റെ വരാഹാവതാരകഥ....

ഒരിക്കൽ ഭഗവൽഭക്തരായ സനകാദിമുനികൾ ഭഗവാനെ ദർശിക്കുവാനായി വൈകുണ്ഠത്തിൽ ചെന്നു. അവിടെ അവർ കണ്ട മനോഹരമായ കാഴ്ചകൾ വാക്കുകളെ കൊണ്ട് വർണിക്കാനാവില്ല. മുനിമാർ ഇതു കണ്ട് അത്ഭുതം കൂറി. ഗരുഡധ്വജത്തിൽ വരുന്ന ഭഗവാനെക്കാണാനുള്ള ആഗ്രഹത്തോടെ അകത്തേക്ക് പ്രവേശിക്കാൻ തുടങ്ങിയപ്പോൾ ദ്വാരകപാലകരായ ജയവിജയൻമാർ മുനിമാരെ തടഞ്ഞു. കോപിഷ്ഠരായ സനകാദികൾ അവരെ ശപിച്ചു. ശാപാഗ്നിയിലും ഹരിസ്മരണം ഉണ്ടാകണേ എന്നവർ ഭഗവാനോട് മനസ്സുരുകി പ്രാർത്ഥിച്ചു. മൂന്നു ജൻമങ്ങളിൽ വിരോധികളായി ജനിച്ച ശേഷം ശാപത്തിൽ നിന്ന് മോചനം നേടി എന്റെ സമീപത്തുതന്നെ വന്നു കൊള്ളും, ഭഗവാൻ പറഞ്ഞു. ഇവരാണ് ദിതിയുടെയും, കശ്യപന്റെയും മക്കളായി ഹിരണ്യകശിപു, ഹിരണ്യാക്ഷൻ എന്നീ അസുരൻമാരായി ജനിച്ചത്. ഹിരണ്യക്ഷൻ അതിഭയങ്കരമായി ഗർജിച്ചുകൊണ്ട് ലോകം കീഴടക്കി. ഈ അസുരൻ ഭൂമിദേവിയെ സമുദ്രത്തിലേക്ക് താഴ്ത്തി. സ്വായംഭുമനുവിന് പ്രജകളെ രക്ഷിക്കാൻ ഒരു വഴിയും ഇല്ലാതായി. അദ്ദേഹം ബ്രഹ്മാവിനോട് വിവരം ഉണർത്തിച്ചു. ഭൂമി വെള്ളത്തിൽ ആണ്ടു പോയിരിക്കുന്നു. ഇനി ഞാനെന്തു ചെയ്യട്ടെ ഭഗവാനെ ബ്രഹ്മാവ് ഭഗവാനോട് പറഞ്ഞു. അല്പ സമയം കഴിഞ്ഞപ്പോൾ ഒരത്ഭുതം സംഭവിച്ചു. അത് എന്തെന്ന് കുട്ടുകാർക്ക് അറിയണ്ടേ? ബ്രഹ്മാവിന്റെ മൂക്കിന്റെ അറ്റത്തുനിന്നും ഒരു പെരുവിരലിന്റെ വലുപ്പം മാത്രമുള്ള ബാല വരാഹം പ്രത്യക്ഷപ്പെട്ടു. വരാഹം എന്ന് പറഞ്ഞാൽ പന്നി. അതാരായിരിക്കാം. കൂട്ടുകാർ ഒന്ന് ഊഹിച്ചു നോക്കൂ. അത് നമ്മുടെ ഭഗവാൻ തന്നെയായിരുന്നു. ബ്രഹ്മാവ് ഭഗവാനെ വണങ്ങി. വരാഹം അതിവേഗത്തിൽ തന്നെ ഒരു മല പോലെ വലുതായി സമുദ്രത്തിലേക്ക് ചാടി. സാഗരത്തിൽ വിഹരിച്ചുകൊണ്ട് ഭൂമിയെ തിരഞ്ഞു. രണ്ടു കൂർത്ത പല്ലുകൾ കൊണ്ട് ഭൂമിയെ പൊക്കിയെടുത്ത് കൊണ്ടുവന്നു. പിന്നീട് അസുരനുമായി ഘോരമായി ഏറ്റുമുട്ടി. ഒടുവിൽ ഭഗവാൻ തന്റെ സുദർശനചക്രം കൊണ്ട് അസുരനെ വക വരുത്തി. ബ്രഹ്മാദിമുനിമാർ ശ്രീകൃഷ്ണ ഭഗവാനെ സ്തുതിച്ചു.

(രാഗപരിചയം)





# യദുകുലകാംബോജി

ഡോ. ജയലക്ഷ്മി
നന്ദകുമാർ

28-ാമത്തെ മേളകർത്താരാഗമായ ഹരികാംബോജിയുടെ ജന്യരാഗമാണ് യദുകുലകാംബോജി. പുരാതന സംഗീതഗ്രന്ഥങ്ങളായ സംഗീതമകരന്ദം, സംഗീതസമയസാരം, സംഗീത രത്നാകരം തുടങ്ങിയ ഗ്രന്ഥങ്ങളിലൊന്നും യദുകുലകാംബോജി എന്ന പേര് പരാമർശിച്ചു കാണുന്നില്ല.

ചില രാഗങ്ങളുടെ പേരിൽ തന്നെ അവയുടെ ഉത്ഭവത്തെകുറിച്ചുള്ള സൂചനയും ഉണ്ടായിരിക്കും. ചില സംഗീത വിദ്വാൻമാരുടെ  അഭിപ്രായമനുസരിച്ച്, എരുക്കല എന്ന ഗോത്ര വാസികൾ കാംബോജി എന്ന രാഗത്തെ വ്യത്യസ്ത രീതിയിൽ ആലപിച്ചു വന്നിരുന്നെന്നും അവർ പാടിയ ആ രാഗം എരുക്കല കാംബോജി എന്നറിയപ്പെടുകയും ചെയ്തിരുന്നു. സുബ്ബരാമ ദീക്ഷിതർ അദ്ദേഹത്തിന്റെ സംഗീത ഗ്രന്ഥമായ സംഗീതസമ്പ്രദായ പ്രദർശിനിയിൽ  എരുക്കല കാംബോജി  എന്നു പരാമർശിച്ചതായി കാണാം. ചില സംഗീതജ്ഞർ ഈ രാഗത്തിനു കുറച്ചു കൂടി ശാസ്ത്രീയത ഉള്ള പേരു വേണമെന്ന് ആഗ്രഹിക്കുകയും യദുകുലകാംബോജി എന്ന പേര് പ്രചാരത്തിൽ വരികയും ചെയ്തതായാണ് പൊതുവെ പറയപ്പെടുന്നത്. അങ്ങനെ തിരുത്തിയ നാമം നിലവിൽ വന്നത് ത്രിമൂർത്തികളുടെ കാലഘട്ടത്തിനു തൊട്ടു മുൻപാണ്. അതായത് 16-17 നൂറ്റാണ്ടിൽ. 17-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ സംഗീത ലോകത്ത് യദുകുലകാംബോജി രാഗം പരക്കെ അംഗീകാരം നേടുകയും ചെയ്തു.

ഗോവിന്ദാചാര്യയുടെ സംഗ്രഹചൂഢാമണിയിൽ ഹരികാംബോജിതോ യദുകുലകാംബോജി സംഭവ: എന്നു കാണാം. യദുകുലകാംബോധി എന്ന പേരും ഈ രാഗത്തിനുണ്ട്. കഥകളി സംഗീതത്തിൽ യദുകുലകാംബോജി എരിക്കില കാമോദരി എന്നറിയപ്പെടുന്നു. ഇതിൽ നിന്നൊക്കെ യദുകുലകാംബോജി എന്ന പേര് മാത്രമാണ് നൂതനം എന്നും രാഗം പുരാതനമാണെന്നും അനുമാനിക്കാം.

ആരോഹണം : സ രി മ പ ധ സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതുശ്രുതി രിഷഭം, അന്തര ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃ ശ്രുതി ധൈവതം, കൈശികി നിഷാദം

ശുദ്ധസാവേരിയുടെ ആരോഹണവും ഹരികാംബോജിയുടെ അവരോഹണവും ഇവിടെ ഒത്തുചേരുന്നു. ഔഡവ സമ്പൂർണ്ണ രാഗമാണിത്. മദ്ധ്യമം വളരെ മൃദുത്വത്തോടെയും ധൈവതം തീവ്രത കുറച്ചും ആലപിച്ചാൽ മാത്രമേ യദുകുലകാംബോജി രാഗത്തിന്റെ തനിമ വ്യക്തമാവുകയുള്ളു. ശെവ്വാഴി എന്ന തമിഴ് പൺ (രാഗം) സമാനത പുലർത്തുന്നു. പദം, ജാവലി, തുടങ്ങിയവയ്ക്ക് അനുയോജ്യമായ രാഗമാണിത്.

വളരെ പരിമിതമായ രാഗസഞ്ചാരമാണ് താരസ്ഥായിയിൽ ഈ രാഗത്തിനുള്ളത്. പ്രഭാതസമയം ഏറേ അനുയോജ്യമായി പറയുന്നു. കരുണ, ഭക്തി, യാചന, ദുഃഖം എന്നീ ഭാവങ്ങൾ പ്രകടിപ്പിക്കുന്നതിന് അനുയോജ്യമായ രാഗം. കരുണ ചെയ്വാനെന്തു താമസം കൃഷ്ണാ എന്ന ഇരയിമ്മൻ തമ്പിയുടെ പദം യദുകുലകാംബോജി രാഗത്തിലും ആലപിച്ചു വരുന്നു. ജയദേവരുടെ ഹരിരഭിസരതി  എന്ന അഷ്ടപദി ഈ രാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

## ഈ രാഗത്തിലുള്ള കൃതികൾ

1. ദിവാകരതനുജം (നവഗ്രഹ കീർത്തനം) - ആദി - മുത്തുസ്വാമി ദീക്ഷിതർ
2. ത്യാഗരാജം ഭജരേ - ത്രിപുട - മുത്തുസ്വാമി ദീക്ഷിതർ
3. ഹെച്ചരിഗ രാരാ - ഝംപ - ത്യാഗരാജസ്വാമി
4. ഭുജഗശായിനോ - ഏക - സ്വാതിതിരുനാൾ
5. കാമാക്ഷി (സ്വരജതി) - മിശ്രചാപ്പ് - ശ്യാമാശാസ്ത്രികൾ

## ചലച്ചിത്ര ഗാനങ്ങൾ

1. കൊട്ടും ഞാൻ കേട്ടില്ല - തച്ചോളി ഒതേനൻ
2. അമ്പലക്കുളങ്ങരെ - ഓടയിൽ നിന്ന്
3. നാഗരാദി എണ്ണയുണ്ട് - ദേവാലയം
4. അമ്പലവെളിയിലൊരാൽ തറയിൽ - സ്ത്രീ
5. എങ്ങുമെങ്ങും നിറയും വെളിച്ചമേ - മധുരസ്വപ്നം
6. തെക്കിനിക്കോലായച്ചുമരിൽ - സൂഫി പറഞ്ഞ കഥ
7. എന്തൊരു കഴിവെനി - അയോദ്ധ്യ
8. ഹംസഗാനമാലപിക്കും പരിണാംഗി - ഇനിയെത്ര സന്ധ്യകൾ

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം 2016 മാർച്ച്/ഏപ്രിൽ മാസത്തെ പരിപാടികൾ**

| തീയതി | ഇന്നത്തെ ചിന്താവിഷയം അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | Host | നമ്പർ |
|---|---|---|---|---|---|
| 17.03.2016 | പി.എ. ഭാനുമതി പിള്ള | ആർ. മോഹൻ കുമാർ (Rtd.DY.S.P.) | ശബരിമലയിൽ സ്ത്രീകളുടെ സാന്നിദ്ധ്യം? | ആർ. മോഹൻ കുമാർ & പി.എ.ഭാനുമതി പിള്ള | 862 |
| 24.03.2016 | | സി.രാമചന്ദ്രൻ (ISRO. Scientist) | ഭാവിയിൽ വരാനിരിക്കുന്ന ചില ശാസ്ത്ര വിസ്മയങ്ങൾ | വി.കെ.യു മേനോൻ | 863 |
| 31.03.2016 | പി.ജി. കൃഷ്ണൻ നായർ | ജി.ആർ.സി നായർ | പുരാണ കഥകളിലെ നിഗൂഢ തത്വങ്ങൾ | ജി.ആർ.സി നായർ | 864 |
| 07.04.2016 | എസ്.പി. പിള്ള | പി.ആർ ബാല കൃഷ്ണൻ | ശിഥില ചിന്തകൾ | പി.ആർ ബാല കൃഷ്ണൻ | 865 |
| 14.04.2016 | വിഷു ആകയാൽ യോഗം ഉണ്ടായിരിക്കുന്നതല്ല. | | | | |

# വിശേഷദിവസങ്ങൾ

## 2016 മാർച്ച് 17 മുതൽ ഏപ്രിൽ 14 വരെ

| | | |
|---|---|---|
| മാർച്ച് | 17 | രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ ആറാട്ട്, ശ്രീരാമ നവമി |
| | 18 | പെരുവനം പൂരം |
| | 23 | പൈങ്കുനി ഉത്രം, ശബരിമലയിൽ ആറാട്ട് |
| | 31 | കൊല്ലൂർ മൂകാംബിക രഥോത്സവം |
| ഏപ്രിൽ | 2 | നെൻമാറ വല്ലങ്ങിവേല |
| | 9. | കൊടുങ്ങല്ലൂർ ഭരണി, വേദവ്യാസ ജയന്തി |
| | 14 | വിഷു |

# കന്നിമൂല തുറന്ന് കിടക്കരുത്




ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ

അടുത്ത കാലത്ത് എറണാകുളത്ത് തറ പണി കഴിഞ്ഞ് 10 വർഷമായിട്ടും വീടുപണിയാൻ പറ്റാത്ത ഒരു സ്ഥലം സന്ദർശിക്കാനിട വന്നു. തന്നെയുമല്ല, തറ പണി തുടങ്ങിയ അന്നു മുതൽ നാട്ടുകാരും വീട്ടുകാരും എല്ലാവരുമായി അടുപ്പം കുറയുകയും, പലതരം മാനസിക പ്രശ്നങ്ങളും ഉണ്ടായി. ഒരു കാരണവശാലും പണി മുന്നോട്ട് കൊണ്ടു പോകാൻ കഴിഞ്ഞില്ല.

സ്ഥലം പരിശോധിച്ചപ്പോൾ, വീടിനു ചുറ്റും, മതിൽകെട്ടി തെക്കുപടിഞ്ഞാറെ ഭാഗം തുറന്നാണ് കിടന്നിരുന്നത്. ഈ ഭാഗത്തു കൂടിയാണ് വീട് പണിക്ക് ആവശ്യമായ സാമഗ്രികൾ കൊണ്ടു വരുന്നത്. മതിൽ കെട്ടുമ്പോൾ തെക്ക് പടിഞ്ഞാറെ ഭാഗം ഒരിക്കലും തുറന്നിടരുത്.

ഈ തറയുടെ തെക്കു ഭാഗത്ത് ഒരു കുളം ഉണ്ട്. കൂടാതെ പറമ്പ് കിഴക്കോട്ട് പോകും തോറും വീതി കുറഞ്ഞു വരുന്നു. അങ്ങിനെ വീതി കുറയുമ്പോൾ പറമ്പിന്റെ വടക്കു കിഴക്ക് ഭാഗം മുറിഞ്ഞു പോകുന്നു. താഴെ പറയുന്ന കാര്യങ്ങൾ ചെയ്താൽ ഈ വീടിന്റെ പണികൾ മുന്നോട്ട് പോകുന്നതായിരിക്കും.

1. വീടിന് സമാന്തരമായി വടക്കും കിഴക്കും ഒരു കുട്ടി മതിൽ 24 സെ.മി. ഉയരത്തിൽ പണിയണം.
2. ഈ പറമ്പിന്റെ തെക്കു ഭാഗത്തുള്ള കുളം നികത്തി കിഴക്കു ഭാഗത്തുള്ള കുളം നില നിറുത്തണം.
3. തെക്ക് പടിഞ്ഞാറെ മൂല അടച്ചു എല്ലാ സാധനങ്ങളും വടക്കു കിഴക്കേ മൂലയിൽ കൂടി കൊണ്ടു വരണം. ഈ പറമ്പിന്റെ പടിഞ്ഞാറുള്ള റോഡും, വടക്ക് കിഴക്ക് മൂലയിലേക്ക് ഒരു റോഡും ഉണ്ട്.
4. വടക്കു വശത്തുള്ള കുളം നിലനിറുത്തണം. വടക്ക് ഭാഗത്തുള്ള റോഡിൽ കൂടി പറമ്പിലേക്ക് പ്രവേശിക്കണം. പടിഞ്ഞാറെ ഭാഗത്തെ റോഡിലേക്ക് പ്രവേശിക്കണമെങ്കിൽ പടിഞ്ഞാറു വടക്ക് ഒരു ചെറിയ ഗേറ്റ് വെക്കാം.




വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10 -ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

# മനസ്സും ജീവിതവും



**വി.കെ.വേണുഗോപാൽ**

പുരാതനമായ നമ്മുടെ ഇതിഹാസത്തിൽ ഒരു കഥയുണ്ട്. അതിൽ പറയുന്നത് മനുഷ്യവംശത്തിന്റെ ആരംഭകാലത്ത് എല്ലാ മനുഷ്യരും ദേവൻമാരും ദേവതകളുമായിരുന്നുവെന്നാണ്. കാലക്രമത്തിൽ മനുഷ്യൻ അവന്റെ ഈശ്വരീയ ഗുണങ്ങൾ ദുർവിനിയോഗം ചെയ്യാൻ തുടങ്ങിയപ്പോൾ സകലതിന്റെയും സൃഷ്ടികർത്താവായ ബ്രഹ്മാവ് മനുഷ്യനിലെ ഈശ്വരീയ ഗുണങ്ങൾ അവൻ കണ്ടെത്താത്ത ഒരു സ്ഥലത്ത് സൂക്ഷിക്കാൻ തീരുമാനിച്ചു. ഭൂമിയിൽ എവിടെ കുഴിച്ചിട്ടാലും കടലിനടിയിൽ സൂക്ഷിച്ചാൽ പോലും മനുഷ്യൻ അത് കണ്ടെടുക്കുമെന്നു മനസ്സിലാക്കിയ ബ്രഹ്മാവ് മനുഷ്യൻ ഒരിക്കലും അന്വേഷിക്കുകയോ കണ്ടെത്തുകയോ ചെയ്യാത്ത ഒരു സ്ഥാനം കണ്ടെത്തി അവിടെ അവ കുഴിച്ചിട്ടു. ആ സ്ഥാനമാണ് മനുഷ്യന്റെ ഉപബോധമനസ്സ് അഥവാ ആത്മാവ് എന്നാണ് കഥ. സാധാരണക്കാരായ എല്ലാ മനുഷ്യരും മനുഷ്യന്റെ മനസ്സിന്റെ പത്തു ശതമാനം മാത്രം വരുന്ന ബോധമനസ്സിനെ മാത്രം ഉപയോഗിച്ച് ജീവിക്കുന്നവരാണ്. എല്ലാ സാധാരണ മനുഷ്യരുടെയും കണ്ണും കാതും മറ്റെല്ലാ ഇന്ദ്രീയങ്ങളും ബുദ്ധിശക്തിയും മറ്റുള്ളവരെയും മറ്റു വസ്തുക്കളെയും അറിയുന്നതിനും അല്ലെങ്കിൽ അവരെ അല്ലെങ്കിൽ അവയെ സ്വന്തം ആഗ്രഹങ്ങൾക്കനുസരിച്ച് മാറ്റിയെടുക്കുന്നതിനും തീവ്രമായി പരിശ്രമിക്കുകയുമാണ് ചെയ്യുന്നത്.

നമ്മുടെ മനസ്സിന്റെ തൊണ്ണൂറു ശതമാനം വരുന്ന ഉപബോധമനസ്സിൽ അഥവാ ആത്മാവിൽ യഥാർത്ഥ ഈശ്വരൻ ഉണ്ട് എന്നും ആ ഈശ്വരനെ ആശ്രയിച്ചാൽ സ്വർഗ്ഗരാജ്യം നേടാമെന്നും സാധാരണക്കാർ അറിയുന്നില്ല. അതുകൊണ്ടാണ് തത്വജ്ഞാനികളും മറ്റ് അറിവുള്ളവരും പറയുന്നത് മനുഷ്യർ ഉറക്കത്തിലാണ് അവരെ ഉണർത്തണം എന്ന്. മനുഷ്യന്റെ ഉള്ളിലുള്ള ഈശ്വരീയ ഗുണങ്ങൾ കണ്ടെത്തി അവയെ പ്രകടിപ്പിക്കാൻ തുടങ്ങുമ്പോൾ ഓരോ മനുഷ്യനും ദേവൻമാരെപോലെയും ദേവതമാരെ പോലയും

ആയിതീരുന്നതിന്റെ ഫലമായി നല്ല ആരോഗ്യവും, സന്തോഷവും സമ്പത്തും ധനവും മറ്റെന്തും ധാരാളമുള്ളവരായിത്തീരുന്നു. ഓരോ രംഗത്തും ഓരോ മഹാൻമാരും ഉയർന്ന സ്ഥാനങ്ങളിൽ എത്തിയിട്ടുള്ളത് ഈ രീതിയിലാണ്.

യോഗയിലൂടെയും ധ്യാനത്തിലൂടെയും പോസിറ്റീവ് ചിന്തകളും വികാരങ്ങളും ഉപയോഗപ്പെടുത്തുന്നയാൾ ഉയരങ്ങളിലെത്തുമെന്നും നെഗറ്റീവ് ചിന്തകളും വികാരങ്ങളും ഉപയോഗപ്പെടുത്തുന്നയാൾ മാനസീകവും, ശാരീരികവുമായ രോഗങ്ങളിലേക്കും തകർച്ചയിലേക്കും പോയിക്കൊണ്ടിരിക്കുമെന്നുമാണ് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളത്. നമുക്കു ചുറ്റുപാടുമുള്ളവരെ ശ്രദ്ധിച്ചാലും നമുക്കിത് മനസ്സിലാകും. ഒരാൾ സംസാരത്തിലൂടെയും പ്രവൃത്തിയിലൂടെയും പ്രകടിപ്പിക്കുന്ന സ്നേഹം, കരുണ, ക്ഷമ, നന്ദി മുതലായ പോസറ്റീവ് എനർജി അയാളെയും മറ്റുള്ളവരെയും നൻമയിലേക്കു നയിക്കുന്നു. അതേസമയം ചില സാധാരണക്കാർ അവരുടെ ബോധമനസ്സിൽ നിന്ന് പുറപ്പെടുവിക്കുന്ന അഹങ്കാരം, വൈരാഗ്യം, അസൂയ, ഭയം, കുറ്റബോധം, പരാജയബോധം, അമിതമായ സംശയം മുതലായവയും മറ്റുള്ളവരെ അനാവശ്യമായി കുറ്റപ്പെടുത്തുന്ന സ്വഭാവവും മറ്റു പലവിധത്തിലും വാക്കിലൂടെയും പ്രവൃത്തിയിലൂടെയും മറ്റുള്ളവരുടെ മനസ്സിനെ വൃണപ്പെടുത്തുന്ന സ്വഭാവവും അയാളെയും മറ്റുള്ളവരെയും തകർക്കുന്നു. നെഗറ്റീവ് വികാരങ്ങൾ വിനാശത്തിനുള്ളതാണ്. വാക്കുകൾക്ക് വളരെയേറെ ശക്തിയുണ്ട്. അതു പറയുന്നയാൾ മറന്നാലും കേൾക്കുന്നയാൾ മറക്കുകയില്ലെന്നു മാത്രമല്ല കേൾക്കുന്നയാളിൽ ആ വാക്കുകൾ പ്രവർത്തിക്കുകയും ചെയ്യും.

നെഗറ്റീവ് വികാരങ്ങൾ മാതാപിതാക്കൾ സ്വന്തം മക്കളോട് പ്രകടിപ്പിച്ചാലും അധ്യാപകർ വിദ്യാർത്ഥികളോട് പ്രകടിപ്പിച്ചാലും അനന്തര ഫ

ലം വലിയ ദുരന്തമായിരിക്കും. ഒരേ കുടുംബത്തിലുള്ളവർ തമ്മിൽ ഈ നെഗറ്റീവ് വികാരങ്ങൾ പ്രകടിപ്പിച്ചാലും കുടുംബത്തിൽ എത്രയേറെ സമ്പത്തുണ്ടെങ്കിലും കുടുംബത്തിലുള്ളവർ വിനാശത്തിലേക്കുതന്നെ പോകും. അതുകൊണ്ടാണ് നീ എന്തെല്ലാം നേടിയാലും നിനക്കു നിന്റെ ആത്മാവ് നഷ്ടപ്പെട്ടാൽ നേട്ടങ്ങൾ കൊണ്ട് എന്തു പ്രയോജനം എന്ന് യേശുക്രിസ്തു പറഞ്ഞിട്ടുള്ളത്. അതേസമയം പരസ്പരം സ്നേഹം, കരുണ, ക്ഷമ, നന്ദി മുതലായവ പ്രകടിപ്പിക്കും തോറും കുടുംബത്തിലുള്ളവരും വിദ്യാലയത്തിലെ വിദ്യാർത്ഥികളും സന്തോഷിക്കുകയും ഉയരങ്ങളിലെത്തുകയും ചെയ്യും. മനശ്ശാസ്ത്രത്തിലെ പ്രധാന പല ആശയങ്ങളും വേദങ്ങളിലും, ഉപനിഷത്തുക്കളിലും, മഹാഭാരതത്തിലും, രാമയണത്തിലും, ബൈബിളിലും ഖുർആനിലും, ബുദ്ധമതഗ്രന്ഥങ്ങളിലും ഉള്ളവ തന്നെയാണ്.

കുട്ടിയുടെ പാരമ്പര്യം ഒരു പ്രധാന ഘടകമാണെങ്കിൽപോലും കുട്ടികളെ നല്ലവരാക്കുന്നതും മോശക്കാരാക്കുന്നതും അവരുടെ ചില സാഹചര്യങ്ങളും വ്യക്തികളുമാണെന്നത് തീർച്ച. ചില മാതാപിതാക്കളിൽ നിന്നും ചില അദ്ധ്യാപകരിൽ നിന്നും ചില മാദ്ധ്യമങ്ങളിൽ നിന്നും കുട്ടിയിൽ കടന്നു കൂടുന്ന നെഗറ്റീവ് ഊർജ്ജം അമിതമാകുമ്പോൾ അവ ഉപബോധ മനസ്സിലേക്കു കടന്ന് ഉപബോധമനസ്സിലുള്ള നൈസർഗ്ഗീകമായ ആന്തരീക സൗഖ്യത്തെ ഇല്ലാതാക്കി ബോധമനസ്സിലൂടെ മോശമായ സംസാരവും പെരുമാറ്റമായും പ്രകടിപ്പിക്കാൻ തുടങ്ങും. അവരിൽ ചിലർ മനസ്സിന്റെ സ്വസ്ഥതക്കുവേണ്ടി ലഹരി വസ്തുക്കൾ ഉപയോഗിക്കാൻ തുടങ്ങുകയും മറ്റു ചിലർ മാനസിക രോഗികളാകാൻ തുടങ്ങുകയും ചെയ്യും. വേറെ ചിലർ സ്നേഹം പ്രകടിപ്പിക്കുന്ന ആരുടെയെങ്കിലും നിയന്ത്രണത്തിൽ ചെന്നുപെടുകയും ചെയ്യും. ഈ രീതിയിൽ തെറ്റായ സംസാരത്തിന്റെയും പ്രവൃത്തിയുടെയും ഫലമായി ഉണ്ടാകുന്ന പ്രശ്നങ്ങളിൽ നിന്നും കഷ്ടതകളിൽ നിന്നും മോചനം കിട്ടുന്നതിനായി തെറ്റായ സംസാരവും പ്രവൃത്തിയും നേരെയാക്കുന്നതിനുപകരം ചില മാതാപിതാക്കൾ കുട്ടിയെ കുറ്റപ്പെടുത്തുന്നതിനു പുറമെ കുട്ടിയെ നന്നാക്കുന്നതിനു വേണ്ടി ജോത്സ്യൻമാരെ സമീപിക്കുകയും ജോത്സ്യൻമാർ പറയുന്ന ക്ഷേത്രങ്ങളിൽ പോയി അവർ പറയുന്ന പൂജകളും വഴിപാടുകളുമെല്ലാം നടത്തി ധാരാളം പണം ചിലവാക്കുകയും ചെയ്യുന്നു. ആത്മാവിനെ സുഖപ്പെടുത്തുന്നതിനുള്ള ഔഷധം സ്നേഹമാണ്. നാം നമ്മളെ സ്നേഹിക്കുന്നതിനോടൊപ്പം നമുക്കു സ്നേഹമുള്ള നമ്മുടെ കുടുംബത്തിലുള്ളവരോടും കുടുംബത്തിനു പുറത്തുള്ളവരോടും സംസാരത്തിലൂടെയും പ്രവർത്തിയിലൂടെയും സ്നേഹം പ്രകടിപ്പിച്ചു കൊണ്ടിരിക്കണം. കാരണം സ്നേഹം ഉള്ളയാൾ സ്നേഹം പ്രകടിപ്പിച്ചാൽ മാത്രമേ മറ്റേയാൾക്ക് സ്നേഹം കിട്ടുകയുള്ളൂ.

# *വിഷുസദ്യ*

**എറണാകുളം കരയോഗം ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം വിഷുകിറ്റ് വിതരണം ചെയ്യുന്നു**

2016 ഏപ്രിൽ 14 (വ്യാഴം) വിഷുദിനത്തിൽ വിഷുകിറ്റ് ലഭിക്കും. വിഷുകിറ്റിൽ സാമ്പാർ, കാളൻ, അവിയൽ, ഓലൻ, എരിശ്ശേരി, മെഴുക്കുപുരട്ടി, അച്ചാർ, പാലട, പഴപ്രഥമൻ (ചോറ് ഒഴികെ) എന്നിവ ഉണ്ടായിരിക്കും. ആയതിന് 750 രൂപ കരയോഗം ഓഫീസിൽ നൽകി മുൻകൂർ ബുക്കു ചെയ്യേണ്ടതാണ്. ഏപ്രിൽ 9 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ വിഷു സദ്യകിറ്റിന് കരയോഗം ഓഫീസിൽ മുൻകൂറായി പണം അടക്കാവുന്നതാണ്. മുൻകൂർ പണം അടച്ച് ബുക്കു ചെയ്യുന്നവർക്ക് ഏപ്രിൽ 14ന് വിഷുദിനത്തിൽ സദ്യകിറ്റ് രാവിലെ 9 മണി മുതൽ 10 മണി വരെ ലഭിക്കുകയുള്ളൂ എന്ന് അറിയിച്ചു കൊള്ളുന്നു.

ഏപ്രിൽ 10,11,12,13,14 ദിവസങ്ങളിൽ പാലട പ്രഥമൻ ടി.ഡി.എം ഹാളിൽ ലഭിക്കുന്ന തായിരിക്കും.

ജനറൽ സെക്രട്ടറി



രാജലക്ഷ്മി. റ്റി. എസ്

# അർത്ഥത്തിനെന്തർത്ഥം

അർത്ഥത്തിനെന്താണർത്ഥം, ഒന്നുമേയില്ലയർത്ഥം
അനർത്ഥത്തിനെന്താണർത്ഥം, അർത്ഥങ്ങൾ പലതുണ്ട്
ജിവനിന്നർത്ഥമില്ല,ജീവിതത്തിന്നുമില്ല,
ജീവനത്തിന്നുണ്ടർത്ഥം, അക്രമത്തിനുണ്ടർത്ഥം
കാലത്തിനർത്ഥമുണ്ടോ? കാലനിന്നർത്ഥമുണ്ടോ?
മരണം വരിച്ചീടാ പോലും, കാലനെവേണ്ട
അർത്ഥമേതുമേയില്ലാ, ജീവിതം നയിച്ചിട്ടും
അർത്ഥത്തെ ഭയക്കേണം,കള്ളനെ പേടിയ്ക്കേണം
പീഢനം വരും വഴിയെപ്പോഴും സൂക്ഷിക്കണം,
പീഢനക്രമങ്ങൾ പലതുണ്ടെന്നുമോർമ്മിക്കണം
നേർവഴി സഞ്ചരിക്കും,ജനത്തിനേറെ ഭയം
നേർവഴി,ചരിക്കാത്തോർക്കൊട്ടുമേ ഭയമില്ല
അർത്ഥവും അനർത്ഥവും ഒന്നെന്ന് ധരിച്ചീടിൽ
നിർഭയം ജീവിച്ചീടാം, ജീവിതമാസ്വദിക്കാം.
അർത്ഥത്തെ സ്നേഹിക്കാതെ അനർത്ഥത്തെ ഭയക്കാതെ
ജീവിതം നയിക്കുവോർ, അർത്ഥസംപുഷ്ടരത്രേ!!!

# തെക്കേ അമ്മൻ കോവിലിലെ മീനഭരണി ഗുരുതി ഉത്സവം

എറണാകുളം ദിവാൻസ് റോഡിലുള്ള തെക്കേ അമ്മൻ കോവിലിലെ മീനഭരണി ഗുരുതി ഉത്സവം 2016 ഏപ്രിൽ 7,8,9 (1191 മീനം 25,26,27) തീയതികളിൽ വിവിധ കലാപരിപാടികളോടുകൂടി ആഘോഷിക്കപ്പെടുന്നതാണ്. ഏപ്രിൽ 9ന് ബ്രഹ്മശ്രീ പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിലാണ് വിശേഷാൽ വലിയ ഗുരുതി നടത്തപ്പെടുന്നത്. എല്ലാ ഭക്തജനങ്ങളുടെയും സാന്നിദ്ധ്യസഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊള്ളുന്നു.

# ആറേശ്വരം ധർമ്മശാസ്താക്ഷേത്രം

രാധാ ദാമോദരൻ



മധ്യകേരളത്തിലെ ശബരിമല എന്ന പേരിൽ വിഖ്യാതമായ ആറേശ്വരം മഹൽ ക്ഷേത്രം മുകുന്ദപുരം താലൂക്കിൽ മറ്റത്തൂർ വില്ലേജിൽ കോടശ്ശേരിമലയുടെ പടിഞ്ഞാറെ താഴ്ന്ന തണ്ടിന്റെ മുകളിൽ സ്ഥിതി ചെയ്യുന്നു. ഈ ക്ഷേത്രം പരിസരവാസികൾക്ക് പുണ്യഭൂമിയാണ്. ഭാർഗ്ഗവരാമൻ പ്രതിഷ്ഠിച്ചതാണെന്ന് വിശ്വസിക്കപ്പെടുന്ന ഈ ക്ഷേത്രം ടിപ്പുവിന്റെ പടയോട്ടക്കാലത്താണ് ക്ഷയിച്ചു പോയതെന്ന് പഴമക്കാർ കരുതിയിരുന്നു.

ഇവിടെ ആറ് ദൈവങ്ങൾ കുടികൊള്ളുന്നു. ഇവർ മഹാദേവൻ, ശ്രീ പാർവ്വതി, ശ്രീ സുബ്രഹ്മണ്യൻ, വിഘ്നേശ്വരൻ, ഭദ്രകാളി, ശാസ്താവ് എന്നിവരാണ്. എന്നാൽ ധർമ്മശാസ്താവിനാണ് ഇവിടെ പ്രാധാന്യം. ആറേശ്വരം എന്ന് പറഞ്ഞാൽ ധർമ്മ ശാസ്താക്ഷേത്രം എന്ന നിലയിലാണ് പ്രശസ്തിയും.

ഈ ഭഗവാനെ ഇരിങ്ങാലക്കുട ഗ്രാമക്കാർ പരദൈവമായി ഭജിച്ചിരുന്നുവത്രെ. ഏതായാലും ഇവിടെ വിവരിക്കുവാൻ പോകുന്ന സംഭവം നടന്ന കാലത്ത് ഈ ക്ഷേത്രം ഏതാണ്ട് വിസ്മൃതിയിൽ പെട്ട് കിടക്കുക തന്നെയായിരുന്നു.

അന്നത്തെ മുകുന്ദപുരം തഹസിൽദാർ പരമ ഭക്തനും അനപത്യതകൊണ്ട് അതീവ ദുഃഖിതനുമായിരുന്നു. ശുദ്ധാത്മാവെന്നും സത്യസന്ധനെന്നും പ്രസിദ്ധാനായിരുന്ന അദ്ദേഹം ഒരു ദിവസം കോടശ്ശേരി മലയിൽ സർവ്വേ നടത്തുവാൻ പോയി. തന്റെ പ്യൂണും പ്രിയപ്പെട്ടവനുമായിരുന്ന കൊരട്ടി പുതിയാട്ടി നാരായണൻ നായരോടൊപ്പം മറ്റത്തൂർ കുന്നിലെത്തി. എവിടെ ചെന്നാലും എന്തു പ്രവൃത്തി തുടങ്ങുമ്പോഴും പ്രാർത്ഥിക്കുന്ന സ്വഭാവക്കാരനായിരുന്നു അദ്ദേഹം. പ്രാർത്ഥനാ നിരതനായിരിക്കെ പെട്ടെന്ന് ഒരശരീരി കേട്ടു. ഈ മലയിൽ ആറ് ഈശ്വരൻമാർ ഉണ്ട്. അവരെ ഉദ്ധരിക്കുക, സന്തതിയുണ്ടാകും. കുട്ടിയെ കൂടൽമാണിക്യത്തിന് അടിമകിടത്തുക. തഹസിൽ ദാർ സ്തബ്ധനായി. നാരായണൻ നായരോട് എന്തെങ്കിലും ശബ്ദം കേട്ടോ എന്ന് തിരക്കി. അയാൾ ഒരു ശബ്ദവും കേട്ടില്ലെന്ന് പറഞ്ഞു. ആ ദിവ്യമായ ശബ്ദം ഭക്തനായ അദ്ദേഹത്തിന് മാത്രം കേൾക്കാനുള്ളതായിരുന്നു.

തഹസിൽദാർ പരിഭ്രമിച്ച് പ്യൂണിനേയും കൂട്ടി മലയിലെങ്ങും ഈശ്വരചിന്തയോടെ അലഞ്ഞു. അപ്പോഴതാ കണ്ണിന് കർപ്പൂരമായി ആറു വിഗ്രഹങ്ങൾ ഒരു മരച്ചുവട്ടിൽ കിടക്കുന്നു. താൻ കേട്ടത് ദിവ്യമായ ഒരു അരുളപ്പാടായിരുന്നെന്നും തന്റെ മനോവിഭ്രാന്തിയല്ലെന്നും ധരിച്ച അദ്ദേഹം ഉടൻ തന്നെ സ്വന്തം കൈകൾകൊണ്ട് കളകൾ പറിച്ച് മറിഞ്ഞുകിടന്ന വിഗ്രഹങ്ങൾ എടുത്തു വച്ച് സാഷ്ടാംഗം നമസ്കരിച്ചു.

പിന്നെ ഒട്ടും താമസിച്ചില്ല. നേരെ തൃപ്പൂണിത്തുറയിലെത്തി, മഹാരാജാവിനെ മുഖം കാണിച്ചു. അന്ന് കൊച്ചി ഭരിച്ചിരുന്നത് ശ്രീമാനെന്ന് പ്രസിദ്ധനായിരുന്ന, പിന്നീട് മദ്രാസിൽ തീപ്പെട്ട മഹാരാജാവായിരുന്നു. സ്ഥാനത്യാഗം ചെയ്ത മഹാരാജാവിന്റെയും തന്റേയും സ്പെഷ്യൽ ടൂർ ഓഫീസറായിരുന്ന തഹസിൽദാരെക്കുറിച്ച് വലിയ വാത്സല്യവും വിശ്വാസവുമായിരുന്നു. ത

ഹസിൽദാരുടെ പരിമിതമായ കഴിവുവെച്ച് ഒരു ക്ഷേത്രം പണിയുവാനുള്ള അനുമതി അദ്ദേഹം കല്പിച്ചു നല്കി. കൃതാർത്ഥനായ തഹസിൽദാർ വളരെ ചെറിയ തോതിൽ ഒരു ക്ഷേത്രത്തിന് വേണ്ടുന്ന കെട്ടിടവും കിണറു മെല്ലാം യഥാവിധി തീർപ്പിച്ചു, ദർശനം നടത്തി ഭഗവൽസ്മരണയോടെയിരുന്നു.

ധർമ്മശാസ്താവിന്റെ കൃപാകടാക്ഷത്തെക്കുറിച്ച് എന്തിനധികം പറയണം. പത്താം മാസത്തിൽ അദ്ദേഹത്തിന്റെ ധർമ്മപത്നി ഒരു പെൺകുട്ടിയെ പ്രസവിച്ചു. കൂടൽ മാണിക്കത്തിലെ നടതുറക്കുന്ന വെടി കേട്ട സമയത്തായിരുന്നു ജനനം. അക്കാലത്ത് അദ്ദേഹം ഇരിങ്ങാലക്കുട പൂത്തില്ലത്ത് മനവക ഒരു ഗൃഹത്തിലാണ് വാടകയ്ക്ക് താമസിച്ചിരുന്നത്.

ഈ കുട്ടിക്ക് ശാസ്താവിന്റെ പ്രത്യേകമായ അനുഗ്രഹമുള്ളതിന്റെ തെളിവുകളേറെയാണ്. സരസകവി കുണ്ടനിഗോവിന്ദനാശാന്റെ വരികൾ ഇവിടെ ഉദ്ധരിക്കാം.

മന്ദന്റെ മൂലക്ഷേത്രമാകിയ കുംഭംരാശി
തന്നെയിശ്ശിശുവിന്റെ ലഗ്നമായും ഭവിച്ചു തേ
എന്നു മല്ലസിതന്റെ ദശയാണഷ്ടമത്തിൽ
തന്നെയാകുന്നു സൂര്യനന്ദനൻ നില്ക്കുന്നതും
അഷ്ടമസ്ഥനാംഛായാനന്ദനനിഷ്ടനാകു
മഷ്ടമലഗ്നബന്ധമായുവൃദ്ധിദമത്രെ!
ഖേചര ദേവസങ്കല്പത്തിങ്കൽശ്ശനൈശ്ചര
ഖേടനാകുന്നു ശാസ്താവിക്കഥ ചിത്രമല്ലോ.

പഴയകാലത്ത് സ്വഗൃഹത്തിൽവെച്ച് ക്രിയാദികളോടു കൂടിയാണ് ചോറൂണ് നടത്താറുള്ളത്. ഈ ബാലികയുടെ നാമകരണകർമ്മവും ചോറൂണും കഴിഞ്ഞയുടൻ ആദ്യമായി ധർമ്മ ശാസ്താവിനെ തൊഴുവിക്കാൻ വേണ്ട ഏർപ്പാടുകളും അതിനോടനുബന്ധിച്ച് അനേകം വഴിപാടുകളും ഏർപ്പാടു ചെയ്തു. അപ്പോളതാ വരുന്നു ഇടിവാൾ പോലൊരു രാജകീയ ശാസനം. തിരുവിതാംകൂർ മഹാരാജാവിന്റെ എഴുന്നള്ളത്തിന് സ്പെഷ്യൽ ഓഫീസറായി കൊച്ചി മഹാരാജാവ് ഇദ്ദേഹത്തെയാണു നിശ്ചയിച്ചത്. വ്യസനാക്രാന്തനായ ആ ശുദ്ധാത്മാവ് അഹോരാത്രം ആറേശ്വരത്തപ്പനെ വിളിച്ചു പ്രാർത്ഥിച്ചു. എഴുന്നള്ളത്തിന്റെ രണ്ടുദിവസം മുമ്പ് താപാഗ്നിയിൽ കുളിർമഴ പെയ്തു കൊണ്ട് മറ്റൊരു കല്പന കയ്യിൽ കിട്ടി. വഞ്ചീശന്റെ എഴുന്നള്ളത്ത് തീയതി നീട്ടിയിരിക്കുന്നു!! കുട്ടിയെ പിന്നീടു കൂടൽമാണിക്യ സ്വാമിക്ക് അടിമ കിടത്തുകയും വഴിപാടുകൾ നടത്തുകയും ചെയ്തു.

സന്താനമില്ലാതെ ദുഃഖിച്ചിരുന്ന അനേകമാളുകൾ ഇവിടെ വഴിപാടുകൾ കഴിക്കുവാനും മറ്റുമായി വന്നുതുടങ്ങി.

ഈ അത്ഭുത കഥയ്ക്ക് അന്ന് വലിയ പ്രചാരം സിദ്ധിച്ചു. ഭക്തസഹസ്രങ്ങൾ ഇവിടേയ്ക്ക് ഒഴുകി. മഹാരാജാവിന്റെ മകൾ കരിമ്പറ്റ് രത്നക്കുട്ടിയും മലകയറിയവരിൽ ഉൾപ്പെടുന്നു.

ഈ ഭഗവാന്റെ ശക്തിയെക്കുറിച്ച് ഒരു കഥ പറയാം. മലവക കാര്യങ്ങൾക്കു പ്രത്യേകം എഞ്ചിനീയറായിരുന്ന ഗ്രബു സായ്‌വ് ഒരിക്കൽ ഈ മലയിൽ സഞ്ചരിക്കവെ, ആരോ ഒരാൾ അദ്ദേഹത്തോട് വിളിച്ചാൽ വിളികേൾക്കുന്ന ശാസ്താവാണിവിടെ ഇരിക്കുന്നത് എന്ന് പറഞ്ഞു.

ഉടനെ സായ്‌വ് വിളിച്ചു. വിളികേൾക്കാത്തതു മൂലം കോപിച്ചു. ധിക്കാരിയായ അദ്ദേഹം ബിംബവും എടുത്തുകൊണ്ടുപോയി ചാലക്കുടിയിലെ ബംഗ്ലാവിൽ വെച്ചു. അന്ന് രാത്രി സായ് വിനും മദാമ്മയ്ക്കും മുറക്ക് പ്രഹരം കിട്ടി. ഭയന്ന് വിറച്ച സായ്‌വ് പിറ്റെദിവസം തന്നെ വിഗ്രഹം ഇവിടെ കൊണ്ടുവന്നു വെയ്ക്കുകയും പ്രായശ്ചിത്തങ്ങളും വഴിപാടുകളും നടത്തി ദേവനെ വണങ്ങുകയും ചെയ്തു.

ദേവസ്വം ഏറ്റെടുക്കുന്നതിന് മുമ്പായി, അന്ന് ഇത് നോക്കി നടത്തിയിരുന്ന ആൾക്കാരിൽ നിന്ന് അദ്ദേഹത്തിന് ഒരു കത്തു ലഭിച്ചു. ഇതേറ്റു നടത്തുവാൻ തയ്യാറുണ്ടോ എന്നായിരുന്നു അവർക്ക് അറിയേണ്ടിയിരുന്നത്. എനിക്ക് ദേവനെക്കൊണ്ട് പണമുണ്ടാക്കേണ്ട, ദേവസ്വം തന്നെ ഭംഗിയായി ഭരിക്കട്ടെ എന്നായിരുന്നു അദ്ദേഹമെഴുതിയ മറുപടിയുടെ സാരം.

മലമുകളിലുള്ള ഈ ക്ഷേത്രത്തിൽ ഭക്തി സംവർദ്ധകങ്ങളായ പരിപാടികൾ, സാംസ്ക്കാരിക സമ്മേളനങ്ങൾ തുടങ്ങിയവ നടത്താനുള്ള സൗകര്യങ്ങൾ കുറവാണ്. സാധനസാമഗ്രികളും കാര്യമായിട്ടില്ലെന്നാണ് അറിവ് വികസത്തിന് സാമ്പത്തിക സഹായം അത്യാവശ്യമാണെന്ന് ഭക്തജനങ്ങളെ അറിയിച്ചുകൊള്ളട്ടെ.

ഈ ക്ഷേത്രം നിർമ്മിതമായിട്ട് ഉദ്ദേശം തൊണ്ണൂറ്റിയഞ്ച് വർഷങ്ങളായിട്ടുണ്ടാവും. ഭഗവൽ കൃപയാൽ ജനിച്ച ആ വനിത ഉദ്ദേശം രണ്ടു വർഷങ്ങൾക്കു മുമ്പ് തൊണ്ണൂറ്റി രണ്ടാം വയസ്സിൽ ഭഗവാനിൽ ലയിച്ചു. എറണാകുളം ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂളിലെ അദ്ധ്യാപിക യായിരുന്നു അവർ. പേര് രാജേശ്വരി.

തഹസിൽദാർക്ക് അഞ്ചൽ സൂപ്രണ്ടായി പ്രമോഷൻ ലഭിച്ചു. അദ്ദേഹത്തിന്റെ സത്യസന്ധതയേയും നിസ്വാർത്ഥമായ സേവനങ്ങളേയും അഭിനന്ദിച്ചുകൊണ്ട് മഹാരാജാവ് ദർബാർ വിളിച്ചുകൂട്ടി അദ്ദേഹത്തിന് വീരശൃംഖല സമ്മാനിച്ചു അദ്ദേഹം എറണാകുളത്തുകാരനായിരുന്നു; രവിപുരം സദേശി ടി. പി. ദാമോദരനുണ്ണി.

ആ ശ്യാമ കോമള വിശാല തനും വിചിത്രം
വാസോദധാനമരുണോല്പല ദാമഹസ്തം
ഉത്തുംഗരത്നമകുടം കുടിലാഗ്രകേശം
ശാസ്താരമിഷ്ടവരദം പ്രണതോസ്മി നിത്യം

# ദേശസ്നേഹത്തിന്റെ കെടാവിളക്ക്



ഇന്ദിരാഭായി

ജനങ്ങളുടെ മേലുള്ള സ്വാധീനശക്തിയെ വൈദേശികാധിപത്യത്തിനെതിരെ വിദഗ്ദ്ധമായുപയോഗപ്പെടുത്തിയ ആധുനിക ഭാരതത്തിലെ ധീരനേതാവായിരുന്നു വേലുത്തമ്പി ദളവ.



തിരുവിതാംകൂർ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗപദവിയായ ദളവ സ്ഥാനം വഹിച്ചിരുന്ന ആളായിരുന്നു ചെമ്പകരാമൻ തമ്പി എന്ന വേലുത്തമ്പി ദളവ. ചരിത്രഗ്രന്ഥത്താളുകളിലൂടെയും സിനിമ, നാടകം, പ്രതിമകൾ എന്നിവയിലൂടെയും തപാൽ സ്റ്റാമ്പുകളിലൂടെയും വേലുത്തമ്പിയെക്കുറിച്ചുള്ള ഓർമ്മകൾ കേരള സമുഹത്തിൽ ഇന്നും നിലനില്ക്കുന്നു. 1802 മുതൽ 1809 മാർച്ച് 18 വരെയായിരുന്നു അദ്ദേഹം ദളവ സ്ഥാനം വഹിച്ചിരുന്നത്. അന്നത്തെ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഭാഗമായ നാഗർകോവിലിനടുത്തുള്ള കൽക്കുളം എന്ന ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്. വേലായുധൻ തമ്പി എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്. മഹാരാജാവിൽ നിന്നും ചെമ്പകരാമൻ എന്ന പട്ടം പരമ്പരാഗതമായി ലഭിച്ചിരുന്നവരായിരുന്നു അദ്ദേഹത്തിന്റെ കുടുംബക്കാർ. അദ്ദേഹത്തിന്റെ അച്ഛന്റെ പേര് കുഞ്ഞുമായിട്ടിപിള്ളയെന്നും അമ്മയുടേത് വള്ളിയമ്മത്തങ്കച്ചിയെന്നുമായിരുന്നു. വേലുത്തമ്പി എന്നാണദ്ദേഹം ചെറുപ്പം മുതലേ അറിയപ്പെട്ടിരുന്നത്. കൊല്ലവർഷം 959-ാം മാണ്ടിൽ കാർത്തിക തിരുനാൾ മഹാരാജാവിന്റെ യാത്രാമദ്ധ്യേ മറവൻമാർ അദ്ദേഹത്തിന്റെ സാധനങ്ങൾ കൊള്ളയടിക്കുകയുണ്ടായി. മോഷ്ടാക്കളെ കണ്ടുപിടിക്കാനുള്ള ശ്രമം ഫലിക്കാതെ വന്നപ്പോൾ രാജാവ് വേലുത്തമ്പിയുടെ കുടുംബത്തിന്റെ സഹായം അഭ്യർത്ഥിച്ചു. വേലുത്തമ്പിയുടെ സഹായത്താൽ കവർച്ചക്കാരെ പിടികൂടുകയും മോഷ്ടിക്കപ്പെട്ട സാധനങ്ങൾ വീണ്ടെടുക്കുകയും ചെയ്തു.

കാർത്തിക തിരുനാൾ മഹാരാജാവിനാൽ അനുഗ്രഹിതനായ വേലുത്തമ്പിക്ക് അദ്ദേഹത്തിന്റെ ഇരുപതാമത്തെ വയസ്സിൽ കൊട്ടാരത്തിൽ കാര്യക്കാര

നായി ജോലി ലഭിച്ചു. രാജാകേശവദാസായിരുന്നു അന്നത്തെ തിരുവിതാംകൂർ ദളവ. കാർത്തിക തിരുനാൾ നാടു നീങ്ങിയപ്പോൾ 16 വയസ്സുണ്ടായിരുന്ന അവിട്ടം തിരുനാൾ രാമവർമ്മ രാജാവ് സ്ഥാനാരോഹണം ചെയ്തു. ഭരണകാര്യങ്ങളിൽ അറിവും വിവേകവും കുറവായിരുന്ന അദ്ദേഹം സേവകൻമാർക്കു വശംവദനായാണ് ഭരണം നടത്തിയിരുന്നത്. അദ്ദേഹം സ്ഥാനമേറ്റ കാലത്താണ് വേലുത്തമ്പി കൊട്ടാരത്തിലെ കാര്യക്കാരനായി നിയമിതനാകുന്നത്.

1802 ഏപ്രിൽ 15 നാണ് വേലുത്തമ്പി ദളവയാകുന്നത്. ഏഴുവർഷത്തോളം അദ്ദേഹം ഭരണം നിർവ്വഹിച്ചു. ഭരണക്കാലത്തിന്റെ മുക്കാൽ പങ്കും രാജ്യം ഏറ്റുവാങ്ങിയ കടം വീട്ടുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായും ബ്രിട്ടിഷ് വിരുദ്ധപട ശേഖരിക്കുന്നതിന്റെ ഭാഗമായും നീങ്ങിയതിനാൽ ഭരണപരമായ കാര്യങ്ങൾക്ക് വേണ്ടത്ര സമയം അദ്ദേഹത്തിന് ലഭിച്ചിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ ഭരണകാലത്ത് നിരവധി ചന്തകളും, താവളങ്ങളും, ക്ഷേത്രങ്ങളും പണിയുകയുണ്ടായി. സാമ്പത്തികരംഗം മെച്ചപ്പെടുത്താനും അതുവഴി ഖജനാവിലേക്കുള്ള വരവു വർദ്ധിപ്പിക്കുവാനും അദ്ദേഹം ശ്രമിച്ചു കൊണ്ടിരുന്നു. എന്നാൽ പ്രതീക്ഷക്കൊത്ത് കടം വീട്ടുവാനോ ബ്രിട്ടീഷുകാർക്കു കൊടുക്കേണ്ടതായ കപ്പം കൊടുക്കു വാനോ കഴിഞ്ഞില്ല. ഖജനാവിൽ പണമില്ലാത്തതായിരുന്നു അദ്ദേഹത്തെ ഏറ്റവും കൂടുതൽ അലട്ടിയിരുന്നത്. സാമ്പത്തിക രംഗം ശോചനീയമാണെങ്കിലും ക്ഷേത്രങ്ങൾ പുനരുദ്ധരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ക്ഷേത്രസംരക്ഷണവും അക്കാലത്ത് രാജാക്കൻമാരുടെ ചുമതലയായി കണക്കാക്കിയിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലം ചരിത്രത്തിലെ സുവർണ്ണകാലഘട്ടമായി ചിത്രീകരിച്ചിട്ടുമുണ്ട്. രാജ്യത്തൊട്ടാകെ കണ്ടെഴുത്തു നടത്തിയതും തലയോലപ്പറമ്പിലും ചങ്ങനാശ്ശേരിയിലും ചന്തകൾ സ്ഥാപിച്ചതും കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ പട്ടണം വികസിപ്പിച്ചതും അദ്ദേഹത്തിന്റെ ഭരണകാലത്താണ്. ശുചീന്ദ്രത്തെ കൈലാസ പർവ്വതവാഹനം, കുമാരികോവിലിലെ വെള്ളിക്കുതിര എന്നിവ ഉണ്ടാക്കിച്ചതും ശുചീന്ദ്രത്ത് വേദാദ്ധ്യായനത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയതും വേലുത്തമ്പി ദളവയാണ്.

വേലുത്തമ്പി ദളവയുടെ പേരിനോടൊപ്പം ചരിത്രത്താളുകളിൽ ഇടം നേടിയ ക്ഷേത്രമാണ് മണ്ണടിക്കാവ് ഭഗവതി ക്ഷേത്രം. ഈ ക്ഷേത്ര പരിസരങ്ങൾക്കും ക്ഷേത്രമുറ്റത്തിനും അദ്ദേഹത്തെക്കുറിച്ച് ധാരാളം പറയാനുണ്ടാകും. മണ്ണടിദേശാധിപൻമാരായിരുന്ന നായൻമാരുടെ വകയായി സൈന്യശേഖരമുണ്ടായിരുന്നു. സൈനികരെ ആയോധന വിദ്യകളഭ്യസിപ്പിച്ചിരുന്ന കളരികളും അവിടെ പ്രതിഷ്ഠിച്ചിട്ടുള്ള കളരിദേവതാ പ്രതിഷ്ഠകളും ഇന്നും കാണാവുന്നതാണ്. ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് ഈ സ്ഥലത്തിന് മണ്ണടി എന്ന പേരു കിട്ടിയത്. പണ്ട് വലിയ കാടായിരുന്ന ഇന്നു ക്ഷേത്രം നില്ക്കുന്ന സ്ഥലത്ത് പുല്ലറുക്കുവാൻ വന്ന സ്ത്രീകളിലൊരാൾ അരിവാളിനു മൂർച്ച കൂട്ടാൻ കല്ലിൽ ഉരച്ചപ്പോൾ ശിലയിൽ നിന്നും രക്തം പ്രവഹിക്കുന്നതു കണ്ടു ഭയന്നു നിലവിളിച്ചു. ഓടിക്കൂടിയ ആളുകൾ മണ്ണു വാരി അടിക്കാൻ പറയുകയും അങ്ങനെ ചെയ്തപ്പോൾ രക്ത പ്രവാഹം നിലയ്ക്കുകയും ചെയ്തു. മണ്ണ് വാരി അടിച്ച സ്ഥലമാണ് മണ്ണടി. ഈ

സമയം ഒരു വെളിച്ചപ്പാട് ഉറഞ്ഞു തുള്ളി അവിടെയെത്തുകയും സ്വയം ഭൂവായ ഭദ്രകാളി ബിംബമാണെന്നു പറയുകയും ചെയ്തു. അദ്ദേഹം പറയുന്ന കാര്യങ്ങൾ ഫലിക്കുകയും അത്ഭുതങ്ങൾ കാണിക്കുകയും ചെയ്തപ്പോൾ ആളുകൾക്ക് അദ്ദേഹത്തിലുള്ള ഭയഭക്തി വിശ്വാസം വർദ്ധിച്ചു. ഭഗവതിയുടെ വെളിച്ചപ്പാടായി അദ്ദേഹത്തെ വാഴിച്ചു. ഭഗവതിയുടെ വെളിച്ചപ്പാടിനെ കാമ്പിത്താൻ എന്നാണ് പറയുന്നത്. കാമ്പിത്താന് അസാധാരണമായ ദിവ്യശക്തിയുണ്ടെന്നും കാമ്പിത്താൻ വഴി ദേവി ഭക്തരോടു സംവദിക്കുന്നു എന്നും വിശ്വസിക്കുന്നു. കാമ്പിത്താന്റെ അരുളപ്പാടുകൾ കേൾക്കാൻ ധാരാളം ആളുകൾ എത്തിയിരുന്നു. ഇതറിഞ്ഞ് സന്തതികളില്ലാതിരുന്ന കായംകുളം രാജാവ് മണ്ണടിയിലെത്തുകയും കാമ്പിത്താന്റെ അരുളപ്പാടു പ്രകാരം ഭജനം പാർക്കുകയും അദ്ദേഹത്തിന് സങ്കടനിവൃത്തിയുണ്ടാകുകയും ചെയ്തു. രാജാവ് പ്രത്യുപകാരമായി അതിവിശിഷ്ടമായ സ്വർണ്ണമുടി കാമ്പിത്താന്റെ സാന്നിദ്ധ്യത്തിൽ നടയ്ക്കു വെയ്ക്കുകയും ചെയ്തു. കുംഭമാസത്തിലെ ഉത്സവം ഉച്ചബലി എന്ന പേരിൽ ആഘോഷിക്കുന്നു. അന്ന് രാജാവ് നടക്കുവച്ച സ്വർണ്ണ

മുടി കൊണ്ട് മൂടിപ്പേച്ചു നടത്താറുണ്ട്. കാമ്പിത്താന്റെ സാന്നിദ്ധ്യത്തിൽ അത്ഭുതസിദ്ധി തെളിയിച്ചതിന് മധുര വാണിരുന്ന പാണ്ഡ്യ രാജാവ് സ്വർണ്ണവാളും ചിലമ്പും ദേവിക്ക് സമർപ്പിച്ചു. കാമ്പിത്താൻ ഭക്തരെ അനുഗ്രഹിക്കുന്ന നേരത്ത് ഈ വാളും ചിലമ്പും ധരിച്ചിരുന്നു. പത്മനാഭ സ്വാമിക്ഷേത്രത്തിലെ തിരുവാഭരണങ്ങൾ മോഷണം പോവുകയും കാമ്പിത്താന്റെ അരുളപ്പാടു പ്രകാരം തിരികെ ലഭിക്കുകയും ഇതിനു പ്രത്യുപകാരമായി പട്ടാഴിദേശം കരമൊഴിവായി കാമ്പിത്താന് പതിച്ചു കൊടുത്തതായും ഐതിഹ്യമുണ്ട്. രണ്ടു കാമ്പിത്താൻമാരേ ഈ ക്ഷേത്രത്തിൽ ഉണ്ടായിട്ടുള്ളു.

പത്തനംതിട്ട ജില്ലയിലെ ഏനാത്തിനടുത്താണ് കേരളത്തിലെ അതിപുരാതനമായ മണ്ണടി പഴയകാവ് ഭദ്രകാളി ക്ഷേത്രം. സ്വയംഭൂപ്രതിഷ്ഠയുള്ള ഈ ക്ഷേത്രത്തിലെ മേൽക്കൂരയില്ലാത്ത ഗർഭഗൃഹവും പഞ്ചലോഹനിർമ്മിതമായ ശ്രീകോവിലും പ്രദക്ഷിണവഴി ചുറ്റുന്ന രീതിയിലുള്ള ഇവിടുത്തെ കാവും മറ്റുക്ഷേത്രങ്ങളിൽ നിന്നും ഈ ക്ഷേത്രത്തെ വേറിട്ടു നിർത്തുന്നു. അമ്പലം കൂടാതെ പടിഞ്ഞാറെകാവ് എന്ന ക്ഷേത്രവും അനുബന്ധമായി സ്ഥിതി ചെയ്യുന്നു. മണ്ണടിക്കാവിലെ സ്വയംഭൂപ്രതിഷ്ഠയിൽ മലരും പഴവും പാലും അല്ലാതെ മറ്റൊന്നും നിവേദിക്കാറില്ല. മറ്റു നിവേദ്യങ്ങളും പൂജകളും പടിഞ്ഞാറെ കാവിലാണ് നടത്തുന്നത്. യക്ഷിയമ്മയുടെ പ്രതിഷ്ഠയുമുണ്ട്. വേലുത്തമ്പിദളവ തന്റെ പിൻമുറക്കാരെയെല്ലാം സംരക്ഷിക്കുവാനുള്ള ചുമതലദേവിയെ ഏല്പിച്ച്, ശത്രുവിന്റെ വാളിനിരയാകാൻ അനുവദിക്കാത്ത മനസ്സുമായി സ്വന്തം ഉടവാളിനാൽ സ്വയം കുത്തി മരിച്ചത് ഈ ക്ഷേത്രമുറ്റത്തു വച്ചാണ്.

നമ്മുടെ നാടിന്റെ രുചിയറിഞ്ഞ വിദേശികൾ, കച്ചവടത്തിലൂടെ ലാഭം കൊയ്ത വിദേശികൾ, അവരുടെ വാണിജ്യ കുത്തക നേടിയെടുക്കാനുള്ള കൂട്ടായ ശ്രമങ്ങൾ ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിലേതുപോലെ കേരളത്തെയും കോളനിവല്കരിച്ചു. ബ്രിട്ടീഷുകാരുടെ ഈ വിഭവചൂഷണ രീതിയെ മനസ്സിലാക്കിയ വേലുത്തമ്പി അതിനെതിരെയുള്ള ലഹളക്ക് ജനങ്ങളെ അണിനിരത്താൻ ശ്രമിച്ചു. ചരിത്രത്തിലെ ദേശാഭിമാനോജ്ജ്വലമായ അദ്ധ്യായം രചിച്ച വീരപുരുഷനായ വേലുത്തമ്പിദളവ നാഞ്ചിനാട്ടിൽ നായൻമാർക്ക് ഉദ്യോഗം ലഭിക്കാതിരുന്നതും, നായൻമാരിൽ നിന്നും നിർബന്ധിത പണപ്പിരിവു നടത്തുന്നതും, സർവ്വവസ്തുക്കളുടെയും അധികാരാവകാശങ്ങളും ഭൂസ്വത്തിൻ മേലുള്ള അവകാശങ്ങളും ബ്രിട്ടീഷുകാർ അവർക്ക് അധികാരം ലഭിച്ചാൽ ഏറ്റെടുക്കുമെന്നും വിശ്വസിച്ചു. അദ്ദേഹത്തിന്റെ ഈ തിരിച്ചറിവിന്റെ ഫലമാണ് കുണ്ടറ വിളംബരം. കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ക്ഷേത്രത്തിനു മുന്നിൽ വച്ചായിരുന്നു 207 വർഷങ്ങൾക്കു മുമ്പ് കുണ്ടറവിളംബരം പ്രഖ്യാപിച്ചത്. ഇളമ്പള്ളൂർ ക്ഷേത്ര സമീപത്തുള്ള വേലുത്തമ്പി സാംസ്കാരിക പഠനകേന്ദ്രത്തിന്റെ കെട്ടിടത്തിൽ വേലുത്തമ്പിദളവയുടെ പ്രതിമയ്ക്കു ചുവട്ടിലായി കുണ്ടറവിളംബരത്തിലെ പ്രസക്ത ഭാഗങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനു മുമ്പിൽ പൊതുജനങ്ങൾ സ്ഥാപിച്ച വേലുത്തമ്പിയുടെ ലോഹപ്രതിമ സ്വാതന്ത്ര്യസമരവീര്യത്തിന്റെ സ്മാരകമായി ഇന്നും പ്രശോഭിക്കുന്നു. വേലുത്തമ്പി ദളവയുടെ ആഹ്വാനം ഭാഷയുടെ ശക്തികൊണ്ടും വികാരവൈശിഷ്ട്യത്താലും ആവേശത്തോടുകൂടിയാണ് ജനങ്ങൾ സ്വീകരിച്ചത്.

ചരിത്രത്താളുകളിൽ കേരള ഭരണത്തിൽ ബ്രിട്ടീഷുകാർ അധികാര കയ്യേറ്റം നടത്തി തുടങ്ങിയതിനുശേഷം പല ഭാഗത്തുനിന്നും ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങൾ ഉണ്ടായിട്ടുള്ളതായും നാടു വാഴികൾ, ഭൂവുടമകൾ, മാപ്പിളമാർ, കർഷകർ, കച്ചവടക്കാർ, ആദിവാസികൾ എന്നിവരൊക്കെ കലാപങ്ങളിൽ പങ്കാളികളായിട്ടുള്ളതായും കാണാം. വൈദേശിക ഭരണാധിപത്യത്തിനെതിരെ പ്രാദേശിക ജനതയെ സംഘടിപ്പിച്ചും അവരിൽ ദേശീയതയുടെയും, രാജ്യസ്നേഹത്തിന്റെയും വീര്യം ഉണർത്തുകയും അവർക്കുവേണ്ടി പടപൊരുതുകയും ചെയ്ത വേലുത്തമ്പിദളവ രാജ്യാഭിമാനത്തിന്റെ മഹനീയ മാതൃകയാണ് കാട്ടിത്തരുന്നത്. പൂർവ്വികരുടെ ചരിത്രങ്ങളിൽ നിന്നും കിട്ടുന്ന അറിവും വെളിച്ചവും ഇന്നത്തെ തലമുറയ്ക്കും വരും തലമുറകൾക്കും, മുന്നോട്ടുള്ള യാത്രയെ സുഗമമാക്കാൻ ഒരു മുതൽ കൂട്ടായി കരുതാം. രാജ്യസ്നേഹികളുടെ ആരാധ്യനും അധർമ്മത്തിനും അനീതിക്കും എതിരെ പോരാടിയ വീരനായകനുമായ വേലുത്തമ്പിദളവയെക്കുറിച്ചുള്ള സ്മരണകൾ വരും തലമുറയ്ക്കും ഉശിരും ഊർജ്ജവും പകരുന്നവയായി തീരട്ടെ.

# ക്ഷയരോഗം



ഡോ. സരിതാ രമേഷ്

ക്ഷയം ഉണ്ടാക്കുന്നത് ചെറിയ രോഗാണുക്കളാണ്. ഇത് ശ്വാസോച്ഛ്വാസത്തിലൂടെ ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുന്നു. ക്ഷയരോഗിയുടെ കഫത്തിൽ ആയിരക്കണക്കിനു രോഗാണുക്കൾ ഉണ്ടാകും. ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ ഈ രോഗാണു വായുവിൽ കലരുന്നു. ഇത് അന്തരീക്ഷത്തിൽ ഏറെ നേരം തങ്ങിനിൽക്കുകയും മറ്റുള്ളവരെ ബാധിക്കുകയും ചെയ്യുന്നു. സമീപമുള്ള ആളുകളുടെ ശ്വാസകോശത്തിലേക്കാണ് രോഗാണു പ്രവേശിക്കുന്നത്. താരതമ്യേന ആരോഗ്യം കുറഞ്ഞവരിൽ ഈ രോഗാണു കയറുകയും രോഗമുണ്ടാക്കുകയും ചെയ്യുന്നു.

ക്ഷയരോഗം നമ്മുടെ ശരീരത്തിന്റെ ഏതു ഭാഗത്തേയും ബാധിക്കാം. പക്ഷേ നെഞ്ചിൽ ബാധിക്കുന്ന രോഗമാണ് ഏറ്റവും പ്രശ്നമുള്ളത്. കാരണം ഇത് ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് വായുവിലൂടെ പകരുന്നു.

പോഷകാഹാരക്കുറവ്, കുറഞ്ഞ പ്രതിരോധശേഷി, ദരിദ്രമായ ചുറ്റുപാടുകൾ, ആളുകൾ, തിങ്ങിപ്പാർക്കുന്നത്. മുതലായ സാഹചര്യങ്ങൾ രോഗം പകരുന്നതിനു കാരണമാകും.

**ലക്ഷണങ്ങൾ**

1) 3 ആഴ്ചയിൽ കൂടുതൽ നിൽക്കുന്ന ചുമയാണ് പ്രധാന ലക്ഷണം
2) ചുമയ്ക്കുമ്പോൾ കഫം ഉണ്ടാകുക
3) വൈകിട്ട് വിയർപ്പോടെയുള്ള പനി
4) നെഞ്ചു വേദന വരിക
5) ചുമച്ചു രക്തം തുപ്പുക

രോഗിയുടെ കഫം പരിശോധിച്ച് രോഗ നിർണ്ണയം നടത്തുന്നു. രോഗമുള്ളവർ ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിച്ച് മുഖം മൂടുക.

# അറിയിപ്പ്

## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിലെ തുക അടക്കാത്തവർ കുടിശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. ഇതോടൊപ്പം 2000 രൂപ ഒറ്റതവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്നും അറിയിക്കുന്നു. അതുപോലെതന്നെ നവതി ഫണ്ടിലേക്ക് അടയ്ക്കേണ്ടതായ 1000 രൂപ അടച്ചിട്ടില്ലാത്ത അംഗങ്ങളും മാർച്ച് 31 ന് മുമ്പ് കുടിശിക തീർക്കണമെന്ന് അറിയിക്കുന്നു.

(തുടർച്ച)

# ശ്രീശങ്കരാചാര്യരുടെ ഐതിഹാസിക യാത്രകൾ: ഹിന്ദുമതത്തിന്റെ പുനരുത്ഥാനവും



**ആർ. പി. നായർ**

അമ്മക്കു കൊടുത്ത വാക്ക് ശങ്കരൻ പാലിച്ച കഥ ഏറെ പ്രസിദ്ധമാണ്.

ഗുരുവിനെത്തേടിഃ

സന്യാസിയാകാൻ അമ്മയുടെ അനുവാദം കിട്ടിയതിനുശേഷം തന്നെ സന്യാസത്തിലേക്കു നയിക്കുന്നതിന് ഗുരുവിനെ തേടിയുള്ള യാത്രയായിരുന്നു, ശങ്കരന്. കാലടിയിൽ നിന്ന്, ഏതാണ്ട് 1700 കിലോ മീറ്റർ അകലെയുള്ള മദ്ധ്യപ്രദേശിലെ ഓംകാരേശ്വറിലാണ് ആ യാത്ര അവസാനിച്ചത്. ഇന്ത്യയിലെ 12 ജ്യോതിർ ലിംഗങ്ങളിൽ ഒന്ന് ഓംകാരേശ്വറിലാണ്. ആ യാത്ര ഇനിയും വരാനിരിക്കുന്ന നീണ്ട നീണ്ട യാത്രകളുടെ തുടക്കം മാത്രമായിരുന്നു.




എട്ടുവയസ്സിലാണ് ശങ്കരൻ വീടുവിട്ടത്. കാടുകളും മലകളും താഴ്‌വരകളും താണ്ടി ശങ്കരൻ തന്റെ ഗുരുവിന്റെ അടുത്തെത്തി.

ഒരു കൊച്ചു ഗ്രാമത്തിലെ, ഏകാന്തമായ ഒരിടത്ത് ഒരു ഗുഹയിലായിരുന്നു ഗുരു തപസ്സു ചെയ്തിരുന്നത്. നർമ്മദാനദിയുടെ തീരം. തപസ്സു ചെയ്യുന്ന അവസ്ഥയിലാണ് ശങ്കരൻ തന്റെ ഗുരുവാകാൻ പോകുന്ന ആളെ കണ്ടത്. ധ്യാനാവസ്ഥയിൽ.

ഗുരുവിന്റെ പേര് ശ്രീമദ് ഗോവിന്ദ ഭഗവദ്പാദർ. മാണ്ഡൂക്യ ഉപനിഷത്തിന്റെ വ്യാഖ്യാനമായ മാണ്ഡൂക്യകാരിക രചിച്ച ആചാര്യൻ.

ഇവിടെ ഒരു ഐതിഹ്യമുണ്ട്. ശങ്കരൻ ഗുരുവിന്റെ അടുത്തെത്തിയപ്പോൾ നർമ്മാ നദിയിൽ വെള്ളപ്പൊക്കം തുടങ്ങിയിരുന്നു. വെള്ളം ക്രമാതീതമായി ഉയർന്ന് ഗുരു തപസ്സു ചെയ്തിരുന്ന ഗുഹയും മുങ്ങുന്ന അവസ്ഥയിലായി. ഗുരു ഒന്നുമറിയുന്നില്ല ചുറ്റും വന്നുകൂടിയ ഗ്രാമവാസികൾ പരിഭ്രാന്തരായി തപസ്സു ചെയ്യുന്ന ഗുരുവിനെ ഉണർത്താൻ അവർക്ക് ധൈര്യമുണ്ടായില്ല.

ഗ്രാമവാസികളുടെ ദയനീയമായ അവസ്ഥ കണ്ട് ശങ്കരൻ തന്റെ കമണ്ഡലുവിൽദിവ്യശക്തി കൊണ്ട് ആർത്തലച്ചു വരുന്ന മല വെള്ളത്തെ അടക്കിയത്രെ. ഗ്രാമവാസികൾ ആഹ്ലാദാരവം

മുഴക്കി. അത് കേട്ട് ഗുരു ഉണർന്നു. ഗുരു കാര്യങ്ങളറിഞ്ഞു. അദ്ദേഹം ശങ്കരനോട് ചോദിച്ചു: നീ ആരാണ് ?

ശങ്കരൻ നിന്നനില്പിൽ ആ ചോദ്യത്തിന് ഉത്തരം നൽകിയത് 10 ശ്ലോകങ്ങൾ രചിച്ച് ചൊല്ലികൊണ്ടാണ്. (ഈ ശ്ലോകങ്ങൾ ദശ ശ്ലോകം എന്ന പേരിൽ അറിയപ്പെടുന്നു.)

അദ്വൈത തത്വം നിറഞ്ഞു തുളുമ്പുന്ന ആ ശ്ലോകങ്ങൾ കേട്ട് ഗുരു സന്തുഷ്ടനായി തന്റെ മുന്നിൽ വീണു നമസ്കരിച്ച ശങ്കരനെ ശിഷ്യനായി സ്വീകരിച്ചു.

അദ്ദേഹം ശങ്കരന് ബ്രഹ്മവിദ്യ, യോഗ വിദ്യ, അതീവഗൂഢതങ്ങളായ വേദങ്ങൾ, പുരാണങ്ങൾ, ഉപനിഷത്തുകൾ എന്നിവ പഠിപ്പിച്ചു.

ഒടുവിൽ ഗുരു ശങ്കരന് ഒരു ദൗത്യം നൽകി. ഭാരതം മുഴുവനും സഞ്ചരിച്ച്, വേദങ്ങളും വേദാന്തവും വേദാന്ത ചിന്തകളും പ്രചരിപ്പിക്കുക. പ്രഭാഷണങ്ങൾ നടത്തുക അദ്വൈത സിദ്ധാന്തം ജനങ്ങൾക്ക് പകർന്നു നൽകുക.

ഗുരുവിന്റെ നിർദ്ദേമനുസരിച്ച്, അദ്വൈത സിദ്ധാന്തം പ്രചരിപ്പിക്കാൻ ശങ്കരൻ വാരണാസിയിലേക്കാണ് പുറപ്പെട്ടത്. യാത്രയിൽ വേദങ്ങളിലെ ആത്മീയ തത്വങ്ങൾ പ്രഭാഷണങ്ങളിലൂടെ വെളിപ്പെടുത്തിക്കൊണ്ട്.

ശങ്കരൻ വാരണാസിയിലെത്തി. ഒരു ദിവസം ശങ്കരനും അനുയായികളും കാശി വിശ്വനാഥ ക്ഷേത്രത്തിൽ ദർശനത്തിനു പോകവേ, ഒരിടുങ്ങിയ വഴിയിൽ ഒരു ചണ്ഡാലൻ നാലു നായ്ക്കളേയും കൂട്ടി എതിരെ വരുന്നതു കണ്ടു.

അനുയായികൾ, ശങ്കരനുവേണ്ടി വഴി മാറി കൊടുക്കാൻ ചണ്ഡാലനോട് ആവശ്യപ്പെട്ടു. ചണ്ഡാലൻ ശങ്കരനോട് തർക്കിക്കുകയാണ് ചെയ്തത്.

ആരാണ് മാറേണ്ടത്? ആര് ആരിൽ നിന്നാണ് മാറേണ്ടത്? അന്നം ഭുജിച്ചുണ്ടായ ഈ ശരീരമാണോ അതോ ഇതിൽ കുടികൊള്ളുന്ന ആത്മാവോ? ഈ ആത്മാവും പരമാത്മാവും

തമ്മിൽ എന്താണ് വ്യത്യാസം? എല്ലാ ജീവജാലങ്ങളിലും ഒരേ ഈശ്വരനുള്ളപ്പോൾ ഞാനെന്തിന് വഴി മാറണം?.

അദ്വൈതത്തിന്റെ വക്താവായ ശങ്കരന് മനസ്സിലായി തന്റെ മുന്നിൽ നിൽക്കുന്നത് സാക്ഷാൽ പരമശിവനാണെന്ന്. ഉടൻ തന്നെ ശങ്കരൻ ശിവനെ വന്ദിച്ചു കൊണ്ട് അഞ്ചു ശ്ലോകങ്ങൾ രചിച്ചു ചൊല്ലി. അതാണ് മനീഷാപഞ്ചകം.

വരാണാസിയിൽ വച്ചാണ് പത്മപാദർ എന്ന പ്രധാന ശിഷ്യൻ ശങ്കരനോടൊപ്പം ചേർന്നത്.

ബദരിനാഥിൽ:

തുടർന്ന് ബദരിയിലേക്കുള്ള കഠിനയാത്ര മലമ്പാതുകളിലും മലനിരകളിലും കയറിയിറങ്ങി ശങ്കരൻ ബദരിയിലെത്തി. അപ്പോൾ ശങ്കരന് 14 വയസ്സ്.

ബദരിനാഥിൽ വച്ചാണ് ശങ്കരൻ വേദാന്ത സൂത്രങ്ങൾക്കും ഉപനിഷത്തുകൾക്കും ഭഗവദ് ഗീതക്കും വ്യാഖ്യാനങ്ങൾ എഴുതിയതും വിഷ്ണു സഹസ്രനാമം ഉപദേശ സഹസ്രി എന്ന കൃതികൾ രചിച്ചതും.

ബദരിയിൽ നിന്ന് ശങ്കരൻ പോയത് പ്രയാഗിലേക്കാണ് അവിടെ പ്രസിദ്ധനായ കുമാരലഭട്ട എന്ന പണ്ഡിതനെ കാണാനും ആത്മീയ വിഷയങ്ങളിൽ അദ്ദേഹവുമായി ചർച്ചകൾ നടത്താനുമായിരുന്നു അവിടെ പോയത്. എന്നാൽ 80 വയസ്സു കഴിഞ്ഞിരുന്ന അദ്ദേഹം ശങ്കരനോട് തർക്കത്തിന് മുതിരാതെ ബീഹാറിലെ മഹിഷ്മതിയിൽ പോയി തന്റെ മകളുടെ ഭർത്താവായ മന്ദമിശ്രയെ തർക്കത്തിൽ പരാജയപ്പെടുത്താനാണ് നിർദ്ദേശിച്ചത്. തന്റെ മകളായ ഉദയഭാരതി തന്നെ വിധി കർത്താവായി പ്രവർത്തിക്കും. ഉദയഭാരതി കഴിവുറ്റ ഒരു പണ്ഡിത കൂടിയായിരുന്നു.

ശങ്കരനും അനുയായികളും അതിവിദൂരമായ മഹിഷ്മതി (മഹിഷി) യിൽ നീണ്ട യാത്രക്കുശേഷം എത്തിച്ചേർന്നു.

വഴിയിൽ എവിടെയോ കണ്ട ഒരാളോട് മന്ദന മിശ്രയുടെ വീടന്വേഷിച്ചു. കുറച്ചുകൂടി മുന്നോട്ടു പോയാൽ വേദങ്ങളുടെ ചർച്ച നടക്കുന്ന ഒരിടത്തെത്തുമെന്നും അതുതന്നെയാണ് മിശ്രയുടെ വീടെന്നും മറുപടി കിട്ടി.

അങ്ങനെ കുറച്ചു ദൂരം പോയപ്പോൾ ഒരു പൂന്തോട്ടത്തിനടുത്തെത്തി. തത്തകൾ തോരാതെ ചിലക്കുന്നതുകേട്ട ശങ്കരന് അവ വേദങ്ങൾ ആണ് സംസാരിക്കുന്നതെന്ന് മനസിലായി. അവർ മിശ്രയുടെ വീടിനടുത്തെത്തിയിരുന്നു.

മന്ദനമിശ്ര മീമാംസ തത്വശാസ്ത്ര മനുസരിച്ച് തത്വവിചാരണകൾ നടത്തുന്ന ചിന്തകനായിരുന്നു. ശങ്കരനും മിശ്രയുമായുള്ള തർക്കം 22 ദിവസം നീണ്ടു നിന്നു. ഉദയഭാരതി വിധി കർത്താവായി. അദ്വൈതത്തെക്കുറിച്ചുള്ള ശങ്കരന്റെ വാദഗതികൾ കേട്ടശേഷം, ഉദയഭാരതി ഭർത്താവിനോട് വാദം അവസാനിപ്പിക്കാനും ശങ്കരനോട് തന്നോട് മത്സരിക്കാനും വിധിച്ചു. ഭർത്താവ് വഴങ്ങി. ഉദയഭാരതി ശങ്കരനോട് ഗാർഹ്യവുമാ

യി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ചു. ബ്രഹ്മചാരിയായ ശങ്കരന് ഗാർഹ്യത്തെക്കുറിച്ച് പരിജ്ഞാനമില്ലാത്തതു മൂലം ശങ്കരൻ ഒരു മാസത്തെ സമയം നീട്ടിയെടുത്ത് പരകായ പ്രവേശത്തിലൂടെ ഒരു ഗൃഹസ്ഥയിൽ നിന്നു ആ വിഷയത്തിൽ അറിവ് നേടി, ഉദയഭാരതിയുമായി തർക്കത്തിലേർപ്പെട്ടു. ഉദയഭാരതി പരാജയപ്പെട്ടു. ഒടുവിൽ മിശ്ര ശങ്കരന്റെ ശിഷ്യത്വവും സുരേശ്വര എന്ന നാമവും സ്വീകരിച്ചു.

സുരേശ്വരനെയാണ് ശങ്കരൻ ശൃംഗേരിയിൽ മഠം സ്ഥാപിച്ചപ്പോൾ ആചാര്യനായി അവരോധിച്ചത്.

ശങ്കരന്റെ അടുത്ത ലക്ഷ്യം ആന്ധ്രയിലെ ശ്രീശൈലമായിരുന്നു. ദക്ഷിണേന്ത്യയിലേക്കുള്ള ആദ്യ യാത്ര. നിബഡവനങ്ങളുള്ള ഒരു നദിക്കരയിലെ ക്ഷേത്രത്തിലെ മല്ലികാർജ്ജനലിംഗവും, ഭ്രമരാംബികാക്ഷേത്രവും ദർശിച്ച് ആരാധന നടത്തി.

ശിവന്റെ ജഡയിൽ നിന്നാണ് ഈ നദി ഉത്ഭവിക്കുന്നതെന്ന് ഐതിഹ്യം.

ഇവിടെത്തെ മല്ലികാർജ്ജുനക്ഷേത്രം 12 ജ്യോതിർ ലിംഗങ്ങളിൽ ഒന്നാണ്. ദേവീക്ഷേത്രത്തിനടുത്ത് ശങ്കരൻ 40 ദിവസം താമസിച്ചുവെന്നും "ശിവാനന്ദലഹരി"യും, "സൗന്ദര്യ ലഹരി"യും ഇവിടെ വച്ചാണ് രചിച്ചതെന്നും വിശ്വസിക്കപ്പെടുന്നു. ശങ്കരൻ പിന്നീട് പോയത് കർണ്ണാടകത്തിലെ ഗോകർണ്ണത്തേക്കാണ്. അറബിക്കടൽ തീരത്ത്. അർദ്ധനാരീശ്വര പ്രതിഷ്ഠയുള്ള ശിവക്ഷേത്രത്തിൽ ആരാധന നടത്തി.

ഹിന്ദുപുരാണങ്ങളിൽ പലയിടത്തും അർദ്ധനാരീശ്വര പ്രതിഷ്ഠകളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഈശ്വര സങ്കല്പത്തിന് പുരുഷനെന്നോ സ്ത്രീയെന്നോ ലിംഗഭേദമില്ല. മാത്രമല്ല ഇത്തരത്തിലുള്ള ഈശ്വര സങ്കല്പത്തിന് കൂടുതൽ ശക്തിയുള്ളതായി കരുതപ്പെടുന്നു.

ഗോകർണ്ണത്തു നിന്ന് ശങ്കരൻ പോയത് ദേവിയുടെ ആസ്ഥാനമായ കൊടുങ്കാടുകൾ നിറഞ്ഞ മൂകാംബിയിലേക്കാണ്. അവിടെ ശ്രീബലി എന്ന ഗ്രാമത്തിൽ വച്ച് മാനസികമായി വളർച്ചയില്ലാത്ത ഒരു ബ്രഹ്മണ കുമാരനെ കണ്ടു. അവൻ ശങ്കരന്റെ കൂടെ ചേർന്നു. ക്രമേണ അവൻ ശങ്കരന്റെ ഒരു പ്രമുഖ ശിഷ്യനായി. ഹസ്താമലകൻ എന്ന പേര് സ്വീകരിച്ചു.

ഈ ശിഷ്യനെയാണ് ശങ്കരൻ ദ്വാരകയിലെ മഠാധിപതിയായി അവരോധിച്ചത്.

മൂകാംബികയിൽ നിന്ന് ശൃംഗ ഗിരിയിലേക്ക് (ശൃംഗേരി) ശങ്കരനും അനുയായികളും തുംഗഭദ്ര നദീതീരത്തുള്ള ഋഷ്യശൃംഗൻ തപസ്സു ചെയ്തിരുന്ന മലയിലെത്തി.

ശൃംഗേരിയിൽ ശങ്കരൻ ദേവീ വിഗ്രഹം പ്രതിഷ്ഠിച്ച് പൂജ നടത്തി.

ഇവിടെ വച്ച് ഒരു പുതിയ ശിഷ്യൻ തോടകൻ ശങ്കരന്റെ അനുയായി ആയി.

ശൃംഗേരിയിൽ താമസിക്കവേ അമ്മക്കു അസുഖമാണെന്നും അമ്മയുടെ അന്ത്യമടുത്തെന്നും സ്വപ്നമുണ്ടായി. ഉടനെ തന്നെ ശങ്കരൻ കാലടിക്കു പുറപ്പെട്ടു.

ശൃംഗേരിയിൽ നിന്ന് ശങ്കരൻ കാലടിയിൽ എത്തുമ്പോൾ അമ്മ അതീവഗുരുതരാവസ്ഥയിലായിരുന്നു. അമ്മയെ ജീവനോടെ കാണാനും സംസാരിക്കാനും ശുശ്രൂഷിക്കാനും കഴിഞ്ഞു.

അമ്മയുടെ മരണത്തെ തുടർന്ന് അന്ത്യ ചടങ്ങുകൾ/ശേഷക്രിയകൾ ചെയ്യാൻ ശങ്കരൻ തയ്യാറായി. എന്നാൽ യാഥാസ്ഥിതൻമാരായ നമ്പൂതിരിമാർ ശങ്കരനെ ആ കർമ്മങ്ങൾ ചെയ്യുന്നതിൽ നിന്ന് വിലക്കി. സന്യാസം സ്വീകരിച്ച ഒരു മകന്, അമ്മയുടെ അന്ത്യകർമ്മങ്ങൾ ചെയ്യാൻ അർഹതയില്ലെന്നായിരുന്നു അവരുടെ വാദം.

ശങ്കരൻ അവരെയെല്ലാം വെല്ലുവിളിച്ചു കൊണ്ട് കർമ്മങ്ങളെല്ലാം ചെയ്തു. ആരും സഹകരിക്കാത്തതുകൊണ്ട് മൃതശരീരം സ്വയം സംസ്കരിക്കേണ്ടി വന്നു. പറമ്പിലെ വാഴകൾ വെട്ടി വാഴത്തണ്ടുകൾ കൊണ്ട് ശരീരം മൂടി ദിവ്യ ശക്തി കൊണ്ട് അഗ്നി ജ്വലിപ്പിച്ച് ചിതകത്തിച്ചു എന്ന് ഐതിഹ്യം.

അമ്മയുടെ രോഗശയ്യയിൽ ഇരിക്കെയാണ് പ്രശസ്തമായ മാതൃപഞ്ചകം രചിച്ചത്. ജീവിച്ചിരിക്കുമ്പോൾ അമ്മയെ സംരക്ഷിക്കാത്ത സേവിക്കാത്ത ഒരു മകന്റെ ദുഃഖങ്ങളാണ് ഇതിലെ ശ്ലോകങ്ങളിൽ.

അമ്മയുടെ അന്ത്യകർമ്മങ്ങൾക്കു ശേഷം ശങ്കരൻ തന്റെ ദിഗ്‌വിജയ യാത്ര തുടങ്ങി. ഭാരതം മുഴുവനും സഞ്ചരിക്കുവാനുള്ള, വേദാന്ത പ്രചാരണം നടത്താനുള്ള സ്വയാർപ്പണം.

രാമേശ്വരത്ത് വന്ന് രാമനാഥന്റെ (ശിവന്റെ) ആരാധന നടത്തി. ജ്യോതിർലിംഗത്തിലും പൂജിച്ചു.

പിന്നീട് കാഞ്ചീപുരത്തേക്ക്. പാണ്ഡ്യ ചോള രാജ്യങ്ങളിലൂടെ കാഞ്ചീപുരത്തെ കാമാക്ഷി അമ്മൻ കോവിലിൽ ശ്രീ ചക്രം പ്രതിഷ്ഠിച്ചു.

അതിനുശേഷം തിരുപ്പതി വെങ്കിടാചലപതി ക്ഷേത്രത്തിൽ പൂജകളും പ്രഭാഷണങ്ങളും. തുടർന്ന് വിദർഭയിലേക്ക് വിദർഭ രാജാവ് ശങ്കര

നെ ആദരപൂർവ്വം സ്വീകരിച്ചു.

**ദ്വാരക**

വിദർഭയിൽ നിന്ന്, സൗരാഷ്ട്ര വഴി ശങ്കരൻ ദ്വാരകയിലെത്തി.

പഴയ പേര് ദ്വാരാവതി. ചരിത്രാതീത കാലം മുതലേ സൗരാഷ്ട്ടയിലെ പ്രധാന നഗരി ഇന്ന് നഗരമെന്നൊന്നും ദ്വാരകയെ വിളിക്കാനാവില്ല. പക്ഷെ ഇന്നും ഇന്ത്യയിലെ ഒരു പ്രധാനക്ഷേത്ര നഗരിയായി ദ്വാരക അറിയപ്പെടുന്നു. ദ്വാരകാധീശനായിരുന്ന ശ്രീകൃഷ്ണന്റെ ക്ഷേത്രമാണ് അവിടെ പ്രധാനം.

ഈ ക്ഷേത്രത്തിൽ തൊട്ടടുത്താണ് ശങ്കരൻ സ്ഥാപിച്ച ആദ്യത്തെ മഠം. ശാരദാപീഠം.

ഇന്ത്യയുടെ സാമൂഹ്യ സാംസ്കാരിക മത ഐക്യമായിരുന്നു ശങ്കരന്റെ ലക്ഷ്യം.

അതിനു വേണ്ടിയാണ് ദ്വാരകയിൽ തുടങ്ങി രാജ്യത്തിന്റെ നാലു കോണുകളിലും ശങ്കരൻ പീഠങ്ങൾ സ്ഥാപിച്ചത്.

ശങ്കരൻ ദ്വാരകയിലെത്തിയപ്പോൾ അവിടത്തെ രാജാവ് അദ്ദേഹത്തെ സ്വാഗതം ചെയ്യുകയും ശിഷ്യനാകാൻ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. ദ്വാരകയിൽ തന്നെ താമസിക്കാൻ രാജാവ് ശങ്കരനോട് അപേക്ഷിച്ചു. തനിക്ക് ഇനിയും ഉത്തരവാദിത്വങ്ങൾ ഉണ്ടെന്നും ഭാരതമൊട്ടാകെ സഞ്ചരിക്കാനുണ്ടെന്നുമായിരുന്നു ശങ്കരന്റെ മറുപടി.

വേദങ്ങൾ ചർച്ച ചെയ്ത് കുറച്ചു ദിവസങ്ങൾക്കകം ശങ്കരൻ പീഠത്തെ രാജാവിന്റെ രക്ഷാകർത്തൃത്വത്തിൽ വിട്ടുകൊണ്ട് ഉജ്ജ്വയിനിയിലേക്ക് യാത്രയായി.

ഉജ്ജ്വയിനിയിലെ ജ്യോതിർലിംഗത്തിൽ ശങ്കരൻ ആരാധന നടത്തി. മഹാകാളേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തിയ ശേഷം അതി വിദൂരമായ ആസാമിലെ കാമരൂപിലേക്കു പുറപ്പെട്ടു.

കാമരൂപിയിൽ ശാക്തചിന്തകനായിരുന്ന നാവാഗുപ്തനുമായി ശങ്കരൻ ആത്മീയ ചർച്ചകളും തർക്കങ്ങളും നടത്തി. നാവഗുപ്തൻ ഒരു താന്ത്രികനും കൂടിയായിരുന്നു. ശങ്കരനുമായി നടന്ന തർക്കത്തിൽ നാവഗുപ്തൻ പരാജയപ്പെട്ടു. നിരാശനായ അയാൾ ശങ്കരനുമേൽ ദുർമ്മന്ത്ര വാദം നടത്തി അദ്ദേഹത്തെ രോഗിയാക്കി. പക്ഷെ ശിഷ്യനായ പത്മപാദർ ഇത് കണ്ടുപിടിച്ചു എന്നും ആ രോഗത്തെ നാവാഗുപ്തനിലേക്കു തന്നെ തിരിച്ചയച്ചു എന്നും കഥയുണ്ട്. ശങ്കരൻ രോഗവിമുക്തനായി.

ശങ്കരന്റെ അടുത്ത യാത്ര കാമരൂപിയിൽ നിന്ന് കോസല അംഗരാജ്യങ്ങളിലൂടെ ഒറീസ്സയിലെ പുരിയിലേക്ക്.

പുരിയിൽ ഗോവർദ്ധന മഠം സ്ഥാപിച്ചു. പടിഞ്ഞാറെ അറ്റത്തുള്ള ദ്വാരകക്കുശേഷം കിഴക്കു ഭാഗത്തുള്ള ഈ നഗരിയിലാണ് വേദ പഠനാർത്ഥം മഠം സ്ഥാപിച്ചത്.

പുരിയിൽ താമസിക്കവേ ക്ഷേത്രപൂജാദികൾ ക്രമീകരിക്കുകയും സംസ്കൃത പണ്ഡിത രുടെ ഒരു സഭ രൂപീകരിക്കുകയും ചെയ്തു.

**കാഷ്മീർ**

പുരിയിൽ നിന്ന് ഭാരതത്തിന്റെ വടക്കേ അറ്റത്തുള്ള കാഷ്മീരിലേക്ക് ശാരദാദേവി ക്ഷേത്രത്തിൽ ദർശനം നടത്താനും കാഷ്മീരിൽ മഠം സ്ഥാപിക്കാനുമുള്ള ലക്ഷ്യത്തോടെ യാത്രയായി.

ശാരദാ ക്ഷേത്രത്തിൽ സർവ്വജ്ഞപീഠം ഉള്ള വിവരം ശങ്കരനറിയാമായിരുന്നു. ദക്ഷിണ ഭാരതത്തിൽ നിന്നുള്ള ഒരു പണ്ഡിതൻ പോലും ശാരദാ ക്ഷേത്രത്തിലെ തെക്കു ഭാഗത്തുള്ള വാതിലിൽ കൂടി അകത്തു കയറുകയോ സർവ്വ ജ്ഞ പീഠത്തിൽ ഇരിക്കുകയോ ചെയ്തിരുന്നില്ല.

കാഷ്മീരിലെ പണ്ഡിതരുമായുള്ള തർക്കങ്ങൾക്കുശേഷം മഠം സ്ഥാപിക്കാനുള്ള ആഗ്രഹം ശങ്കരൻ ഉപേക്ഷിച്ചു. കാരണം അവിടെ ആത്മീയ ജ്ഞാനത്തിന്റെ ഒരു കുറവുമില്ലെന്ന് മനസ്സിലായി. പ്രത്യേകിച്ചും ശൈവസിദ്ധാന്തം അവിടെ രൂഢമൂലമായിരുന്നു.

ശങ്കരനും, കാഷ്മീർ പണ്ഡിതൻമാർ ആദരവോടെ സ്വീകരിച്ച് ശ്രീനഗറിലേക്ക് സ്വാഗതമരുളി. ആ വേളയെ അനശ്വരമാക്കിക്കൊണ്ട് ശങ്കരൻ ഒരു പ്രാർത്ഥന ചൊല്ലിഃ

നമസ്തേ ശാരദേ ദേവീ
കാഷ്മീരാ പുരവാസിനീ,
തവാഹം പ്രാർത്ഥയേ നിത്യം
വിദ്യാ ദാനംച ദേഹിമേ

(Obeissance to the O effulgent Sarada Devi ,Worshipped in the city of Kashmir, I always Beseech thee to Vouchsafe to me pure Knowledge)

ശ്രീനഗറിനു നടുവിലുള്ള മലയുടെ മുകളിലെ ക്ഷേത്രത്തിൽ കുറച്ചു ദിവസം താമസിച്ചു. കൂടുതൽ കൂടുതൽ ആത്മീയ ജ്ഞാനം നേടുന്നതിനായി തപസ്സ് അനുഷ്ഠിച്ചു. പണ്ഡിതൻമാരുമായി തർക്കങ്ങളിലേർപ്പെട്ടു.

ശങ്കരന്റെ അഗാധമായ അറിവ് മനസ്സിലാക്കിയ പണ്ഡിതൻമാർ ക്ഷേത്രത്തിലെ ദക്ഷിണ ഗോപുരം അതിലൂടെ ശങ്കരനെ കയറ്റി സർവ്വജ്ഞ പീഠത്തിലിരുത്തിയെന്ന് വിശ്വസിക്കപ്പെടുന്നു. കാ

*ശേഷം 25-ാം പേജിൽ*

# മലയാളത്തിന്റെ സൂര്യതേജസ്സിന് പ്രണാമം.........



രമാ ശ്രീകുമാർ

പൊൻതിങ്കൾക്കല പൊട്ടുതൊട്ട
ഹിമവൽ ശൈലാഗ്ര ശൃംഗത്തിൽ
വെൺകൊറ്റപ്പൂങ്കുടപോൽ വിടർന്ന
വിമലാകാശാന്തരംഗങ്ങളിൽ
നൃത്യ ധൂർജടി ഹസ്തമാർന്ന തുടിതൻ
ഉത്താള ടും ടും രവം....
തത്വത്തിൽ പൊരുളാലലിപ്പൂ മധുരം
സത്യം.......ശിവം.......സുന്ദരം

മലയാള കവിതയുടെ ആരോഹണവരോഹണങ്ങൾ കയറി ആ സൂര്യ തേജസ്സ് (ഒ.എൻ.വി.) ഹിമവാനെ തൊട്ടുരുമ്മിയാണ് നിന്നിരുന്നതെ ങ്കിൽ, ഇന്ന് മലയാള മനസ്സുകളിൽ മറ്റൊരു ഹിമശൈലമായ് മാറിയല്ലോ. മലയാളത്തിന് ഒരു കാലവും വേർപാടിന്റെ വിരഹം അറിയാതിരിക്കത്തക്കവണ്ണം അദ്ദേഹത്തിന്റെ സാമീപ്യം നമ്മിൽ നിറഞ്ഞു നിൽക്കുന്നു, കവിതകളായ്, നാടകഗാനങ്ങളായ്, ചലചിത്രഗാനങ്ങളായ്, വാക്കുകളായ്, അക്ഷരങ്ങളായ്.



മലയാള ഭാഷയെ ശ്രേഷ്ഠഭാഷയാക്കാൻ വേണ്ടിയുള്ള അദ്ദേഹത്തിന്റെ പരിശ്രമം കൈരളിക്ക് മറക്കാനാകുമോ? മലയാളത്തിന് ഇങ്ങനെയും വാക്കുകളുണ്ടെന്ന് മലയാളിക്ക് മനസ്സിലാക്കി തന്നത് അദ്ദേഹമാണ്. 1931 മെയ് മാസം 27-ാം തീയതി കൊല്ലത്ത് ചവറയിൽ, ഒ.എൻ.കൃഷ്ണക്കുറുപ്പിന്റെയും കെ.ലക്ഷ്മിക്കുട്ടിയമ്മയുടെയും മകനായി ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്ന ഒ.എൻ.വി ജനിച്ചു. പിൽക്കാലത്ത് മലയാളിക്കഭിമാനിക്കാനുണ്ടായ ജൻമം. 1949 ൽ ചങ്ങമ്പുഴ മെഡൽ ആണ് ഒ.എൻ.വി.യുടെ ആദ്യ പുരസ്കാരം. ഒരേ വർഷമാണ് ജ്ഞാനപീഠം അവാർഡ് കിട്ടിയതും എഴുത്തച്ഛൻ അവാർഡ് കിട്ടിയതും. ഒട്ടേറെ പുരസ്കാരങ്ങളുടെ ഘോഷയാത്രയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

പ്രകൃതീദേവിയുടെ മനസ്സ് തൊട്ടറിഞ്ഞ് ആ അനവദ്യ സൗന്ദര്യം നമ്മിലേക്ക് പകർന്നു തന്ന കവി. ദേവിയുടെ ഒളിപ്പിച്ചുവച്ച സൗന്ദര്യം നമ്മുക്ക് കാട്ടിത്തന്ന കവി. ഭൂമീദേവിയുടെ വിലാപം

വികാരതരളവും വിഷാദമധുരവുമായ സൗമ്യാലാപനം കൊണ്ട് നമ്മുടെ ഹൃദയത്തിൽ കുളിരേകിയ കവി. അദ്ദേഹമൊരിക്കൽ പറഞ്ഞു. വയലാറിനോടും ഭാസ്കരൻമാഷിനോടുമൊപ്പം ജീവിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞത് തന്നെ എന്റെ ഭാഗ്യം .

സൂര്യനെക്കാളും മിന്നി
ജ്ജ്വലിക്കും താരങ്ങളേ
ക്കാളുമേതിനെക്കാളും
പാവമാമീ ഭൂമിയെ
സ്നേഹിച്ചകവി

മറ്റാരുടെയും ശ്രദ്ധയിൽപ്പെടാത്ത കുഞ്ഞു ദുഃഖങ്ങൾപോലും ആഴത്തിൽ അദ്ദേഹം നമ്മെ മനസ്സിലാക്കി തന്നു.

കുട്ടിതൻ കൈയിലെ
ചോറ്റുപാത്രം നടു
റോട്ടിൽ വീണുള്ളിൽ നി
ന്നെല്ലാം നിലത്തുപോയ്
കുട്ടിതൻ കണ്ണു
നിറഞ്ഞുപോയ്! ഉച്ചയ്ക്കു
പട്ടിണിയാകുമെന്നതോർത്തല്ല തൻ ചോറ്റു
പാത്രത്തിൽ നിന്നൂർന്നു
വീണതു നാലഞ്ചു
കപ്പക്കഷ്ണമാ
ണാളുകൾ കണ്ടുപോയ്!

(കൊച്ചു ദുഃഖം)

ആ കുഞ്ഞുമനസ്സിന്റെ വേദന വളരെ ചാരുതയോടെ കവി വരച്ചിരിക്കുന്നു.

തന്റെ കാവ്യസങ്കല്പസരണിയിലൂടെ കാലത്തെ ഒട്ടേറെ ദൂരം പിന്നിലാക്കി അദ്ദേഹം ചൊവ്വയിൽ ചെന്നു തിന വിതയ്ക്കും ദിനമാസന്നമായെന്ന് രാഷ്ട്രം ഉത്ഘോഷിക്കവെ ഉണ്ണാനുഴക്കരികൊണ്ടുവരുമച്ഛനെ കാത്തിരുന്നുറങ്ങിപ്പോകുന്നവരുടെ സങ്കടം, തന്റെ ഗ്രാമത്തിന്റെ സങ്കടം, എന്റെ കാലത്തിന്റെയുമെന്റെയുമാണെന്നുറക്കെ പറഞ്ഞ കവി, ആ സങ്കടങ്ങൾ നമ്മുടെ ഹൃത്തിലേയ്ക്കിറ്റിച്ചു തന്നു കവി. ലളിതമായ കാവ്യ ഭാഷയിലൂടെ നമ്മെയെല്ലാം കുട്ടിക്കാലത്തേയ്ക്കാനയിച്ചു. ഓരോ ഹൃദയത്തിന്റെയും അടിത്തട്ടിലുറങ്ങിക്കിടന്ന ഗൃഹാതുരത്വം തൊട്ടുണർത്തി ഭാഷയേകി, അക്ഷരമേകി കവി തന്റെ സാമീപ്യമറിയിക്കുന്നു. സുന്ദരമായതെന്തിനേയും കാണുന്ന കണ്ണുകൾ സുന്ദരമാണ്. അതിനെക്കാൾ സുന്ദരമാണ് മനുഷ്യഹൃദയം എന്നദ്ദേഹം വിശ്വസിച്ചിരുന്നു.

വെറുതെ വെള്ളത്താളിൽ വിടർന്ന പുഷ്പം (അക്ഷരം).

ദുഃഖവും സഹനതയും ശക്തിയാക്കി മാറ്റി നശ്വരതയിൽ നിന്നും അനശ്വരതയിലേക്ക് ഉയർന്നു പാടുന്ന ഒ.എൻ.വി.യുടെ ഫീനിക്സ് എന്ന കവിത ഫീനിക്സ് എന്ന പക്ഷി ദഹിച്ച് ചാരമായി, ആ ചാരത്തിൽ നിന്നും പൂർവ്വാധികം ശക്തിയോടെ പറന്നുയരുന്നു. മാനവരാശിയും മാനവാഭിലാഷങ്ങളും നാശങ്ങളിലേയ്ക്കാണിനി പതിക്കുന്നതെങ്കിലും, നാശത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് പതിൻമടങ്ങ് പ്രഭാവത്തോടെ ഉയർന്ന് വരുന്നു. അതിനായുള്ളാഹ്വാനമാണീ കവിത.

മരിച്ച പക്ഷി തൻ
ചിതാണുക്കളെടു
ത്തൊരിറ്റു കണ്ണുനീർ
പൊഴിയും കാലമേ!
ചിതയിൽ നിന്നുഞാ
നുയിർത്തെഴുന്നേല്ക്കും
ചിറകുകൾ പൂപോൽ
വിടർത്തെഴുന്നേല്ക്കും

മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ ഒ.എൻ.വി.യെ ആശീർവദിച്ചത് ഇങ്ങനെയായിരുന്നു.

തന്റേടം തികഞ്ഞ കല്പനകളുടെ കൈപ്പടങ്ങൾ ചേർന്ന് എന്തൊരു കരുത്തുറ്റ കലാശക്കൊട്ട്! ദുഃഖം ശക്തിയായി മാറ്റി അഗ്നിപഞ്ജരങ്ങളിൽ നിന്ന് വിരിഞ്ഞുയർന്ന് വീണ്ടും വീണ്ടും ഉദാരമായി പാടുക. നാട് പുളകം കൊള്ളട്ടെ! നാട് പുളകം കൊള്ളുമാറ് അദ്ദേഹം പാടി. അതു കേട്ട ഓരോ ഹൃദയവും ഉൾപുളകമണിഞ്ഞു.

ദാർശനികത ദർശിക്കാൻ കഴിയുന്ന ഏറെ കവിതകൾ എഴുതി.

ഹാ! ജനിമൃതികൾ ത
ന്നിടവേളയെ ദ്രാക്ഷാ
പാകമാക്കുക കൊക്കു
രുമ്മിയും കുറുകിയും!

(പ്രാവുകൾ)

മൃതിയാശ്ലേഷിച്ചാലും,
പിന്നെയും മാതാവിന്റെ
മടിയിലുയിർ തേടി
യണയും തൃപ്പുത്രനെ

(മൈക്കലാഞ്ജലോ മാപ്പ്)

അദ്ദേഹത്തിന്റെ ഓരോ കവിതകളും നമ്മുടെ ദർശനങ്ങൾക്കപ്പുറത്താണ്. അമ്മ എന്ന കവിത മാതൃത്വത്തിന്റെ മഹത് ദർശനമല്ലോ. ഓരോ പെൺകുട്ടിയും ഓരോ മാതാവാണ്. മാതാവിനെയും മാതൃഭൂമിയെയും ഒന്നായി കണ്ടിരുന്നു അദ്ദേഹം.

എങ്കിലുമൊന്നിനിപ്പാടാതെ വയ്യ! നിൻ
മംഗല സോപാന സന്നിധിയിൽ, സാമ
സംഗീതമായ് ഞാനലിയട്ടെ! ഹർഷാശ്രു

ഗംഗയായ് വീണൊഴുകട്ടെ! പാടട്ടെ ഞാൻ....
(സോപാന സംഗീതം)

മഹാകവി ചങ്ങമ്പുഴയെക്കുറിച്ച് പറഞ്ഞ് ഒ.എൻ.വി. വിനയാന്വിതനാകുന്നുമുണ്ട് ഇങ്ങനെ, ഞങ്ങളുടെ ഹൃദയങ്ങളെ പിടിച്ചു മുക്കിക്കളഞ്ഞ പുഴയാണ് ചങ്ങമ്പുഴ. ഒരു ചെറിയ സന്തോഷം വരുമ്പോൾ ചങ്ങമ്പുഴക്കവിത തുള്ളിച്ചാടും. കുഞ്ഞു സങ്കടം വന്നാൽ പൊട്ടിക്കരഞ്ഞു കളയും അതാണ് ചങ്ങമ്പുഴ. ഞങ്ങൾ അതിൽ മുങ്ങി, പിന്നെ പൊങ്ങി, ആ പൊങ്ങലിൽ ഞങ്ങളുടെ കവിത സംസ്കരിക്കപ്പെട്ടു .

കവിത ജലാശയം പോലെയാണ്. പുറമേ നിന്ന് നോക്കിയാൽ ശാന്തമായി തോന്നാം. ആ ശാന്തത ആഴത്തെ അളക്കുന്നില്ല. ആഴത്തിലേക്ക് ഇറങ്ങിചെല്ലുമ്പോൾ അർത്ഥതലങ്ങൾ തെളിഞ്ഞു വരും. ഒ.എൻ.വി. ആദ്യമായി സൈലന്റ് വാലിയിൽ പോയി മടങ്ങി വരാൻ സമയം അവിടുത്തെ സന്ദർശക പുസ്തകത്തിൽ കുറിച്ചിട്ട വരികളിൽ ചിലവ ഇങ്ങനെ ആയിരുന്നു.

എന്നുമിവിടെ വരാനെനിക്കാവില്ല
എങ്കിലുമീത്താഴ്‌വര തൻ സ്മൃതിയുമായ്
യാത്രയാകുന്നു ഞാൻ പോയ് വരട്ടെ, ഭൂത
ധാത്രിതൻ പൊൻ മകളേ, വിടനൽകുക

നിറഞ്ഞ ധന്യതയോടെ കവി ഇങ്ങനെ എഴുതി.

എത്തേണ്ടിടത്തെത്തുവാനിനി
എത്രയുണ്ടെത്രയുണ്ടെന്നറിയാത്തൊരീ യാത്രയിൽ
തമ്മിൽ ചുമലൊത്തു വീണ്ടും ചുവടുവച്ച്
ഉന്മതൻഹ്ലാദവിഷാദങ്ങളൊക്കെയും
പങ്കുവച്ച് അന്തരാപങ്കുവച്ചങ്ങനെ സഞ്ചരിക്കെ
വന്നു മറ്റൊരിടവേള......

മന്ദമായ് മധുരമായ് സൗമ്യധീരനായ്, ജീവിതം കനിഞ്ഞു നൽകിയതിനും, നൽകാൻ മടിച്ച വയ്ക്കും ഒരുപോലെ എന്നേ കവി നന്ദി പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

നന്ദി! നീ തന്നൊരിളം നീലരാവുകൾ
ക്കെന്നെക്കുളിരണിയിച്ച നിലാവുകൾ
ക്കെന്നെച്ചിനിപ്പിച്ച നക്ഷത്ര മുല്ലകൾ
ക്കെന്റെയേകാന്തത തൻ......................................
..............................................................................
................. എനിക്ക് കനിഞ്ഞു നീ തന്നതിനെല്ലാം പ്രിയപ്പെട്ട ജീവിതമേ നന്ദി! നന്ദി !
(നന്ദി)

എങ്കിലും കവി ശ്രേഷ്ഠാ, ഒന്നിനി എഴുതാതെ വയ്യ കൈരളിക്കേകിയ തൻ മുത്തുകൾക്കെല്ലാം നന്ദി!

ഒരായിരം പ്രണാമം

---

*25-ാം പേജിൽ നിന്നും തുടർച്ച*

ഷ്മീരിൽ നിന്നുള്ള മടക്കയാത്ര ബദരീനാഥിലേക്കായിരുന്നു. കൂടുതൽ കൂടുതൽ അദ്വൈത വ്യാഖ്യാനങ്ങളിൽ മുഴുകി കുറെനാൾ അവിടെ കഴിഞ്ഞു.

തന്റെ ജീവിതയാത്ര അവസാനിക്കാറായി എന്ന് ശങ്കരൻ തിരിച്ചറിഞ്ഞു.

അപ്പോൾ ശങ്കരന് 32 വയസ്സ് (എ.ഡി. 820). 24 വർഷത്തെ നിരന്തര യാത്രകൾക്ക് അവസാനമാകുന്നു.

അങ്ങനെ കേദാർനാഥിലേക്ക് ആ പരിശുദ്ധമായ ഹിമാലയ ഭൂമിയിൽ സമാധിയാകാൻ.

നാലു പ്രധാന ശിഷ്യൻമാർ ശങ്കരനോടൊപ്പം ചെല്ലാൻ തയ്യാറായി. ശങ്കരൻ അവരെ തടഞ്ഞു. തനിയ നീങ്ങിയ ശങ്കരൻ ക്രമേണ അപ്രത്യക്ഷനായി ശിവനിൽ ലയിച്ചുവത്രെ.

കേദാർനാഥിലെ ശങ്കര സമാധിയിൽ വർഷത്തിലൊരിക്കൽ മാത്രം ഗുരുപൂർണ്ണിമ ദിനത്തിൽ മാത്രം വിളക്കു കൊളുത്തുകയും പൂജകൾ നടത്തുകയും ചെയ്യുന്നു.

തൃശൂരിലെ വടക്കുന്നാഥക്ഷേത്രത്തിനകത്ത് ശങ്കരാചാര്യക്ഷേത്രം സ്ഥാപിക്കപ്പെട്ടു. അവിടെ പൂജാദി കർമ്മങ്ങൾ നടന്നുവരുന്നു.

ശ്രീ ശങ്കരാചാര്യരുടെ മഹത്വത്തെക്കുറിച്ച് ജവഹർലാൽ നെഹ്റു എഴുതിയ Discovery of India യിൽ നിന്ന് ഒരു ഖണ്ഡിക കൂടി ചേർത്തു കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കട്ടെ.

Jawaharlal Nehru (Discovery of India)

Adi Sankaracharya store hard to synthesise the diverse currents that were troubling the mind of India of his day; and to build a unity of outlook out of that diversity. In a brief life of 32 years, he did the work of many long lives and left such an impression of his powerful mind and rich personality on India that it is very evident even today. He was a curious mixture of a Philosopherand a scholar, an agnostic and a mystic, a poet and a saint, and in addition to all this, a practical reformer and an able organiser.

# ചിലപ്പതികാരത്തിന്റെ ചിലമ്പൊലികൾ



പത്മജ മേനോൻ

ഭൂതകാലത്തിന്റെ സ്മൃതികളിൽ ആലസ്യം പൂണ്ട് നില്ക്കുന്ന മഹോദയപുരം അല്ലെങ്കിൽ നമ്മുടെ നാവിൽ തത്തിക്കളിക്കുന്ന കൊടുങ്ങല്ലൂർ പട്ടണം. കടലിലെ ഓളങ്ങൾക്കും, ആഞ്ഞു വീശുന്ന കാറ്റിനും, ആകാശത്തിൽ ഒഴുകി നടക്കുന്ന മഴമേഘങ്ങൾക്കും എന്തിനേറെ ഓരോ മണൽത്തരി പോലും ആവേശഭരിതമാണ്. ചരിത്രത്തിന്റെ കഥ പറയുവാൻ അവർക്ക് ആയിരം നാവുകളുള്ളതു പോലെ. സംഘകാലത്ത് പ്രതാപത്തിന്റെയും, സമ്പന്നതയുടെയും കേദാരമായ രാജകുടുംബം. വാദ്യ ഘോഷങ്ങളുടെയും, കലകളുടെയും, കേളീ രംഗമായിരുന്ന രാജകൊട്ടാരം വർഷങ്ങൾ ദ്രുത ഗതിയിൽ നീങ്ങിയപ്പോഴും പൈതൃക സ്മരണകൾ ഉണർത്തികൊണ്ട് രാജകൊട്ടാരം മധുരസ്മരണകൾ അയവിറക്കി തേങ്ങലുകൾ അടക്കിപ്പിടിച്ച് വീണ്ടുമൊരു ഉണർവിനായി കാത്തിരിക്കുന്നതുപോലെ.

നമ്മൾ ആരൊക്കയോ, എന്തെക്കെയോ ആണെന്ന ഭാവത്തിൽ ജീവിക്കുമ്പോഴും ഒരു ഗൂഢസ്മിതത്തോടെ കാലം കടന്നു പോകുകയാണ്. ആ മന്ദഹാസത്തിനു പിന്നിൽ എന്താണ് ഒളിഞ്ഞിരിക്കുന്നത്? പരിഹാസമാണോ? അതോ സഹതാപമാണോ? അപ്പോഴാണ് കാലത്തിനു മുന്നിൽ നമ്മളാരും ഒന്നുമല്ലെന്ന നഗ്ന സത്യം പകൽ പോലെ തെളിഞ്ഞത് ആറടി മണ്ണിൽ എരിഞ്ഞു തീരുകയാണ് എല്ലാം.

പട്ടണത്തിനു നടുവിൽ കൊടുങ്ങല്ലൂർ ക്ഷേത്രം. രൗദ്രഭാവം പൂണ്ട സർവ്വ സംഹാര പ്രതീകമായ കണ്ണകിയെ കാണുവാൻ മനസ്സിൽ അടങ്ങാത്ത അഭിനിവേശമായിരുന്നു. ക്ഷേത്രത്തെ നോക്കി കുറച്ചു നിമിഷം ഉൾകിടിലത്തോടെ നിന്നു. ക്ഷേത്രത്തിൽ പ്രവേശിച്ച ആ നിമിഷത്തിൽ മനസ്സിലും സിരകളിലും കോരിത്തരിപ്പിക്കുന്ന ഒരു അലൗകിക ശക്തി ഇരച്ചു കയറി. ആൽമരവും പേരാലും കൊണ്ട് നിബിഡമായ ക്ഷേത്രസമുച്ചയം. ആൽമരങ്ങളിൽ നിന്ന് തൂങ്ങി ക്കിടക്കുന്ന കാട്ടുവള്ളികൾ വെറുതെ അതിനെ പിടിച്ച് ഊഞ്ഞാൽ പോലെ ആട്ടി. ഉത്സവം കൊടികയറിയിരിക്കുന്നു. കൊടിമരമില്ലാത്ത ക്ഷേത്രത്തിൽ മരങ്ങളിൽ നിറച്ചും കൊടിക്കൂറകൾ കെട്ടിതൂക്കിയിരിക്കുന്ന മനോഹരമായ കാഴ്ച കണ്ണിനും, മനസ്സിലും, തേരോട്ടമായി മാറി. ആലിലകൾക്കിടയിലും, പേരാലിന്റെ ചില്ലകളിലും കല പില കൂട്ടുന്ന പക്ഷികൾ പറയുന്നതും അമ്മയുടെ ചിലപ്പതികാരത്തിന്റെ കഥയല്ലേ?. റാഞ്ചി പറക്കുന്ന കൃഷ്ണ പരുന്തിനും, വട്ടം പറക്കുന്ന പൂമ്പാറ്റകൾക്കും പറയുവാനുള്ളതും മറ്റൊന്നല്ല അമ്മയുടെ കഥകൾ മാത്രം. നൻമയുടെയും, തിൻമയുടെയും സത്യത്തിന്റെയും, അസത്യത്തിന്റെ യും കഥകൾ പറഞ്ഞു തന്ന ദേവീ ദുഷ്ടരെ നിഗ്രഹിച്ച് ശിഷ്യരെ പരിപാലിച്ചു. കാവു തീണ്ടി ഉറഞ്ഞുതുള്ളുന്ന കോമരങ്ങൾ ദേവീയുടെ ക്രോധത്തിന്റെ പ്രതിരൂപങ്ങളായിട്ടാണ് നമ്മൾക്ക് അനുഭവപ്പെടുന്നത്.

തന്റെ ചിത്തം യുഗാന്തരങ്ങളുടെ പിന്നിലേക്ക് ഒരു തടില്ലത പോലെ പാഞ്ഞു പോകുകയാണ്. കാവേരി പട്ടണത്തിലെ ധനിക വ്യാപാരിയുടെ മകനായ കോവലൻ ഗ്രാമത്തിന്റെ വിശുദ്ധിയും, നൻമയും, കൂടി കൊള്ളുന്ന അതി സുന്ദരിയായ കണ്ണകിയെ വിവാഹം ചെയ്തു. ഇരുവരും സസുഖം ജീവിക്കവേ വിധിയുടെ ക്രൂര ഹസ്തങ്ങൾ കണ്ണകിയുടെ മേൽ അമ്പെയ്ത്തു തുടങ്ങി. കോവലൻ മാധവി എന്ന നർത്തകിയിൽ ഭ്രമിക്കുകയും, അവർ അനുരാഗബന്ധരാവുകയും ചെയ്യുന്നു. നാട്യനർത്തകിയായ മാധവി ലാസ്യ ഭാവത്തോടെ കോവലനെ വശീകരിച്ചപ്പോൾ നാരി സമൂഹത്തിനു മുന്നിൽ അവൾ അപഹാസ്യ കഥാപാത്രമായി

മാറി. നിഷ്കളങ്കയായ കണ്ണകിയെ മറന്ന് കാണാപ്പുറങ്ങൾ തേടി ബന്ധങ്ങളുടെ സമവാക്യങ്ങളെല്ലാം തകർത്ത് നികൃഷ്ട തയിലേക്ക് കൂപ്പുകുത്തിയ കോവലൻ പുരുഷവർ ഗ്ഗത്തിന് അപമാനമായി മാറി. മാധവിക്കു വേണ്ടി തന്റെ സ്വത്തുക്കൾ എല്ലാം ചെലവാക്കി ആർഭാടപൂർവ്വം ജീവിതത്തെ ആഘോഷിച്ചപ്പോൾ അങ്ങ് ദൂരെ കണ്ണകി പാതിവൃത്തത്തോടെ തന്റെ പ്രിയ ഭർത്താവിനുവേണ്ടി കാത്തിരിക്കുകയായിരുന്നു. പണമെല്ലാം നഷ്ടപ്പെട്ട് താൻ ഒരു പിണമായി മാറുകയാണെന്ന് തിരിച്ചറിഞ്ഞ കോവലൻ കാലത്തിന്റെ തിരിച്ചടിയൊന്നോണം തെറ്റ് മനസ്സിലാക്കി കണ്ണകിയുടെ അടുത്ത് എത്തുന്നു. യാതൊരു ഭാവഭേദവുമില്ലാതെ തന്റെ ഭർത്താവിനെ സ്വീകരിച്ച കണ്ണകിയുടെ മഹത്വം സ്ത്രീ ജനതക്ക് തന്നെ അഭിമാനമായി മാറി. ക്ഷമിക്കുവാനും, സഹിക്കുവാനും, മറക്കുവാനും ആദ്യമായി നമ്മളെ പഠിപ്പിച്ചതും കണ്ണകിയാണ്. സ്ത്രീകളുടെ രണ്ടു വ്യത്യസ്ത ഭാവങ്ങളാണ് നമ്മൾക്ക് ഈ കഥയിലൂടെ ദർശിക്കുവാൻ കഴിഞ്ഞത്.

ഒരു ഇടവേളക്കുശേഷം വീണ്ടും പൂത്തുലഞ്ഞു അവരുടെ ദാമ്പത്യം. പിന്നീട് ജീവിക്കുവാനുള്ള തത്രപ്പാടിലായി. അവശേഷിച്ചിരുന്നത് രത്നങ്ങൾ നിറച്ച കണ്ണകിയുടെ ചിലമ്പുകൾ മാത്രമായിരുന്നു. സ്വമനസാലെ കണ്ണകി അത് കോവലന് നൽകി. അത് വിറ്റ് വ്യാപാരം നടത്തുവാനായി അവർ മധുരാ നഗരിയിലെത്തി.

പാണ്ഡ്യരാജവായ നെടും ചെഴിയനായിരുന്നു ആ കാലത്ത് മധുര ഭരിച്ചിരുന്നത്. മധുരാ നഗരത്തിലെ കൊട്ടാരത്തിന്റെ ശോഭയെ പറ്റി വർണ്ണിക്കുവാൻ മഹാകവികൾക്കു പോലും കഴിഞ്ഞിട്ടില്ലെന്നാണ് വാസ്തവം. അത്രക്കും അവർണ്ണനീയമായിരുന്നു ആ രാജകൊട്ടാരം. ഈ സമയത്ത് രാജ്ഞിയുടെ ഒരു ചിലമ്പ് മോഷണം പോയി. കണ്ണകിയുടെ ചിലമ്പുമായി ഏറെ സാമ്യമുള്ള രാജ്ഞിയുടെ ചിലമ്പിൽ മുത്തുകളായിരുന്നു. കണ്ണകിയുടേത് രത്നങ്ങളും. ചന്തയിൽ ചിലമ്പ് വിൽക്കുവാനെത്തിയ കോവലനെ കള്ളനെന്ന് മുദ്രകുത്തി ഭടൻമാർ പിടികൂടി. രാജാജ്ഞയനുസരിച്ച് കോവലന്റെ ശിരസ്സ് ഛേദിച്ചു. ഇതറിഞ്ഞ കണ്ണകി കോവലന്റെ നിരപരാധിത്വം തെളിയിക്കുവാനായി ഓടി എത്തി. തന്റെ എല്ലാമെല്ലാമായ ഭർത്താവിനെ നിഷ്കരുണം വധിച്ച രാജാവിന്റെ മുന്നിൽ കണ്ണകി ആർത്ത് അട്ടഹസിച്ച് തന്റെ ചിലമ്പിനെ എറിഞ്ഞ് ഉടച്ചു. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തോടെ രത്നങ്ങൾ ചിന്നിചിതറി രാജ്ഞിയുടെ ചിലമ്പിൽ നിന്ന് മുത്തുകളും ചിതറി. തന്റെ ഭർത്താവിനോടുള്ള അണയാത്ത പ്രണയവും അദ്ദേഹത്തിന്റെ അറും കൊലയിൽ അടങ്ങാത്ത പകയും കണ്ണകിയിൽ നമ്മൾ കാണുമ്പോൾ നമ്മുടെ സിരകളിലും ധാർമ്മികത സട കുടഞ്ഞു എഴുന്നേൽക്കുകയാണ്. തങ്ങളുടെ തെറ്റ് മനസ്സിലാക്കിയ രാജാവും, രാജ്ഞിയും പശ്ചാതാപം കൊണ്ട് ഹൃദയം പൊട്ടി മരിച്ചു. കണ്ണകിയുടെ ക്രോധത്തെ ശമിപ്പിക്കുവാനൊന്നും ഇതുകൊണ്ടായില്ല. തന്റെ ഒരു മുല പറിച്ചെടുത്ത് മധുരാ നഗരിയിലേക്ക് എറിഞ്ഞ കണ്ണകി മധുരാ നഗരം വെന്തുവെണ്ണീറാകട്ടെ എന്ന് ശപിച്ചു. പാതി വൃത്തത്തിന്റെ മൂർത്തിമദ്ഭാവമായിരുന്ന കണ്ണകിയുടെ കണ്ണിൽ നിന്ന് പ്രവഹിച്ച അഗ്നി സ്ഫുലിംഗങ്ങൾ മധുരാനഗരത്തെ കത്തിച്ച് ചാമ്പലാക്കി. ഈരേഴു ലോകത്തും പ്രകമ്പനം കൊണ്ട ആ പ്രകടനം ചരിത്രത്തിന്റെ ഏടുകളിൽ ഇന്നും പ്രതിജ്വലിക്കുന്നു. ഒടുവിൽ നഗരദേവതയുടെ അപേക്ഷയനുസരിച്ച് കണ്ണകി ശാപം പിൻവലിച്ചു. പ്രതികാരദാഹിയായ കണ്ണകി അനീതികൾക്ക് നേരെ പോരാടി ഇവിടെ എത്തി ചേർന്നു. അങ്ങനെയാണ് വിശ്വപ്രസിദ്ധമായ കൊടുങ്ങല്ലൂർ ക്ഷേത്രം നമ്മൾക്ക് കിട്ടിയത്.

തിടുക്കപ്പെട്ട് ആളുകൾ ഇറങ്ങുന്നു നട അടക്കുവാനുള്ള സമയമായി ഈ നേരമത്രയും താൻ കാലന്തരങ്ങളിലൂടെ സഞ്ചരിക്കുകയായിരുന്നു. ദേവീയെ നോക്കി മിഴികൾ പൂട്ടിനിന്നപ്പോൾ ദേവിയുടെ ചിലപ്പതികാരത്തിന്റെ കഥ മനസ്സിൽ മായാത്ത നൊമ്പരമായി അവശേഷിച്ചു എല്ലാ വരും പോയികഴിഞ്ഞു. നിശീഥിനിയുടെ നിശബ്ദ തയിൽ നേർത്ത ചിലമ്പിന്റെ ശബ്ദം ചിലമ്പിൽ നിന്ന് ഉതിർക്കുന്ന ശബ്ദവീചികൾ യുഗാന്തരങ്ങൾ പിന്നിട്ടിട്ടും ദേവി കണ്ണകിയുടെ ചിലമ്പിന്റെ മാറ്റൊലിയായി ഇപ്പോഴും പ്രതിധ്വനിക്കുകയാണെന്ന് തോന്നുന്നു. അവാച്യമായ ഒരനുഭൂതിയോടെ പുറത്തേക്കു നടക്കുമ്പോൾ മനസ്സിൽ നിറയെ ഒരു തേങ്ങലോടൊപ്പം രൗദ്രഭാവം പൂണ്ട അമ്മയുടെ തിരുമുഖവുമായിരുന്നു.

# ഭക്തഹനുമാൻ



രാജലക്ഷ്മി എം.

ഒരിക്കൽ വിനോദാർത്ഥം ശിവനും പാർവ്വതിയും വാനരവേഷം ധരിച്ച് കാമലീല ആടി. പാർവ്വതി ഗർഭിണിയായി. ഒരു മർക്കട പൈതലിന്റെ മാതൃത്വം വഹിക്കാൻ പാർവ്വതിക്ക് വിഷമം തോന്നിയതിനാൽ ആ ഗർഭത്തെ വായുവിനെ ഏല്പിച്ചു. വായുവാകട്ടെ കേസരി എന്ന കപിവരന്റെ പത്നി അഞ്ജനയുടെ ഗർഭാശയത്തിൽ നിക്ഷേപിച്ചു. അഞ്ജന ദേവഗുരു ബ്രഹസ്പതിയുടെ ദാസി പുഞ്ജികയായിരുന്നു. ഒരു ദിവസം കാമപൂർത്തി പൂണ്ട അവൾ ഗുരുവിന്റെ കയ്യിൽ കടന്നു പിടിച്ചു, ആളും തരവും മറന്ന് അന്ധമായി പേക്കൂത്താടാൻ തുനിഞ്ഞ നീ ചപലത്വമുള്ള വാനരസ്ത്രീയാകട്ടെ എന്ന് ഗുരുജി അവളെ ശപിച്ചു. ശാപമോക്ഷം ആവശ്യപ്പെട്ടപ്പോൾ ശിവാംശത്തിൽ പിറന്ന കുഞ്ഞിന് ജൻമം നൽകി ആ കുഞ്ഞിന്റെ മുഖദർശനത്താൽ നിനക്ക് ശാപമോക്ഷം ലഭിക്കുമെന്ന് ഗുരു അനുഗ്രഹിച്ചു. അതുപ്രകാരം അഞ്ജന ഒരു ആൺകുഞ്ഞിന് ജൻമം നൽകി ഗന്ധർവ്വനാരി യായി ദേവലോകത്തേക്ക് മടങ്ങി.




മുലപ്പാല് കുടിക്കാതെ കയ്യും കാലും തല്ലി കരഞ്ഞു കൊണ്ടുകിടന്ന പൈതൽ ഉദിച്ചുയരുന്ന അരുണബിംബം കണ്ട് പഴമാണെന്ന് കരുതി അത് വിഴുങ്ങുവാൻ മേൽപ്പോട്ട് കുതിച്ചു. ആ സമയം രാഹു സൂര്യനെ ഗ്രസിക്കുവാൻ അടുത്ത് വന്ന് കൊണ്ടിരുന്നു. രാഹുവും പഴമാണെന്ന് കരുതി പൈതൽ അങ്ങോട്ടടുത്തു. രാഹു ഭയന്ന് ഓടി. ആ സമയത്ത് ഐരാവതത്തിന്റെ പുറത്ത് സഞ്ചരിച്ചിരുന്ന ദേവേന്ദ്രൻ അവിടെ എത്തി. അപ്പോൾ ആ പൈതൽ ഐരാവതത്തെ വിഴുങ്ങുവാൻ ഭാവിച്ചു. ഐരാവതം ഭയന്ന് അലറി. ദേവേന്ദ്രന് കോപം വന്ന് പൈതലിനെ വജ്രായുധം കൊണ്ട് പ്രഹരിച്ചു. പൈതൽ മൃതപ്രായനായി താഴെ പതിച്ചപ്പോൾ വായു കുഞ്ഞിനെ അതലലോകത്തിൽ കൊണ്ടുപോയി കിടത്തി. ലോകത്തിലുള്ള സർവ്വവായുവിനെയും ആവാഹിച്ച് കുഞ്ഞിന് വായു ജീവൻ നൽകാൻ ശ്രമിച്ചു. അതോടുകൂടി പ്രപഞ്ചം മുഴുവൻ വായു രഹിതവും നിഷ്പ്രപഞ്ചവുമായി. ഉടൻ ബ്രഹ്മാവ് മരിച്ച് കിടക്കുന്ന വാതാത്മജന്റെ മൃതശരീരം നാലു തൃകൈകളെ കൊണ്ട് തലോടി. കുഞ്ഞിന് ജീവൻ ലഭിച്ചു കണ്ണ് തുറന്നു. വായുഭഗവാൻ പ്രസന്നനായി. പഴയതുപോലെ പ്രപഞ്ചം വായുസഞ്ചാരമുള്ളതായി. (1) ബ്രഹ്മാവ് അനുഗ്രഹിച്ചു നീ ചിരം ജീവിയായി എന്നും ജീവിക്കുക. നിന്റെ ഹനു (താടി) സ്ഥാനം വജ്രായുധത്താൽ ക്ഷതപ്പെട്ടതിനാൽ നീ ഹനുമാനെന്ന നാമധേയത്താൽ വിഖ്യാതനായും, ലോകോത്തമ വിഷ്ണുഭക്തനായും തീരുമെന്ന് അനുഗ്രഹിച്ചു. (2) പരമശിവൻ അതിരറ്റ കഴിവുള്ളവനും,

വീരപരാക്രമിയും അതുല്ല്യ ശക്തിമാനുമായി തീരും. (3) ദേവേന്ദ്രൻ ശസ്ത്രങ്ങളേറ്റാൽ ഗാത്രത്തിൽ സ്പർശിക്കുകയില്ല. (4) പാവകൻ ശരീരത്തിൽ അഗ്നി ബാന്ധിക്കുകയില്ല.

അനിലൻ കുഞ്ഞിനെ അതീവ വാത്സല്ല്യത്തോടെ വളർത്തി. അതുല പരാക്രമിയും, അപ്രമേയനും, അത്ഭുതചരിതനുമായ ഹനുമാൻ ആദിത്യഭഗവാനെ ഗുരുവായി സ്വീകരിച്ചു. ആദിത്യന് അഭിമുഖമായി അദ്ദേഹം സഞ്ചരിക്കുന്നതിനോടൊപ്പം പൃഷ്ടം തിരിക്കാതെ പിറക്കോട്ട് പിറകോട്ട് നീങ്ങി ഒരു ദിവസത്തെ പകലും കൊണ്ട് 4 വേദങ്ങളും 6 ശാസ്ത്രങ്ങളും 108 ഉപനിഷത്തുകളും ഹനുമാൻ ഹൃദിസ്ഥമാക്കി.

ഗുരുദക്ഷിണയായി എന്ത് വേണമെന്ന് ചോദിച്ചപ്പോൾ നിന്റെ ബുദ്ധിസാമർത്ഥ്യവും ഭക്തിയും കൊണ്ട് എനിക്കുണ്ടായ ആനന്ദം അതാണ് നിന്റെ ഗുരുദക്ഷിണ. അത് കിട്ടിക്കഴിഞ്ഞു. ഹനുമാൻ വീണ്ടും നിർബ്ബന്ധിച്ചപ്പോൾ എന്റെ പുത്രൻ സുഗ്രീവൻ ബാലിയെ ഭയന്ന് ഋശ്യ മൂകാചലത്തിൽ കഴിയുന്നു. അവന്റെ വിശ്വസ്ത സചിവനായി സേവനം ചെയ്യുക. എന്നനുഗ്രഹിച്ചു. അതനുസരിച്ച് വായുവിന്റെ സമ്മതത്തോടെ സുഗ്രീവന്റെ അടുത്ത് താമസമാക്കി.

ബാലി നിത്യവും 4 സമുദ്രങ്ങളിലും തർപ്പണം ചെയ്തിരുന്നത് ഋശ്യമൂകാചലത്തിലെ മണ്ണിൽ കാൽ തൊടാതെ സുഗ്രീവന്റെ തലയിൽ ചവുട്ടികൊണ്ടായിരുന്നു. തന്റെ സ്വാമി അനുഭവിക്കുന്ന വേദനയിൽ നിന്നും മുക്തനാക്കുവാൻ ഒരു ദിവസം സുഗ്രീവ ശീർഷത്തിൽ ചവുട്ടിയ ബാലിയുടെ കാലിൻമേൽ ഹനുമാൻ തൂങ്ങിക്കിടന്നു. സർവ്വശക്തിയുമെടുത്ത് ബാലി കാൽവലിച്ച് പൊക്കാൻ നോക്കി. മേരുപർവ്വതം കാലിൽ തൂങ്ങിക്കിടക്കുന്ന പ്രതീതി ബാലിക്ക് അനുഭവപ്പെട്ടു. അവസാനം ഇനിമേലാൽ സുഗ്രീവന്റെ ശിരസ്സിൽ ചവിട്ടില്ല എന്ന പ്രതിജ്ഞയിൻമേൽ ബാലിയെ വിട്ടയച്ചു.

മതംഗ മഹർഷിയുടെ ശാപത്താൽ ബാലി കേറാമലയായ ഋശ്യമൂകാചലത്തിൽ സുഗ്രീവൻ താമസമാക്കി. മായാസുരന്റെ മകനായ മായാവിയും ബാലിയും യുദ്ധം ചെയ്ത് മായാവി ഗുഹയിൽ ഒളിച്ചു. ക്ഷീരമാണ് പുറത്ത് വരുന്നതെങ്കിൽ മായാവി മരിച്ചതായും ചോര ഒഴുകുന്നത് കണ്ടാൽ ഗുഹയുടെ കവാടം അടച്ചുകൊള്ളാനും പറഞ്ഞതനുസരിച്ച് സുഗ്രീവൻ ചോര ഒഴുകുന്നത് കണ്ട് ഗുഹയുടെ കവാടം അടച്ചു രാജ്യഭരണം ഏറ്റെടുത്തു. അത് മായാവിയുടെ തന്ത്രമായിരുന്നു എന്ന കാര്യം സുഗ്രീവൻ അറിഞ്ഞില്ല. എന്നാൽ ബാലി വിജയം കൈവരിച്ച് തിരിച്ച് വന്ന് പഴിചുമത്തി സുഗ്രീവനെ വധിക്കാൻ ഒരുമ്പെട്ടപ്പോൾ സുഗ്രീവൻ ഇവിടെ അഭയം പ്രാപിച്ചു.

**ബാലി**

പാലാഴി മഥന കാലത്ത് ബാലി ഒറ്റയ്ക്ക് ഇരുകൈകളാലും വാസുകിയെ വലിച്ച് മന്ദരപർവ്വതം കടഞ്ഞ് പർവ്വതം താഴേക്ക് പോയി. ലങ്കാധിപനായ രാവണനെ വാലിൻമേൽ തൂക്കികൊണ്ട് 4 സമുദ്രങ്ങളിലും മുക്കി ചാടികളിച്ചവൻ. നേരിട്ട് യുദ്ധം ചെയ്യുന്നവന്റെ പകുതി ബലം ബാലിക്ക് ലഭിക്കും. അത്രയ്ക്ക് അതുല്ല്യ ബലവാനാണ്. കൊമ്പുകളിൽ പിടിച്ച് ഇളക്കി കുലുക്കി കഴുത്ത് ഞരിച്ച് പറിച്ചെടുത്ത് ദുന്ദുഭിയുടെ തല വലിച്ചെറിഞ്ഞപ്പോൾ അത് മാംസവും മജ്ജയും ചോരയും ചിതറി തെറിച്ചു വീണത് മന്ദരപർവ്വതം പോലെ മതംഗാശ്രമവാടിയിൽ പതിച്ചു. ആന കുത്തിയാൽ പോലും അത് അനങ്ങില്ല. മഹർഷി ബാലിയെ ശപിച്ചു ഇവിടെ നീ കാല് കുത്തിയാൽ നിന്റെ തല പൊട്ടിതെറിക്കട്ടെ എന്ന്. ബാലി ഇടയ്ക്കിടയ്ക്ക് സപ്തസാലങ്ങൾ കുലുക്കി ബലപരീക്ഷണം നടത്തി ആ വൃക്ഷ ങ്ങളുടെ ദളങ്ങൾ മുഴുവനും കൊഴിക്കും. പണ്ട് ചന്ദ്രവംശത്തിൽ മണിഭദ്രൻ എന്ന് പേരായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന് കവികയിൽ ജനിച്ച 7 പുത്രൻമാർ അസുരശിൽപ്പി മയനിൽ (രാവണപത്നി മണ്ഡോദരി) യുടെ പിതാവിൽ നിന്നും അനേകം മായാവിദ്യകൾ അഭ്യസിച്ചു. ഒരിക്കൽ ആ പുത്രൻമാർ വിനോദാർത്ഥം ഒരു മായാസർപ്പത്തെ സൃഷ്ടിച്ച് അവർ ഋശ്യമൂക പർവ്വതത്തിന് സമീപം എത്തിയപ്പോൾ അഗസ്ത്യമുനി ചമതകൾ ശേഖരിച്ച് വരുന്നത് കണ്ടു. അവർ വാഹനമായ മായാസർപ്പത്തെ ഭൂമിക്കിടയിൽ വൃത്തവളയമായി ഒളിപ്പിച്ചു അതിന്റെ മുകളിൽ 7 കൂറ്റൻ സാലമരങ്ങളായി രൂപം പൂണ്ട് നിന്നു. മഹർഷി നടന്ന് വന്ന് അവരുടെ നടുവിൽ പെട്ടു. മരങ്ങൾ തൊട്ടുരുമ്മി നിന്നിരുന്നതിനാൽ മുനിക്ക് ഒരു വശത്തുകൂടിയും പോകുവാൻ നിവൃത്തിയില്ലാതായി. ദിവ്യദൃഷ്ടിയാൽ അദ്ദേഹം, കാര്യം മനസ്സിലാക്കി ഈ നിലയിൽ നിങ്ങൾ

എന്നും നിൽക്കാൻ ഇടവരട്ടെ എന്ന് ശപിച്ചു.

അപകടം മനസ്സിലാക്കിയ രാജകുമാരൻ മാർ ശാപമോചനം യാജിച്ചു. അനേകം ശതവർഷങ്ങൾ കഴിഞ്ഞ് ത്രേതായുഗത്തിന്റെ മധ്യത്തിൽ രഘുരാമൻ വന്ന് നിങ്ങൾക്കു മോചനം നൽകുംഎന്ന് മുനി അനുഗ്രഹം നൽകി. അതുപോലെ തന്നെ ശ്രീരാമൻ ഒരു ബാണമെടുത്ത് ഭൂമിക്കിടയിലേക്ക് തൊടുത്തുവിട്ടപ്പോൾ സർപ്പത്തിന്റെ മസ്തകം ഭേദിച്ച് അത് നിവരുകയും വൃക്ഷങ്ങൾ ഒരേ വരിയിലായി നിവരുകയും ചെയ്തു. ശ്രീരാമന് ഒരസ്ത്രം കൊണ്ട് ഒരേ സമയത്ത് സപ്തമഹാസാലങ്ങളെയും മുറിച്ചിടുവാനും സാധിച്ചു. ഇതേ രീതിയിലാണ് പഞ്ചവടിയിൽ 5 ഗന്ധർവ്വൻമാരെ അഗസ്ത്യ മഹർഷി ശപിച്ചത്.

പാണ്ഡവൻമാർ ഇന്ദ്രപ്രസ്ഥത്തിൽ താമസിക്കുമ്പോൾ ഒരു ദിവസം കരഞ്ഞു കൊണ്ട് ഒരു ബ്രാഹ്മണൻ അർജ്ജുനന്റെ അടുത്തു വന്ന് പറഞ്ഞു രക്ഷിക്കണം, എന്റെ പശുക്കളെ അക്രമികളിൽ നിന്നും രക്ഷിച്ചു തരണം എന്ന് ആവശ്യ പ്പെട്ടു. അർജ്ജുനൻ ആയുധമെടുക്കാൻ അറപ്പുരയിലേക്ക് ഓടിക്കയറി. അവിടെ ധർമ്മപുത്രർ പാഞ്ചാലിയുമായി സല്ലപിച്ചു കൊണ്ടിരിക്കുക യായിരുന്നു. പാഞ്ചാലി പാണ്ഡവരിൽ ആരുടെ കൂടെ കഴിയുമ്പോഴും അബദ്ധത്തിലാണെങ്കിലും ചെന്നുപെട്ടാൽ ആ ആൾ ഒരുവർഷം തീർത്ഥാടനത്തിന് പോകണമെന്ന വ്യവസ്ഥയുണ്ട്. അതി നാൽ ആരൊക്കെ തടഞ്ഞിട്ടും അർജ്ജുനൻ തീർത്ഥാടനത്തിന്നൊരുങ്ങി. വനത്തിൽ വച്ച് നാഗകന്യക ഉലൂപിയെ വിവാഹം ചെയ്ത് ഇരവാൻ എന്ന പുത്രൻ ജനിച്ചു. പിന്നീട് ചിത്രവാഹന രാജാവിന്റെ പുത്രിയായ ചിത്രാംഗദയെ വിവാഹം ചെയ്ത് അവർക്ക് ബദ്രുവാഹതൻ എന്ന പുത്രൻ ജനിച്ചു. ഇവരെയെല്ലാം ഇന്ദ്രപ്രസ്ഥത്തിലേക്ക് കൂട്ടികൊണ്ടു പോകാമെന്ന് പറഞ്ഞ് യാത്രതുടർന്നു ദക്ഷിണ ദിക്കിൽ എത്തിച്ചേർന്നു. അഗസ്ത്യ തീർത്ഥത്തിൽ ശാപം മൂലം മുതലകളായി കിടന്നിരുന്ന വർഗ്ഗ എന്ന അപ്സരസ്സിനും കൂട്ടുകാരികൾക്കും ശാപമോക്ഷം നൽകി, അവസാനം രാമേശ്വരത്ത് എത്തിച്ചേർന്നു. തീർത്ഥസ്താനം കഴിഞ്ഞ് ശ്രീരാമൻ ലങ്കയിലേക്ക് പോകുവാൻ നിർമ്മിച്ച പാലം കണ്ടിട്ട് അതിന്റെ വലുപ്പത്തിലും ഉറപ്പിലും ഭംഗിയിലും അത്ഭുതപ്പെട്ടു. വില്ലാളി വീരനായ രാമന് സ്വയം ശരംകൊണ്ട് പാലം നിർമ്മിക്കാമായിരുന്നില്ലേ? എന്തിന് ഈ പാവങ്ങളായ വാനരൻമാരെ കൊണ്ട് പറകളും മലകളും ചുമപ്പിച്ചു സേതുബന്ധനം നിർമ്മിക്കണമായിരുന്നോ? ഈ സംശയം അടുത്തു കണ്ട താപസനോട് ചോദിച്ചു. ഇത് കേട്ട് അടുത്ത് നിന്ന വാനരകുമാരൻ പറഞ്ഞു ശ്രീരാമപ്രഭു ശരം കൊണ്ട് സേതു നിർമ്മിച്ചിരുന്നുവെങ്കിൽ വാനരൻമാർ അതിൽ കയറിയാൽ പാലം തകർന്നുപോകുമായിരുന്നു. അർജ്ജുനൻ ഇത് നിഷേധിച്ചു. പിന്നെ! ശ്രീരാമചന്ദ്രൻ നിർമ്മിക്കുന്ന ശരസേതു തകർക്കാൻ മാത്രം ഒരു കുരങ്ങനും ആയിട്ടില്ല. കഴിയുമെന്ന് ബാലനും, രണ്ടുപേരും തമ്മിൽ തർക്കമായി. അവസാനം അർജ്ജുനൻ നിർമ്മിക്കുന്ന ശരസേതു വാനരബാലൻ തകർക്കുകയാണെങ്കിൽ താൻ അഗ്നിയിൽ ചാടി ജീവത്യാഗം ചെയ്യുമെന്നും മറിച്ച് വാനരബാലൻ തകർക്കുവാൻ കഴിഞ്ഞില്ലെങ്കിൽ പാർത്ഥന്റെ ദാസനായി വസിച്ചോളാമെന്നുള്ള വ്യവസ്ഥ വച്ചു. അങ്ങിനെ അർജ്ജുനൻ നിർമ്മിക്കുന്ന ശരസേതു ഓരോന്നും വാനരബാലൻ തകർത്തുകൊണ്ടേ ഇരുന്നു. ഗത്യന്തരമില്ലാതെ അർജ്ജുനൻ വ്യവസ്ഥ സ്വീകരിക്കാൻ തയ്യാറായി. അഗ്നികുണ്ഡമുണ്ടാക്കി അതിന് വലം വച്ചുകൊണ്ടിരുന്നപ്പോൾ ഒരു ബ്രാഹ്മണ ബാലൻ ഓടിവന്ന് പറഞ്ഞു ഒരു മദ്ധ്യസ്ഥനില്ലാത്ത കരാർ നിയമവിരുദ്ധമാണ്. വാക്ക് പാലിക്കണമെന്ന് നിർബന്ധമാണെങ്കിൽ എന്നെ മദ്ധ്യസ്ഥനാക്കി ഒരിക്കൽ കൂടി മത്സരിക്കൂ അർജ്ജുനൻ ആ വ്യവസ്ഥ സ്വീകരിച്ചു. കൃഷ്ണനെ മനസാ പ്രാർത്ഥിച്ചുകൊണ്ട് ശരസേതു നിർമ്മിച്ചു. ബാലവാനരൻ ശരീരം വലുതാക്കി സർവ്വ ശക്തിയും ഉപയോഗിച്ച് നോക്കിയിട്ടും സേതു തകർക്കാൻ കഴിഞ്ഞില്ല. ഇതെന്തൊരു മറിമായം ഭഗവാനെ! ശ്രീരാമചന്ദ്രപ്രഭോ! എന്ന് പറഞ്ഞു കൊണ്ട് സാക്ഷാൽ ഹനുമാനായ ആ വാനര ബാലനും ശ്രീകൃഷ്ണഭഗവാനെ! എന്ന് പാർത്ഥനും ഭഗവാനായ ബ്രാഹ്മണ ബാലന്റെ കാൽക്കൽ സാഷ്ടാംഗം നമസ്ക്കരിച്ചു. ഭഗവാൻ രണ്ടുപേരെയും അനുഗ്രഹിച്ച് രണ്ട് പേരുടെയും ഗർവ്വ് ശമിപ്പിച്ചു.

(തുടരും)

# വന്നു കണ്ടു പോയി



ജി.മാധവൻ നായർ

കോരിച്ചൊരിയുന്ന മഴയും, കുറ്റാകുറ്റിരുട്ടും കാര്യമായി കണക്കാക്കാതെ, കാളീന്ദി വർണ്ണമായ ആ കാർ കുതിച്ചു. വിമാന താവളത്തിലെത്തണമെങ്കിൽ ഇനിയും കുറച്ചു കൂടി ദൂരം പോകണം നിരത്താകെ വെള്ളം നിറഞ്ഞു കിടക്കുകയാണ്. വരുന്ന വാഹനങ്ങൾ തങ്ങിക്കിടക്കുന്ന ജലം തട്ടി തെറിപ്പിച്ചു കൊണ്ട് മുന്നേറുന്നു. ദേശീയ പാതയിൽ അധികൃതർ കാൽ നടക്കാരെപ്പറ്റി ആലോചിട്ടുപോലുമില്ല. നിരത്തിലൂടെ നടക്കുന്ന നിർഭാഗ്യവാൻമാർ, നനഞ്ഞു കുതിർന്ന വസ്ത്രങ്ങളോടൊട്ടിയ ശരീരവുമായി നിരങ്ങി നീങ്ങുന്ന രംഗം സഹതാപാർഹമാണ്. ഒരിക്കലും വഴിയാത്രകാർക്ക് ഒരു മുക്തിയുമില്ല.

വാഹനമോടിക്കുന്ന ഭർത്താവിനെ അവളൊന്നു പാളി നോക്കി. ചീറുന്ന മഴയേയും, വൃക്ഷങ്ങളെയാകെ, ആടി ഉലയ്ക്കുന്ന തെന്നലിനേയും പാടേ അവഗണിച്ച് നീങ്ങുന്ന സാരഥി. ചെറുപ്പത്തിന്റെ കൂസലില്ലായ്മ ആ ശകടത്തിന്റെ വേഗതയിൽ നിന്ന് ദൃശ്യമായി ജർമ്മൻ സാങ്കേതിക വിദഗ്ദ്ധരാൽ, നമ്മുടെ നാട്ടിൽ നിർമ്മിക്കപ്പെട്ടതാണീയന്ത്രാശ്വം. യാഗതുരഗം കുതിച്ചു പായുന്ന പോലെയാണ് പ്രയാണം. ദൂരെ വിമാന താവളത്തിലെ പ്രകാശധാര അവരുടെ ദൃഷ്ടിക്ക് ഗോചരമായി തുടങ്ങി. വലിയ താമസമില്ലാതെ, ആ സ്ഥലത്തെ പ്രത്യേക പാതയിലൂടെ, കെട്ടിട സമുച്ചയങ്ങളുടെ അടുത്തെത്തി.

വാഹനം അത് നിർത്തിയിടേണ്ട സ്ഥലത്തെത്തിച്ച്, അതിനു കൂലിയായിട്ടുള്ള പണമടച്ച് അവർ രണ്ടുപേരും ചെറിയ വേലി കടന്ന് മെല്ലെ നടന്നു. വിമാനം വരുന്ന സ്ഥലത്തിനു പുറത്തുള്ള, കെട്ടിടത്തിലെ വിശാലമായ ശാലയിൽ ചെന്ന്, നിലയുറപ്പിച്ചു. രാത്രിയാണെങ്കിൽ കൂടി ജനക്കൂട്ടത്തിന് ഒരു കുറവുമില്ല. വിവിധ സ്ഥലങ്ങിലേക്ക് വന്നും, പോയുമിരിക്കുന്ന ഒട്ടേറെ പക്ഷി കളുടെ സമയവിവരം കാണിക്കുന്ന ചാലക ദൃശ്യങ്ങൾ ക്രമാനുഗതം കാണപ്പെടുന്നു.

ഒരു നീണ്ട കാത്തിരിപ്പിനുശേഷം അവർ പ്രതീക്ഷിച്ച പ്രത്യേക വിമാനമെത്തിച്ചേർന്നു.

രാജ്യാന്തരവരവായതിനാൽ യാത്രക്കാർക്ക് കടുത്ത പരിശോധനകൾ ഒന്നും വേണ്ടിവരാറില്ല. തിരക്കിലൂടെ വരുന്നവരുടെ നിരകളിൽ ഓടി കളിച്ചു വരുന്ന രണ്ടു കുട്ടികളെ കണ്ടു. അത് തന്റെ സ്വന്തം സഹോദരിയുടെ മക്കളാണെന്നവൾ മനസ്സിലാക്കി. അനുജത്തിയുടെ കൂടെയായിരിക്കും മൂത്തമകൾ. അവർ പരിശോധനയ്ക്കുള്ള മേശയുടെ മുമ്പിലെത്തിയിരിക്കുന്നു. അവിടെ നിന്നും വേഗത്തിൽ തന്നെ പുറത്തേയ്ക്ക് കടക്കാം. അല്പനേരം കഴിഞ്ഞു സഹോദരിയേയും, അവളുടെ മക്കളേയും, ദൂരെ നിന്ന് നടന്നുവരുന്നത് അവർ കണ്ടു. പെട്ടികളുടുക്കിയ ട്രോളി ഉരുട്ടി കൊണ്ട് നടക്കുന്നവരുടെ കൂടെ, കൂടപ്പിറപ്പിന്റെ ഒരേ ഒരു ആൺതരി അനുഗമിച്ചിരുന്നു. കവാടത്തിലെത്തിയപ്പോൾ കുട്ടികളെല്ലാം ഒന്നിച്ച് ഉച്ചത്തിൽ വിളിച്ചു.

വല്യമ്മ, വല്ല്യച്ഛാ, വീ ആർ ഹിയർ (ഞങ്ങളിവിടെയെത്തി) മറുപടി പറയുവാൻ വിളിക്കാൻ വന്നവർക്ക് വാക്കുകളുണ്ടായില്ല. എത്രയോ, അകലെ നിന്നും പത്തു ദിവസത്തിനു വേണ്ടി, മുഴുവൻ പണവും ചിലവാക്കി വരുന്ന അവളുടേയും, മക്കളുടേയും നേർകാഴ്ച കണ്ടപ്പോൾ പുറത്ത് നിന്നിരുന്ന സഹോദരിയുടെ മനസ്സ് വിങ്ങി. അവർ അടുത്ത് വന്നപ്പോഴേയ്ക്കും, വെളിയിലുണ്ടായിരുന്നവർ ആകെ അസ്വസ്ഥരായി.

അനുജത്തി, ജ്യേഷ്ഠത്തിയെ ആശ്ലേഷിച്ച് കണ്ണുനീർ തുടയ്ക്കുമ്പോൾ, മുതിർന്നവൾ ഇളയ വളുടെ ഭർത്താവിനെ കുറിച്ചോർത്തു. അയാൾ ഒപ്പം യാത്ര ചെയ്ത് മുംബെയിലെത്തി, അവിടെ എല്ലാവരും ചേർന്നു ഭർത്തൃ സഹോദരിയുടെ വീട്ടിൽ തങ്ങി. ഔദ്യോഗിക കാര്യ

ങ്ങൾക്കായി ബാംഗ്ലൂരിലെത്തി, അവിടെ ഒരാഴ്ചയോളം ചിലവഴിക്കേണ്ടി വരുന്നതിനാൽ ഒരുപക്ഷേ നാട്ടിലെത്താൻ, ഭർത്താവിനു കഴിയില്ലെന്ന് മൂത്ത യാളെ താഴെയുള്ളവൾ ധരിപ്പിച്ചു. ഏതായാലും

ഈ സന്തോഷവേളയിൽ, വളരെയധികം ദൂരത്ത് താമസിക്കുന്ന സഹോദരിയേയും, അവളുടെ കുഞ്ഞുങ്ങളേയും കാണുവാൻ സാധിച്ചതിൽ, തന്റെ സഹോദരി ഭർത്താവിനോട് അങ്ങേയറ്റം കടപ്പെട്ടവളാണ് എന്ന് ജ്യേഷ്ഠത്തി, ഹൃദയത്തിന്റെ ഭാഷയിൽ അറിയിച്ചു.

വലിയ ഒരു വാഹനമായതിനാൽ, പിൻഭാഗത്തേ ഇരിപ്പടത്തിനു പുറകിൽ ഭാരം വയ്ക്കുവാൻ ധാരാളം സ്ഥലമുണ്ടായിരുന്നതിനാൽ രണ്ട് കുട്ടികളുടേയും വിസ്താരമുള്ള പെട്ടികൾ, അവിടെ വച്ചു. കൂടാതെ ഓരോരുത്തരുടേയും തോളത്തേറ്റാവുന്ന വലിയ സഞ്ചി കളുമുണ്ടായിരുന്നു.

എല്ലാവരും കയറിയശേഷം വാഹനം പ്രവർത്തിപ്പിച്ച്, നിർത്തിയിട്ടിരുന്നിടത്തു നിന്നും മെല്ലെ നിരത്തിലേയ്ക്കിറക്കി വിമാനത്താവളത്തിനു പുറത്തുള്ള വഴിയിൽ നിന്നും ദേശീയ പാതയിലെത്താൻ കുറച്ചു സമയം പിടിക്കും. യാത്രയെപറ്റിയും, കടന്നു വന്ന സ്ഥലങ്ങളിലെ വിശേഷങ്ങളും സംസാരിച്ച്, അവർ മുന്നേറി.

നഗരാതിർത്തിയിലുള്ള വീട്ടിൽ എത്തിച്ചേരുമ്പോഴേക്കും അടുത്ത ബന്ധുജനങ്ങൾ എല്ലാം ആഗതരായിരുന്നു. വർദ്ധിച്ചു വന്ന വാത്സല്യത്തോടെ അച്ഛനമ്മമാർ മകളേയും, പേരക്കിടാങ്ങളേയും കെട്ടി പുണർന്നു. പുളഗിതഗാത്രരായ എല്ലാവരും സന്തോഷാധിക്യത്താൽ കണ്ണുനീർ പൊഴിക്കുന്നുണ്ടായിരുന്നു. കാറിന്റെ പുറകുവശത്തെ അറ തുറന്ന്, കുട്ടികളും മുതിർന്ന ചെറുപ്പക്കാരനും ചേർന്ന്, സാധനങ്ങളെല്ലാം ഇറക്കി വച്ചു.

ആളുകൾ കുറച്ചൊന്നൊഴിഞ്ഞപ്പോൾ കുട്ടികൾ പ്രഭാത കർമ്മങ്ങളിലേക്ക് കടന്നു. യാത്ര ചെയ്ത് ക്ഷീണിച്ചു വന്ന മകൾ, അതൊട്ടും വക വയ്ക്കാതെ, അമ്മയോടൊത്ത് പാചകമുറിയിൽ നിന്നുകൊണ്ട് മറുനാട്ടിലെ വിശേഷങ്ങൾ വിവരിച്ചു. സംഭാഷണ മദ്ധ്യേ, അവളുടെ ഭർത്താവ് ഭാരതത്തിലെത്തിയിരിക്കുന്നത്, ഒരു വലിയ പദ്ധതിക്ക് രൂപം കൊടുക്കുന്നതിലേക്കാണ് എന്ന് പറഞ്ഞു. വെള്ളക്കാരൻ മേധാവി കൂടെയുള്ളതിനാൽ, ആസൂത്രണം ചെയ്ത പരിപാടി മുഴുവനാക്കിയിട്ടു, സമയം കിട്ടുകയാണെങ്കിൽ മാത്രമേ നാട്ടിലെത്തുകയുള്ളു എന്ന് കൂടി കൂട്ടി ചേർത്തു.

തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന ബന്ധു വീടുകളിലേക്ക് വൈകുന്നേരമായപ്പോൾ ഒരു സന്ദർശനം നടത്തി. അവരിൽ മിക്കപേരും അടുത്തു കാലത്തു തുടങ്ങിയ കടുത്ത പനിക്കും വീട്ടുമാറാത്ത ചുമയ്ക്കും അടിമപ്പെട്ടിരിക്കുന്നു. ചെറിയ കുട്ടികൾ, ഇപ്പോൾ ഗൃഹങ്ങളിൽ നന്നേ കുറവാണ്. ജനസംഖ്യ വർദ്ധനവ് തടയുന്നതിലേക്കുള്ള സർക്കാരിന്റെ അഭ്യർത്ഥന ബോധവാൻ മാരായ ഒരു കൂട്ടർ മാനിച്ചതായിട്ടാണ് കാണുന്നത്.

രാത്രിയിൽ മുത്തച്ഛൻ കുട്ടികളോടെപ്പമിരുന്ന് വിഢ്ഢിപ്പെട്ടിയിൽ ഒരുമലയാള ചിത്രം കണ്ടു. നാട്ടിൽ വന്ന്, സ്വന്തം മാതൃഭാഷയിൽ നിർമ്മിച്ച ചലചിത്രം ദർശിച്ചപ്പോൾ കുട്ടികൾ ഏറെ ആഹ്ലാദിച്ചു. പ്രത്യേകിച്ച് നൃത്തങ്ങളും, സംഗീതത്തിന്റെ കുളിർമ്മ പകർന്ന ഗാനങ്ങളും അവരെ ഏറെ ആകർഷിച്ചു. അതിനുശേഷം വേറെ താമസിക്കുന്ന മകളും ഭർത്താവും കുട്ടികളും വന്നു ചേർന്നവരുമെല്ലാം ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ചു.

ഉറക്കത്തിലേക്ക് വീഴും മുമ്പേ, അമ്മയോട് അടുത്ത ഞായറാഴ്ച തന്നെ തിരിച്ചു പോകണമെന്ന കാര്യം മകൾ പറഞ്ഞപ്പോൾ രണ്ടുപേർക്കും സങ്കടമായി. രണ്ടുവർഷം കൂടീട്ടാണ്, പരസ്പരം കാണുന്നത്. ഒരു മിന്നലാട്ടം പോലെ ഏഴു ദിവസങ്ങൾ മാത്രം. പ്രായമേറിയവരിൽ അച്ഛമ്മയെ കാണാതിരിക്കുവാൻ പറ്റില്ല. കുറച്ചകലെ താമസിക്കുന്ന അവർക്ക് നൂറ്റിയഞ്ചുവയസ്സ് പൂർത്തിയായിരിക്കുന്നു. മൃതപ്രായയായി ജീർണ്ണിച്ചു തുടങ്ങിയ ഒരു സസ്യം പോലെ ശയ്യാവലംബിനിയായിട്ടു വർഷങ്ങളായി.

വാടകയ്ക്ക് ഓടുന്ന ഒരു വലിയ വാനെടുത്ത് സഹോദരിമാരും സ്ഥലത്തുള്ള മകളുടെ ഭർത്താവും, എല്ലാ കുട്ടികളും അച്ഛനമ്മമാരുമായി, മിക്കവീടുകളും സന്ദർശിച്ചു. പോരുന്ന വഴിക്കുള്ള ക്ഷേത്രങ്ങൾ വിട്ടുപോയില്ല. എന്നിരുന്നാലും ശൃംഖലകളും, കൈവഴികളുമുള്ള ആ വലിയ കുടുംബത്തിലെ എല്ലാ ശാഖകളിലും എത്തിച്ചേരുവാൻ സാദ്ധ്യമായില്ല.

യാത്ര ചെയ്തു വന്ന മകളുടെ ഭർത്താവിന്റെ വീട്ടിൽ ആരുമില്ല. അച്ഛനുമമ്മയും നേരത്തെ കാലഗതി പ്രാപിച്ചിരുന്നു. ആകെ ഒരു സഹോദ രിയുള്ളത് ഇന്ത്യാ രാജ്യത്തിന്റെ മദ്ധ്യഭാഗത്താണ്. മടങ്ങി പോകുമ്പോൾ അവിടെ ഇറങ്ങാൻ സാധിക്കില്ല. അത് കൊണ്ടാണ് ആ വഴിവന്ന് അവിടെയിറങ്ങി രണ്ടുദിവസം കഴിച്ചു കൂട്ടിയശേഷം ഇങ്ങോട്ടു പുറപ്പെട്ടത്.

....................അങ്ങിനെ പോകേണ്ട ദിവസം സമാഗതമായി. എല്ലാവരും ദുഃഖമടക്കി പിടിച്ചങ്ങിനെ നിന്നു മുതിർന്ന കുട്ടികളെ ശരിക്ക് ഒന്ന് കാണാൻ പോലും കഴിഞ്ഞില്ല. അമ്മയുടെ സാരി തുമ്പിൽ പിടിച്ചു നടന്നിരുന്ന അബലയായ മകൾ, പ്രശസ്ത ലോക നഗരത്തിലെ തെരുവീഥികളിലൂടെ നിർബാധം വാഹനമോടിച്ചു പോകുവാൻ തക്കവണ്ണം വളർന്നിരിക്കാനും അതുമാത്രമല്ല, സ്വതന്ത്രമായി ഏതു കാര്യം ചെയ്യുവാൻ കെല്പുള്ളവളുമായി തീർന്നു.

വീട്ടിൽ എല്ലാവരോടും യാത്ര പറഞ്ഞ് അകലെയുള്ള വിമാനത്താവളത്തിലേക്കു പോകുമ്പോൾ അവൾ വാഹനത്തിന്റെ പുറകിലേക്ക് ഒന്ന് തിരിഞ്ഞു നോക്കി. വേർപാടിന്റെ തീവ്രത യിൽ, വികാര പ്രപഞ്ചത്തിലേക്ക് വീണുപോയ എല്ലാവരും തളർന്നു നിൽക്കുകയാണ്. പ്രത്യേ കിച്ചും പ്രായമേറിയ മാതാപിതാക്കൻമാർ. ഒഴുകി വരുന്ന കണ്ണുനീർ തുടച്ചു കൊണ്ട് അവൾ അപ്പുറത്തും, ഇപ്പുറത്തും ഇരിക്കുന്ന പൊന്നോമനകളെ മുറുകെ പുണർന്നു കൊണ്ട് തല മുന്നോട്ട് തിരിച്ചു.

# വെട്ടും തടയും



**ഉണ്ണി വാരിയത്ത്**

പരോപകാരം ചെയ്യണമെന്ന് അയാൾ പരക്കെ ഉപദേശിച്ചു കൊണ്ടിരുന്നു.

ഒരുവൻ അയാളെ ചോദ്യം ചെയ്തു.

നിങ്ങൾ ആർക്കെങ്കിലും വല്ല ഉപകാരവും ചെയ്തിട്ടുണ്ടോ?

ഞാൻ ഉപദേശിക്കുക എന്ന ധർമ്മം ചെയ്യുന്നില്ലേ ? അത് പരോപകാരമല്ലേ?

അയാൾ മറുചോദ്യം ചോദിച്ചു.

ഉപദേശിക്കാൻ ആർക്കും കഴിയും. അവൻ പറഞ്ഞു.

നന്നാകാനും ആർക്കും കഴിയും. അയാൾ പ്രതിവചിച്ചു.

അവൻ വിട്ടില്ല.

ആദ്യം നിങ്ങൾ നന്നായോ എന്നു പറയൂ.

എല്ലാരും നന്നായാൽ പിന്നെ ഞാൻ നന്നായില്ലെങ്കിലും പ്രശ്നമൊന്നുമില്ലല്ലോ... അയാൾ നിസ്സാരമായി പറഞ്ഞു.

അയാളോട് അവൻ ഇനി എന്തു പറയാൻ!

# കേരള വിദ്യാഭ്യാസരംഗം നേട്ടങ്ങളും കോട്ടങ്ങളും ഒരു അവലോകനം

ഡോ. കെ ഹരിഹരൻ

സ്വാതന്ത്ര്യലബ്ദിക്കുശേഷം നമ്മുടെ രാജ്യം സാമൂഹ്യമായും, ശാസ്ത്രീയമായും, സാമ്പത്തികമായും, ഒരുപാട് വളർച്ച നേടിയിരിക്കുന്നു. അതുപോലെ നമ്മളുടെ വിദ്യാഭ്യാസ രംഗവും തഴച്ചു വളർന്നുകൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് അസൂയാവഹമായ ഉയർച്ചയാണ് നമ്മൾക്ക് കൈവന്നിരിക്കുന്നത്. അമേരിക്കയും ചൈനയും കഴിഞ്ഞാൽ വിദ്യാഭ്യാസ രംഗത്ത് മൂന്നാമതായി നാം നില ഉറപ്പിച്ചിരിക്കുന്നു. എങ്കിലും പതിനഞ്ചിനും ഇരുപത്തിനാലിനും ഇടയിലുള്ള നമ്മളുടെ കുട്ടികളുടെ പഠന സാഹചര്യം മറ്റ് വിക സിത രാജ്യങ്ങളെ അപേക്ഷിച്ച് വളരെ പിറകിലാണ്. വികസിത രാജ്യങ്ങളിൽ ഏതാണ്ട് നാല്പത്തി ഏഴുശതമാനം കുട്ടികൾ ഉയർന്ന തലത്തിൽ വിദ്യാഭ്യാസം നേടുമ്പോൾ നമ്മളുടെ പതിനഞ്ചു ശതമാനത്തിൽ താഴെ കുട്ടികൾക്കു മാത്രമേ ഉന്നത വിദ്യാഭ്യാസം സാദ്ധ്യമാകുന്നുള്ളു. 2011-2012 കാല അളവിലെ കണക്ക് അനുസരിച്ച് ഇന്ത്യയിൽ 659 യൂണിവേഴ്സിറ്റികളും 33223 കോളേജുകളും 12748 ഡിപ്ലോമ പോളിടെക്നിക്കുകളും നിലവിലുണ്ട്. 659 യൂണിവേഴ്സിറ്റികളിൽ 152 എണ്ണം സെൻട്രലും 312 എണ്ണം സ്റ്റേറ്റും 191 എണ്ണം പ്രൈവറ്റും യൂണിവേഴ്സിറ്റികളുമാണ്. 33223 കോളേജുകളിൽ 669 എണ്ണം കേന്ദ്രഗവൺമെന്റിനു കീഴിലും 13024 എണ്ണം സ്റ്റേറ്റ് ഗവർമെന്റിനു കീഴിലും ബാക്കി 19930 കോളേജുകൾ പ്രൈവറ്റ് ഉടമസ്ഥതയിലും ഉള്ളതാണ്. കഴിഞ്ഞ നാലുദശാബ്ദ കാലയളവിൽ ഉന്നത വിദ്യാഭ്യാസ സാദ്ധ്യത ഏതാണ്ട് പന്ത്രണ്ട് ഇരട്ടിയായി വർദ്ധി ച്ചിട്ടുണ്ട്. 1970-71 കാലയളവിൽ ഏതാണ്ട് രണ്ടു മില്യൻ കുട്ടികൾക്ക് പഠിക്കാൻ സാഹചര്യമുണ്ടാ യിരുന്ന സ്ഥാനത്ത് ഇപ്പോൾ ഏതാണ്ട് ഇരുപ ത്തിയെട്ട് മില്യൻ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നേടാനുള്ള അവസരം നമ്മുടെ നാടിനുണ്ട്.

സ്റ്റുഡൻസ് എൻറോൾമെന്റിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ് GER 17.9% (Gross Enrollment Ratio).

സ്റ്റുഡൻസ് എൻറോൾമെന്റ് അക്കങ്ങളിൽ

| | |
|---|---|
| Under Graduate | 18.2 million |
| Post Graduate | 3.2 million |
| Doctoral enrollment | 0.1 million |
| Diploma level | 4.7 million |

Summery of the status of Education in India.

**Gross Enrollment**

| | | | |
|---|---|---|---|
| 1. Class | I-VIII | ( 6-14 yrs) | 94.92% |
| 2. Class | IX- X | (14-16 yrs) | 52.26% |
| 3. Class | XI- XII | (16-18 yrs) | 28.54% |
| 4. Higher Education | | (18-24yrs) | 14.6% |

**Drop out rate**

| | | | |
|---|---|---|---|
| 1. Class | I-V | (6-11 yrs) | 25.47% |
| 2. Class | I-VIII | (6-14 yrs) | 48.07% |
| 3. Class | I-X | (6-16 yrs) | 61.59% |

ഇന്ത്യയിൽ ഏതാണ്ട് 211 million കുട്ടികൾ ആറു വയസ്സിനും പതിനാലു വയസ്സിനും ഇടയി ലുള്ളതിൽ 84-91% കുട്ടികൾക്ക് സ്കൂളിൽ പഠന സൗകര്യമുണ്ട്. ഏതാണ്ട് 35 million കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം കിട്ടുന്നുമില്ല. ഇതൊക്കെയാണങ്കിലും ഇന്ത്യയുടെ സാക്ഷരത നിരക്ക് 94.81% ആണ്.

ഇനിയും നമ്മളുടെ സ്വന്തം നാടായ കേരളത്തിലെ വിദ്യാഭ്യാസരംഗം ഒന്ന് വിശകലനം ചെയ്യാം. സാക്ഷരതാ റേറ്റിൽ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ എല്ലാം പിന്നിലാക്കി മുമ്പന്തിയിൽ നില്ക്കുന്നു, 99.04% ത്തോടുകൂടി.

2013-14 ലെ കണക്കനുസരിച്ച് കേരളത്തിലെ പ്രൈമറി ക്ലാസ്സുകളിൽ ഏതാണ്ട് 93.95% കുട്ടികൾക്ക് പഠിക്കാൻ സൗകര്യമുണ്ട്. അതുപോലെ

കഴിഞ്ഞ 13 വർഷത്തിനുള്ളിൽ ഏതാണ്ട് നാലിരട്ടിയിലധികം കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നേടാനുള്ള സൗകര്യം നമ്മുടെ നാട്ടിലുണ്ട്.

1998-99 കാലയളവിൽ 1.7 ലക്ഷം കുട്ടികൾക്ക് ഉന്നതവിദ്യഭ്യാസം കൊടുക്കാൻ നമുക്ക് സാഹചര്യം ഉണ്ടായിരുന്ന സ്ഥാനത്ത് 2012-13 കാലയളവ് ആയപ്പോഴേക്കും 7.2 ലക്ഷം കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം ചെയ്യുവാനുള്ള സാഹചര്യം കിട്ടി. ഉന്നത വിദ്യാഭ്യാസ രംഗത്ത് 1972-73 ലെ എൻറോൾമെന്റ് റേഷ്യോ 5.9% ആയിരുന്നത് 2012-13 ആയപ്പോഴേക്കും 22.9% ആയി വർദ്ധിച്ചു. കേരളത്തിൽ നിലവിൽ 17 യൂണിവേഴ്സിറ്റി സമാനവിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അതിൽ ഒരെണ്ണം സെൻട്രൽ യൂണിവേഴ്സിറ്റിയും, 11 സ്റ്റേറ്റ് യൂണിവേഴ്സിറ്റിയും, 2 എണ്ണം Deemed to be university ഉം ആണ്. കൂടാതെ ഒരു National Institute of Technology, ഒരു IIT യും പിന്നെ ഒരു IIMഉം ഉണ്ട്. കൂടാതെ പല ഉന്നതവിദ്യഭ്യാസ സ്ഥാപനങ്ങളും ഭാവിയിൽ പ്രവർത്തനം തുടങ്ങുമെന്ന് നമുക്ക് പ്രത്യാശിക്കാം. കേരളത്തിൽ ഇപ്പോൾ നിലവിൽ 1100 കോളേജുകളുണ്ട് Arts and Science ഉം Professional/ Technology കോളേജുകളും ഉൾപെടെ. ഇത്ര ചെറിയ ഒരു സംസ്ഥാനത്ത് ഇത്രയധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ളത് വളരെ കൂടുതൽ അല്ലേ എന്ന് കരുതാം. ചുരുക്കത്തിൽ പറഞ്ഞാൽ നമ്മുടെ 1 ലക്ഷം ജനങ്ങൾക്ക് 34 കോളേജുകൾ ഉണ്ട്. ഭാരതം ഒട്ടാകെ നോക്കിയാൽ ഒരു ലക്ഷം ജനങ്ങൾക്ക് ശരാശരി 26 കോളേജുകൾ മാത്രമെ നിലവിലുള്ളൂ. ഇങ്ങനെ നാം കണക്കുകളിൽ കൂടി മാത്രം ചിന്തിച്ചാൽ കേരളം വിദ്യാഭ്യാസ രംഗത്ത് വളരെ ഉയർന്ന തലത്തിൽ എത്തി നില്ക്കുന്നു എന്ന് അഭിമാനിക്കാം. എന്നാൽ പഠന നിലവാരം വിശകലനം ചെയ്യുമ്പോൾ നമ്മുടെ വിദ്യാഭ്യാസ നിലവാരം വളരെ താഴ്ന്ന നിലയിലാണ്.

ഈ കഴിഞ്ഞ പരീക്ഷയുടെ സേ ഫലം കൂടി വന്നപ്പോൾ സംസ്ഥാനത്താകെ തോറ്റ കുട്ടികൾ 3912 മാത്രം. 5.64 ലക്ഷം വിദ്യാർത്ഥികൾ എഴുതിയ പരീക്ഷയിൽ ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത് ഒരു പക്ഷേ ഒരു ലോക റിക്കാർഡ് തന്നെ ആകാം. 2000 ൽ SSLC പരീക്ഷയുടെ വിജയ ശതമാനം മോഡറേഷനു ശേഷം 56.18 ആയിരുന്നത് 2015 ആയപ്പോഴേക്കും 98.57% ആയി ഉയർന്നു. നാം ഒന്നാലോചിക്കണം ഈ ഉന്നതവിജയശതമാനം വിദ്യാഭ്യാസ നിലവാര താഴ്ചയോ ഉയർച്ചയോ എന്ന് എല്ലാവരും ജയിക്കുന്ന പരീക്ഷക്ക് എന്തോ കുഴപ്പമുണ്ട് എന്ന് പണ്ടാരോ പറഞ്ഞതൊന്നും കേൾക്കാത്ത മട്ടിലാണ് നമ്മുടെ ഭരണ കർത്താക്കളും, അദ്ധ്യപകരും, വിദ്യാഭ്യാസവിദഗ്ദ്ധരും. ഞങ്ങളെ തോല്പിക്കാൻ ആർക്കുമാവില്ല സാറേ എന്ന മട്ടിൽ തല ഉയർത്തി നമ്മുടെ കുട്ടികളും. ഹയർ സെക്കൻഡറിയിലാകട്ടെ 3.6 ലക്ഷം സീറ്റാണുള്ളത്. മറ്റു വിദ്യാഭ്യാസ സാഹചര്യങ്ങൾ എല്ലാം ചേർത്താലും 4.5 ലക്ഷം കുട്ടികൾക്ക് മാത്രമെ ഉന്നതവിദ്യാഭ്യാസ മേഖലകളിലേക്കു കടക്കാൻ സാദ്ധ്യതയുള്ളൂ. അപ്പോൾ SSLC ജയിച്ച ഏകദേശം ഒരു ലക്ഷം കുട്ടികൾ വിദ്യാഭ്യാസ രംഗത്തു നിന്നും പുറം തള്ളപ്പെടും.

SSLC പരീക്ഷയുടെ വിജയശതമാനം ഉയരുന്നതനുസരിച്ച് വിദ്യാർത്ഥികളുടെ നിലവാരം വർദ്ധിക്കുന്നില്ല. അവർക്കു ലഭിക്കുന്ന മാർക്കും അറിവും തമ്മിൽ വലിയ അന്തരമുണ്ട് ഉയർന്ന മാർക്കു കിട്ടിയ ഒരു കുട്ടിക്കു അതിനനുസരിച്ചുള്ള കഴിവോ, വിവരമോ ഉണ്ടാകുമെന്നു പ്രതീക്ഷ വേണ്ട. ഉന്നത വിദ്യാഭ്യാസത്തിന് എത്തുമ്പോൾ ഈ കുട്ടികൾ അനുഭവിക്കുന്ന നരക യാതന പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. ഈ വിദ്യാർത്ഥികളെ ആദ്യം മുതൽ ഇംഗ്ലീഷും, ഫിസിക്സും, കണക്കും ഒക്കെ വീണ്ടും പഠിപ്പിക്കാൻ സാധിക്കില്ല. ഈ സാഹചര്യത്തിൽ സ്ക്കൂൾ കുട്ടികളെ പഠിപ്പിക്കുന്ന രീതിയിലും മൂല്യ നിർണ്ണയത്തിലും കാര്യമായ മാറ്റം തന്നെ വരുത്തണം. അതായത് എല്ലാ കുട്ടികളേയും ഒരേ പോലെ ജയിപ്പിക്കുകയല്ല വേണ്ടത് മറിച്ച് അവരുടെ പഠന നിലവാരം ഉയർത്തി അവരെ പ്രബുദ്ധരാക്കുകയാണ് സ്ക്കൂൾ തലത്തിൽ ചെയ്യേണ്ടത്.

ഇന്നത്തെ പഠനരീതിയിൽ കുട്ടികൾ വിദ്യ അഭ്യസിക്കുന്നില്ല, മറിച്ച് അക്ഷരങ്ങളെ അറിയുന്നു, പാഠങ്ങൾ മനഃപാഠമാക്കുന്നു അത്ര മാത്രം. ഒരു വിഷയത്തിലും അവർക്ക് അറിവോ സാമർത്ഥ്യമോ കിട്ടുന്നില്ല. നിലവാരമില്ലാത്ത സിനിമകളിലെ വളിപ്പുരംഗങ്ങളും അർത്ഥശൂന്യമായ പാട്ടുശകലങ്ങളും, നെറ്റിലേയും, വെബുകളിലേയും ചാറ്റും മൊബൈൽ ഫോൺ ഉപയോഗവും അതിലെ സോഷ്യൽ മീഡിയായും

ഒക്കെ നമ്മളുടെ കുട്ടികളെ മൊത്തത്തിൽ തല തിരിക്കുന്നു. ഇതൊക്കെ കൂടാതെ കാറ്റലിസ്റ്റായി ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും കൂടി ആകുമ്പോൾ നമ്മുടെ വിദ്യാർത്ഥികൾ സകലകലാവല്ലഭൻമാരായി തീരുന്നു. റിപ്പോർട്ടുകൾ അനുസരിച്ച് മൂന്നാം ക്ലാസ്സിലെ കുട്ടികൾ മുതൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നുണ്ട്.

ഇന്ന് അഞ്ചിലെ കുട്ടിക്ക് രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയുടേയും, എട്ടിൽ പഠിക്കുന്ന കുട്ടിക്ക് നാലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയുടേയും നിലവാരമെ ഉള്ളൂ എന്ന് Annual Status Education report വ്യക്തമാക്കുന്നു. അതായത് കുട്ടികളുടെ ആവറേജ് IQ 50% മാത്രമെന്നാണ് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇന്ന്

S S L C കഴിഞ്ഞ പല കുട്ടികൾക്കും എഴുതാനും വായിക്കാനും അറിയില്ല എന്നത് ഒരു പരാമാർത്ഥം മാത്രമാണ്. വായനശീലമോ, യാത്ര അനുഭവങ്ങളോ നമ്മുടെ കുട്ടികൾക്കില്ല. അദ്ധ്വാനിച്ച് വിദ്യ സമ്പാദിക്കാൻ അവർ ഒരുക്കവുമല്ല. അർത്ഥമില്ലാത്ത 100% സാക്ഷരത പൊക്കിപിടിച്ച് നാം ഊറ്റം കൊള്ളുകയും ചെയ്യുന്നു. ഒരു കാര്യം വ്യക്തമാണ്. സാക്ഷരതയും വിദ്യാഭ്യാസവും തമ്മിൽ ആയിരം കാതം അകലമുണ്ട്. അതു പോലെ വിദ്യാഭ്യാസവും ജ്ഞാനവും തമ്മിൽ പതിനായിരം കാതവും.

വിദ്യാഭ്യാസത്തെ കുറിച്ച് നമ്മുടെ ഋഷി ശ്രേഷ്ഠൻമാർ പറഞ്ഞുതന്നത് ഒന്ന് ശ്രദ്ധിക്കാം.

ആചാര്യാന് പാദമാദത്തെ

അതായത് അദ്ധ്യാപകനിൽ നിന്നും ആദ്യത്തെ നാലിലൊന്ന് വിദ്യ കരസ്ഥമാക്കണം.

പാദം ശിഷ്യസ്വമേധയഃ

അടുത്ത നാലിലൊന്ന് വിദ്യ ശിഷ്യൻ ഗൃഹപാഠങ്ങളിലൂടെ സ്വയത്തമാക്കണം.

പാദം സബ്രഹ്മചാരിഭിഃ

അടുത്ത നാലിലൊന്ന് വിദ്യ കുട്ടികൾ കൂട്ടം കൂടി ചർച്ച ചെയ്ത് മനസ്സിലാക്കണം (ഇന്നത്തെ Group discussion)

പാദം കാലക്രമേണയഃ

അവസാന നാലിലൊന്ന് വിദ്യ കാലം നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിലൂ ടെ ജ്ഞാനം മാത്രമല്ല ലഭിക്കേണ്ടത്. വിദ്യാഭ്യാസ കാലയളവിൽ വിദ്യാലയങ്ങളിൽ നിന്നും അവിടുത്തെ അദ്ധ്യാപകരിൽ നിന്നും രക്ഷകർത്താക്കളിൽ നിന്നും അവരുടെ സതീർത്ഥ്യരിൽ നിന്നും ഒക്കെ ഒരുപാട് കാര്യങ്ങൾ പകർന്നു കിട്ടേണ്ടതായിട്ടുണ്ട്.

1. ജ്ഞാനം
2. വ്യക്തിവികാസം
3. സ്കിൽ അഥവാ സാമർത്ഥ്യം
4. ഫിസിക്കൽ ആന്റ് മെന്റൽ ഡെവലപ്മെന്റ്
5. സ്വയം അറിയാനുള്ള കഴിവ്
6. ചിന്തിക്കാനുള്ള കഴിവ്
7. അദ്ധ്വാനിക്കാനുള്ള താല്പര്യം
8. മറ്റുള്ളവരുമായി കൂട്ടുചേർന്ന് കാര്യം നടത്താനുള്ള കഴിവ്
9. മറ്റുള്ളവരെ സ്നേഹിക്കാനും ബഹുമാനിക്കാനുമുള്ള കഴിവ്
10. നല്ല രീതിയിൽ മറ്റുള്ളവരുമായി ആശയവിനിമയം നടത്താനുള്ള കഴിവ്.

ഇങ്ങനെയുള്ള പല കഴിവുകളും നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസ കാലത്ത് കിട്ടേണ്ടതാണ്. എന്നാൽ ഇതൊന്നും അവർക്ക് വിദ്യാഭ്യാസത്തിൽ നിന്നും കിട്ടുന്നില്ല എന്നത് ഒരു യാഥാർത്ഥ്യം.

നമ്മൾക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് ഏതാണ്ട് ഒരു മനുഷ്യായുസ്സ് പിന്നിട്ടു എങ്കിലും നമ്മുടെ പഠനരീതി ഇന്നും ആവശ്യങ്ങൾക്കും നമ്മുടെ സംസ്കാരത്തിനും പാരമ്പര്യത്തിനും നേരെ വിപരീതമാണ്. പാഠ്യപഠന രീതികളിലെ വൈകല്യങ്ങളെകുറിച്ച് പല രീതിയും പല തലങ്ങളിൽ പഠനങ്ങളും സെമിനാറുകളും ചർച്ചകളും ഒരുപാട് ഉണ്ടായിട്ടുണ്ട്. പല വിദ്യാഭ്യാസ വിദഗ്ദ്ധ കമ്മീഷൻ റിപ്പോർട്ടുകളും ഭരണകർത്താക്കൾക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ നമ്മുടെ പഠന രീതിയിലോ, പഠന വിഷയങ്ങളിലോ കാതലായ ഒരു മാറ്റവും വരുത്താൻ ഒരു ഗവണ്മന്റും മുതിരുന്നില്ല എന്നത് ഒരു വിരോധാഭാസം മാത്രമാണ്.

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുമ്പോൾ അവർക്ക് കുറെ ശിപായി അടിമകൾ വേണമായിരുന്നു. മേൽവിലാസം വായിക്കാനോ രശീത് പകർത്തി എഴുതാനോ ഉള്ള അറിവ്, അതിനു പാ

കമായ പാഠ്യവിഷയങ്ങൾ ഉൾപെടുത്തി ഒരു പാഠ്യപദ്ധതി അവർ തയ്യാറാക്കി അത് അതേ രീതിയിൽ കാതലായ മാറ്റങ്ങളൊന്നും കൂടാതെ ഇന്നും നമ്മളുടെ കുട്ടികൾ വിദ്യാലയങ്ങളിൽ പഠിക്കുന്നു. പൂച്ചയ്ക്ക് ആര് മണികെട്ടും എന്ന രീതിയിൽ ഉരുവിട്ട് ഉരുവിട്ട് തത്തമേ പൂച്ച, പൂച്ച എന്ന് പറയുന്നതിനപ്പുറം പാഠങ്ങളുടെ അന്തസ സത്ത ഉൾക്കൊള്ളുവാനോ, ചിന്തിക്കുവാനോ, അതിലെ സന്ദേശം ഗ്രഹിക്കുവാനോ നമ്മുടെ പാഠ്യ പദ്ധതി നമ്മെ സഹായിക്കുന്നില്ല. ജീവിതവും പാഠ്യവിഷയങ്ങളും തമ്മിൽ യാതൊരു ബന്ധം പോലുമില്ല.

പഴയ ഒരു കഥയാണ്. രാജഗുരുവായ ദ്രോണാചാര്യർ ഒരു യാത്രയ്ക്ക് ഒരുങ്ങുകയാണ്. അദ്ദേഹം ശിഷ്യൻമാരായ കൗരവപാണ്ഡവരെയെല്ലാം വിളിച്ചുനിറുത്തി കാര്യങ്ങൾ പറഞ്ഞു, ശിഷ്യൻമാരെല്ലാം അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ ചെയ്തു തീർക്കേണ്ട കർമ്മങ്ങളും ഗൃഹപാഠങ്ങളും ഓരോരുത്തർക്കും കൊടുത്ത് കൂട്ടത്തിൽ അദ്ദേഹം തിരിച്ചെത്തുമ്പോഴേക്കും കഴിയുന്നത്ര ശ്ലോകങ്ങൾ ഹൃദിസ്ഥമാക്കി അദ്ദേഹം തിരിച്ചെത്തുമ്പോൾ ചൊല്ലി കേൾപ്പിക്കണമെന്നും നിബന്ധനവച്ചു. ശിഷ്യൻമാരെല്ലാം മത്സരിച്ച് ശ്ലോകങ്ങൾ പഠിച്ചു തുടങ്ങി. ഗുരു ഒരു ദിവസം തിരിച്ചെത്തി. എല്ലാവരും അവരവർ പഠിച്ച ശ്ലോകങ്ങൾ ഗുരുവിനെ ചൊല്ലികേൾപ്പിച്ചു. അദ്ദേഹം സന്തുഷ്ടനായി ഒടുവിൽ അദ്ദേഹത്തി ന്റെ ഏറ്റവും പ്രിയ ശിഷ്യൻ യുധീഷ്ഠിരന്റെ ഊഴമായി. യുധീഷ്ഠീരൻ അദ്ദേഹത്തോട് പറഞ്ഞു ഗുരോ ഞാൻ ഒരു ശ്ലോകം മാത്രമെ ഹൃദിസ്ഥമാക്കിയിട്ടുള്ളൂ. അതു കേട്ടപ്പോൾ ഗുരുവിന് അതിയായ ദേഷ്യം വന്നു. കൈയിൽ കിട്ടിയ വടികൊണ്ട് ശിഷ്യനെ അച്ചാലും മുച്ചാലും പ്രഹരിച്ചു. ശിഷ്യൻ അക്ഷോഭ്യനായി അടിയെല്ലാം ഏറ്റുവാങ്ങി. ഈ നിസ്സംഗത ഗുരുവിനെ കൂടുതൽ ചൊടിപ്പിച്ചു. അടിയുടെ ഊക്കം വീണ്ടും കൂട്ടി. കൈ തളർന്നപ്പോൾ വടി ഉപേക്ഷിച്ചു, എന്നിട്ട് പറഞ്ഞു  ശരി, നീ പഠിച്ച ശ്ലോകം ഏതാണ് അതിന്റെ ഉള്ളടക്കം എന്താണ്

ഗുരോ അതിതാണ്. എന്തു പ്രകോപനമുണ്ടായാലും കോപിക്കാതിരിക്കുക. കോപം ആത്മാവിന്റെ ശത്രുവാണ്. അത് അറിവിനേയും വിവേകത്തെയും ബുദ്ധിയേയും നശിപ്പിക്കും. ഗുരു സ്തബ്ധനായിപ്പോയി യുധിഷ്ഠിരന്റെ വാക്കുകൾ കേട്ടിട്ട്. തനിക്ക് ശിഷ്യനിൽ നിന്ന് പാഠം പഠിക്കേണ്ടിവന്നിരിക്കുന്നു. ഒപ്പം ഗുരു നാഥന്റെ അഭിമാനം ഇരട്ടിക്കുകയും ചെയ്തു. അദ്ദേഹം ഓർത്തു, ഒരു ശിഷ്യനെങ്കിലും പൂർണ്ണ അർത്ഥം ഗ്രഹിച്ചാണല്ലോ പഠിച്ചത്. അത് അയാൾ പ്രയോഗത്തിൽ വരുത്തുകയും ചെയ്തിരിക്കുന്നു.

നൂറു ശ്ലോകം മനഃ പാഠം പഠിക്കുന്നതിലല്ല കാര്യം മറിച്ച് ഒരു ശ്ലോകം അർത്ഥമറിഞ്ഞ് പഠിച്ച് പ്രാവർത്തികമാക്കിയാൽ അതാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം നേടുക എന്നാൽ ബോധവാൻ ആകുക എന്നാണ് അർത്ഥം. അവനവനെപ്പറ്റി അവനവന്റെ യാഥാർത്ഥ്യങ്ങളെപ്പറ്റി, കഴിവുകളെ പ്പറ്റി, ബോധവാനാകുക അങ്ങനെ ആകുമ്പോൾ മാത്രമേ ആ വ്യക്തി പൂർണ്ണതയിൽ എത്തുകയുള്ളു. ഇന്ന് നിലവിലുള്ള വിദ്യാഭ്യാസം നമ്മളുടെ കുട്ടികൾക്ക് വേണ്ട സ്നേഹം, സാഹോദര്യം, അച്ചടക്കം, വിനയം, മനക്കരുത്ത്, എന്നീ ഗുണ ഗണങ്ങളൊന്നും പകർന്നു കൊടുക്കുന്നില്ല. ഇതെല്ലാം നമ്മുടെ കുട്ടികൾ അദ്ധ്യാപകരിൽ നിന്നും സതീർത്ഥ്യരിൽ നിന്നും മാതാപിതാക്കളിൽ നിന്നും വിദ്യാഭ്യാസ കാലയളവിൽ നേടെ ണ്ടതാണ്. മറ്റുള്ളവരെ മനസ്സിലാക്കാനും ശരിയും തെറ്റും തിരിച്ചറിയാനും മുതിർന്നവരെ ബഹുമാനിക്കാനും കുട്ടികൾക്ക് കഴിയണം. എങ്കിൽ മാത്രമേ വളർന്ന് വിദ്യാഭ്യാസം കഴിഞ്ഞു ഒരു നല്ല ഉദ്യോഗം കിട്ടുമ്പോൾ അവർക്കതിൽ ശോഭിക്കാൻ സാധിക്കുകയുള്ളു. പക്ഷെ കുട്ടികളിലെ ഈ പോരായ്മകൾക്കൊന്നും നാം നമ്മുടെ കുട്ടികളെ പഴിചാരിയിട്ടു കാര്യമില്ല മറിച്ച് ഈ ഗുണഗണങ്ങളൊക്കെ പകർന്ന് കൊടുക്കേണ്ട അന്തരീക്ഷവും അദ്ധ്യാപകരും തികച്ചും നിർവീര്യമാണ്. ഒരു ആകൃതിയുമില്ലാത്ത ഒരു വെറും പാറക്കഷ്ണത്തെ മനോഹരമായ ഒരു ശില്പ മായി രൂപപ്പെടുത്തിയെടുക്കാൻ മിടുക്കനായ കലാവിരുദ്ധുള്ള ഒരു ശില്പിക്കേ കഴിയൂ. അതു പോലെയാണ് വിദ്യാഭ്യാസവും. നമ്മളുടെ കുട്ടികളെ എല്ലാം തികഞ്ഞവരായി രൂപാന്തരപ്പെടുത്തിയെടുക്കേണ്ട ചുമതല വിദ്യാഭ്യാസത്തിനുണ്ട്.

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE MAGAZINE

KARAYOGA SOUHRIDAM

English/Malayalam, Form IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Ernakulam |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | M.Sreevallabhan Nair |
| | Nationality | : | Indian |
| | Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 4. | Publisher's Name | : | M.Sreevallabhan Nair |
| | Nationality | : | Indian |
| | Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 5. | Editor's Name | : | M. Sreevallabahan Nair |
| | Name&Address | : | C/o Ernakulam Karayogam<br>D.H.Road, Kochi-682016 |
| 6. | Name&Address of individuals who own the News Paper and Partners or shareholders holding more than one percent of the total capital | : | Ernakulam Karayogam<br>D.H.Road, Kochi-16 |

I, M. Sreevallabhan Nair hereby declare that particulars given above are true to the best of my knowledge and belief.

Date: 1.3.2016

M. Sreevallabhan Nair

(s/d-)

(സാഹിത്യരംഗം)

# അറുതിയെഴാത്ത തള്ളിപ്പറച്ചിലുകൾ



ശ്രീകുമാർ ശ്രീമംഗലം

നല്ല ഇരുട്ടുള്ള രാത്രി. വിരസത ഒഴിവാക്കാൻ അയാൾ തൊട്ടു മുന്നിലെ കൽക്കൂമ്പാരത്തിൽ നിന്ന് കുറേ കല്ലുകൾ പെറുക്കിയെടുത്ത് കൈവെള്ളയിൽ വച്ച് അതിൽ നിന്നുമോരോന്നായെടുത്ത് പുഴയിലേക്കെറിഞ്ഞു കൊണ്ടേയിരുന്നു.

കല്ലുനിപതിക്കുന്ന ഒച്ച.... ചില്ലുടയുന്ന അനുഭവം! ഒന്നും കാണാൻ പറ്റാത്തത്ര ഇരുട്ട്...

രാത്രി മുഴുവൻ അയാളതു തുടർന്നു. പുലരി വരാൻ നേരം തമസ്സുമെല്ലെ പിൻവാങ്ങുന്നു. ഇത്തിരിവെട്ടം വീണുകിട്ടുന്നു. ആ വെട്ടത്തിൽ ഞെട്ടി നിലവിളിച്ചു ഒടുവിൽ സ്തബ്ധനായി. കൈവെള്ളയിൽ, എറിയാനായി ശേഷിച്ച അവസാനത്തെക്കല്ല് അനഘമായ വൈഡ്യൂര്യമായിരുന്നു.!

ദൈവമേ, ഇതുവരെ ഞാൻ എറിഞ്ഞു കളഞ്ഞതൊക്കെ വിലമതിക്കാനാവാത്ത വൈഡ്യൂര്യമായിരുന്നല്ലോ...

എന്നയാൾ വിലപിക്കുന്നു.

ഇത് ജ്വരത്ക്കാലമാണ്. നാമും ഇതു തന്നെയല്ലേ ചെയ്തുകൊണ്ടേയിരിക്കുന്നുത്...? വെട്ടം കിട്ടാത്തതുകൊണ്ട് ഉള്ളിലേക്കു വെളിച്ചം പകർന്നു തരുന്ന ചില സാഹിത്യകൃതികളെ, സൃഷ്ടികളെ അവരുടെ ഋഷിതുല്യരായ ഗ്രന്ഥകർത്താക്കളെ, കലാകാരൻമാരെ, സത്യാന്വേഷികളെ നാം നമ്മുടെ പതിമിതമായ അളവുകോൽവച്ച് അളന്ന് അർഹിക്കുന്ന ആദരം നൽകാതെ സ്വയം താണുകൊണ്ടേയിരിക്കുന്നു...

അന്നും, ഇന്നും  നാം ഇങ്ങിനെയൊക്കെത്തന്നെയാണ്...

വിലമതിക്കേണ്ടുന്നതിനെ ഇത്തിരിവെട്ടം കിട്ടാത്തതിന്റെ പേരിൽ നാം അവമതിക്കുന്നു....

അന്നും, ഇന്നും

സുബ്രഹ്മമണ്യഭാരതി എന്ന വിശ്രുതകവിയെ കുറിച്ച് ഓർക്കുമ്പോൾ, ആ കവിവര്യന്റെ മഹത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, ഒരു ചിത്രം മനോമുകുരത്തിൽ തികട്ടിവരുന്നു. ബ്രിട്ടീഷ് ഗവണ്മെന്റ് കവിയെ വല്ലാതെ പീഡിപ്പിച്ചതിന്റെ ചിത്രം. ശത്രുവെന്ന നിലയ്ക്ക് അവർ അദ്ദേഹത്തെ ക്രൂരമായി പീഢിപ്പിച്ചു. നാം അദ്ദേഹത്തെ മഹാകവിയായി കൊണ്ടാടുന്നുണ്ടെങ്കിൽ, ഇവിടുത്തെ നിരൂപകർ വിലയിരുത്തുന്നതിൻമുൻപുതന്നെ, ആദ്ദേഹത്തിന്റെ കവിതയിലെ ജ്വാല തിരിച്ചറിഞ്ഞത്  ബ്രിട്ടീഷ് ഭരണകൂടമാണ്! ആ കവിതയുടെ ശക്തി എത്രയാണെന്ന് അവർ മനസ്സിലാക്കി. ആ തിരിച്ചറിവ് അവരെ ഉറക്കം കെടുത്തി. അവർ അദ്ദേഹത്തിന്റെ കൃതിക്കുമേൽ നിരോധനം ഏർപ്പെടുത്തി. ഒരർത്ഥത്തിൽ ചിന്തിച്ചാൽ കവിതയ്ക്ക് കിട്ടിയ നോബൽ സമ്മാനമായിരുന്നു അത്. ഈ തിരോധാനമാണ് സുബ്രഹ്മണ്യക്കവിതക്കു ചരിത്രത്തിൽ പ്രഥമഗണന വരുത്തിയത്. ഇന്ത്യക്കാർ പോലും ഈ നിരോധനം വന്നപ്പോഴാണ് കവിതയുടെയും കവിയുടെയും മഹത്വം തിരിച്ചറിയുന്നത്....

അന്ന്, അങ്ങിനെയെങ്കിൽ ഇന്നും ഒരു ജനത അവരിൽ തന്നെ കരുപ്പിടിപ്പിച്ച് രാക്ഷസാകാരം തൂകുന്ന രാഷ്ട്രീയസത്ത ഈ ഭൂമിയിലെമ്പാടും ഹിംസയുടെ അടയാളങ്ങളുണ്ട് എന്നു പറഞ്ഞാൽ ആരും എന്നോട് പിണങ്ങാനിടയില്ല.

ശ്ലീലാശ്ലീലങ്ങളും നൻമയും തിൻമയും നല്ലതും ചീത്തയും ഇവയുടെ പരിധിയും അതിർവരമ്പും വേർതിരിക്കലുകളും എന്തു യുക്തിയെ ആധാരമാക്കിയെന്ന ചോദ്യത്തിനു മുമ്പിൽ വല്ലാതെ ജാള്യപ്പെടാതെതന്നെ നിരോധനം, റദ്ദാക്കൽ, സൈൻസറിംഗ് തുടങ്ങിയ കുത്സിതകർമ്മങ്ങളനുഷ്ഠിച്ച് രാഷ്ട്രീയ, മത, വർഗ്ഗ, മൗലികവാദികൾ വിരാജിക്കുന്നു. ഇതവരുടെ മൃഗയാവിനോദങ്ങളിൽ ഒന്നുമാത്രമാണ്. സാഹിത്യം, കല, ശാസ്ത്രദിമേഖലകളിൽ വിരാജിക്കുന്നവരാണ് ഈ ദുരുന്തത്തിന് പാത്രീഭൂതരായിക്കൊണ്ടിരിക്കുന്നത്.

ഡി.എച്ച്. ലോറൻസിന്റെ ലേഡിചാറ്റർജീസ് ലവറിന് മാത്രമല്ല ജയിംസ് ജോയ്സിന്റെ യൂലിസസിനും നിരോധനം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. 1933ൽ ജോൺവുൾസി എന്ന ജഡ്ജി ഈ കൃതികളെ നിരോധിച്ചുകൊണ്ട് കുറിപ്പിറക്കി. (Banned, Newyork, 1961.p.vii)

സ്റ്റീൻ ബക്കിന്റെ "ഗ്രേപ്സ് ഓഫ് റാത്ത്" എന്ന നോവലിൽ പട്ടിണി കൊണ്ടു മരിക്കാൻ പോകുന്ന ഒരു പുരുഷനുണ്ട്. അയാളുടെ അടുത്ത്

ചെന്നുകിടന്ന് അയാൾക്കു മുലയൂട്ടുന്ന പ്രസവിച്ചിട്ട് അധികമാകാത്ത ഒരു യുവതിയേയും കാണാം. അൽബർതോമൊറാവിയായുടെ "ടു വിമൺ" എന്ന നോവലിൽ പട്ടാളക്കാരുടെ മൃഗീയമായ ബലാത്സംഗത്തിനു വിധേയമായ തന്റെ കൊച്ചു മകളുടെ തുടയ്ക്കിടയിലെ ചോരപ്പാടുകൾ തുടച്ചു കളഞ്ഞിട്ട് പട്ടാളക്കാരെ പ്രാകിക്കരയുന്ന ഒരു ചിത്രമുണ്ട് അമ്മയുടെ ചിത്രം! ഗ്രേപ്സ് ഓഫ് റാത്തിലെ യുവതിയായ അമ്മയും, ടൂ വിമണിലെ അമ്മയും മനുഷത്വത്തിന്റെ ഉദാര മായ ഭാവങ്ങളാണ് സഹൃദയരിലൂണർത്തുന്നത്. സഹൃദയമനസ് മഹത്വാകാംക്ഷയുടെ കരുണാം ശത്തെ തേടുകയാണ്. ഒരു വിചിന്തനവും കൂടാതെ മുൻവിധിയുടെ അളവുകോൽവച്ച് ലൈംഗീക വർണ്ണനമെന്ന ആരോപണത്തിൽ ഈ കൃതികളെ നിരോധിച്ചു കളഞ്ഞു.

നിരോധനം, നിരോധിക്കൽ തികച്ചും സ്വേച്ഛാധിപത്യത്തിന്റെ തത്വദീക്ഷയില്ലാത്ത ദണ്ഡനമായി വേണം കരുതാൻ. ഈ കൃതികളിലേക്കോ, രചയിതാവിനേയോ പറ്റി പഠിക്കാൻ ഒരുവേള അവർ തുനിഞ്ഞിരുന്നെങ്കിൽ ഈ കുത്സിതകർമ്മത്തിൽ നിന്നും അവർ പിൻതിരിഞ്ഞേനെ. ഉപരിപ്ലവമായ ചില മാനദണ്ഡങ്ങൾ, അഥവാ നമ്മുടെ പരിമിതമായ മുൻവിധികൾ വച്ചുകൊണ്ടല്ല നാം കലാസൃഷ്ടികളുടെ ആന്തരികശോഭകൾ നിർണ്ണയിക്കേണ്ടത്. പ്രമേയപരിണാമങ്ങളിൽ നാം എത്ര കണ്ട് ആണ്ടിറങ്ങി എന്നതാണു പ്രശ്നം.

സദാചാരത്തിന്റെ സിംബലുകളെ കലുഷമായ കടലെടുപ്പുകളിൽ ബന്ധിച്ചു നിർത്തിയ തകഴിയുടെ ചെമ്മീൻ കറുത്തമ്മയുടെ വർണ്ണനയിൽ വിലയിരുത്തപ്പെടേണ്ട ഒരു രചനയല്ല. എന്നും നിരലംകൃതമായ ഒരു ശൈലി അവലംബിച്ചു പോന്ന തകഴിയുടെ വർണ്ണനയിൽ കാമം സ്ഫുരിക്കുന്നുവെന്നത് ആരോഗ്യകരമായ ഒരു നിരീക്ഷണമല്ല. വള്ളത്തോളിന്റെ ശൃംഗാരദ്യുതി ആ വരികളിൽ തെളിയുന്നില്ലെങ്കിൽ അത് തകഴിയുടെ മേൻമയാണ്.

മൈക്കൾ വെയ്റ്റ് (Michele Veiot) എഴുതിയ ഗലീലിയോയുടെ Galileo - Antichrist ജീവിത ചരിത്രഗ്രന്ഥം വായിക്കുന്നവരെ വല്ലാതെ സങ്കടപ്പെടുത്തുന്നു. പരശതം വാസരങ്ങൾക്കു മുമ്പേ സംഭവിച്ചതാണെങ്കിലും മഹാനായ ആ മനുഷ്യൻ അനുഭവിച്ച വേദനകളും ഒറ്റപ്പെടലുകളും സർവ്വോപരി വേട്ടയാടലുകളും ഇന്നും സംഭവിച്ചുകൊണ്ടേയിരിക്കുന്നു. സത്യമെന്നു കണ്ടെത്തിയാൽ അതു പുറത്തുപറയാൻ കഴിയാതിരിക്കുക. മെഴകുതിരി സമാനം ഉള്ളുലഞ്ഞുരുകി കണ്ടെത്തിയ അഭ്രദീപ്തിയെ യുക്തിരഹിതമായി വലിച്ചെറിയപ്പെടുക, ജീവിതം വില നൽകി നേടിയെടുത്ത സാധന കൺമുന്നിൽ വച്ച് ചീന്തിയെറിയപ്പെടുക ഇതിനെതിരെ ഉണർന്നു പ്രതികരിക്കാനാവതെ മുച്ചൂട്ടും ഭയത്തിന്റെ കരിങ്കത്തിയാൽ സ്വയം രാകി രാകി ലോപിക്കാനായിരിക്കും എഴുപതുകാരനായ ഗലീലിയോയുടെ നിയോഗം. 1598 ൽ ജനിച്ച ശ്രയാൻ ടാനോ ബ്രൂണോ (1598 -1600) എന്ന ഋഷിതുല്ല്യനായ ശാസ്ത്രജ്ഞന്റെ അനുഭവങ്ങളും മറിച്ചായിരുന്നില്ലെന്നതു ഇത്തരുണത്തിൽ സമർത്തവ്യമാണ്. ഗുരു കോപ്പർ നിക്കസിന്റെ ഗവേഷണത്തിന്റെ പിൻബലത്തിൽ തത്വചിന്ത തിരുത്തിയെഴുതിയ പാതകത്തിന് ഇൻക്വിസിഷന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട ബ്രൂണോ വിശ്വാസങ്ങൾ തിരുത്താൻ തയ്യാറായില്ല ഞാനെഴുതിയതെല്ലാം, പറഞ്ഞതെല്ലാം എന്റെ കണ്ടെത്തലുകളാണ്.... എന്നു ബ്രൂണോ പറഞ്ഞു. ഒടുവിൽ അദ്ദേഹം ശിക്ഷിക്കപ്പെട്ടു. വെളിച്ചം നിഷേധിക്കപ്പെട്ട ആറടി ഗഹ്വരത്തിൽ അദ്ദേഹത്തെ അടയ്ക്കപ്പെട്ടു. നാക്കിൽ ഇരുമ്പാണി അടിച്ചിറക്കി. കാമ്പോഡി ഫിയറി എന്ന ചത്വരത്തിൽ ആനയിക്കപ്പെട്ട ആ പണ്ഡിതനെ, സത്യാന്വേഷിയെ വിശ്വാസികളെ സാക്ഷിനിറുത്തി പോപ്പു ഭരണകൂടം ദൈവനാമത്തിൽ ചുട്ടുകൊന്നു. ഗലീലിയോയെയും കാത്തിരിക്കുന്നത് ഇതാണെന്ന് വിചാരണക്കിടയിൽ ഇൻക്വിസിറ്റർ ഓർമ്മപ്പെടുത്തി.

"കോപ്പർ നിക്കസിന്റെ നിഗമനങ്ങളോട് ഞാൻ യോജിക്കുന്നില്ല. അതുപേക്ഷിക്കാനുള്ള അനുശാസനം ഉണ്ടായപ്പോൾ തന്നെ അത് ഞാൻ തള്ളിക്കളഞ്ഞിരുന്നു. താങ്കളുടെ കരങ്ങളിലാണ് ഞാൻ. താങ്കൾക്ക് ഇഷ്ടം പോലെ പ്രവർത്തിക്കാം."

"സത്യം ബോധിപ്പിക്കണം അല്ലെങ്കിൽ പീഢനത്തിന് വിധേയനാകേണ്ടിവരും....."

"അനുസരിക്കാനാണ് ഞാൻ ഇവിടെ നിൽക്കു ന്നത്; നേരത്തെ ബോധിപ്പിച്ചതുപോലെ മുമ്പ് തീരുമാനമെടുത്തതോടെ ആ അഭിപ്രായം ഞാൻ തള്ളിയിരിക്കുന്നു."

ഏതോ നിയോഗം പോലെ, മരണ വക്രത്തിൽ നിന്നും ഗലീലിയോ, എന്ന സത്യാന്വേഷി വിമുക്തി നേടി. ഭാവിയിൽ എഴുതാനോ, പ്രഭാഷണം നടത്താനോ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനോ പാടില്ല. എന്ന ശാസനയോടെ അദ്ദേഹത്തെ അവർ മടക്കി വിട്ടു. വരുംകാല ശാസ്ത്രത്തിന്റെ നട്ടെല്ലായിത്തീർന്ന "ഡയലോഗും" "ദ അസ്സയറും" മറ്റു ഗ്രന്ഥങ്ങളും നിരോധിച്ചു. അർബിനോ മൂന്നാമൻ എന്ന മാർപ്പാപ്പയുടെ കാർ

മ്മികത്വത്തിൽ മുന്നേറിയിരുന്ന ഇൻക്വിസിഷന്റെ ക്രൂരദംഷ്ട്രകളിൽ നിന്നും കഷ്ടിച്ചായിരുന്നു ഗലീലിയോ രക്ഷപ്പെട്ടത്, പിൽക്കാലത്ത് അവരുടെ പിടിയിൽ തന്നെ വീണുവെങ്കിലും!

പക്ഷെ ഗലീലിയോയെ നശിപ്പിക്കുവാൻ വ്രതമെടുത്തുറപ്പിച്ചിരുന്നു ഈ മാർപ്പാപ്പ. അനന്തരമൊരുനാൾ അതു സംഭവിച്ചു. ആ സർഗ്ഗ ജീവിതത്തിന് കൊടുംക്രൂരനായ മാർപ്പാപ്പ ശിക്ഷ വിധിച്ചു. ശിക്ഷയേറ്റുവാങ്ങി നടന്നു പോകുമ്പോൾ And yet it does move എന്ന് പിറുപിറുത്തതായി പിൽക്കാലം ഗലീലിയോയെപ്പറ്റി കഥമെനയുന്നു. ലിറ്റിൽ ജുവൽ എന്ന കൊച്ചു ഭവനത്തിൽ എല്ലാവരാലും തഴയപ്പെട്ട്, ഒറ്റപ്പെട്ട് അർസെട്രി ഗ്രാമത്തിൽ (14-ാം നൂറ്റാണ്ടിൽ) ഏകാന്തവാസമനുഷ്ഠിച്ചു. മകൾ സാൻമാറ്റോ-കന്യാമറിയ സമൂഹത്തിലെ അന്തേവാസി. മറിയാ സെലസ്റ്റേ വാർദ്ധക്യകാല പീഢനത്തിൽ ഗലീലിയോക്ക് മകൾ മാത്രമായിരുന്നു സാന്ത്വനം. അവൾ കൂടെ നിന്നു പക്ഷേ മുപ്പത്തി മൂന്നാം വയസ്സിൽ മജ്ജാമരണം ബാധിച്ച് അവൾ മരിച്ചു പോയി. പിന്നെ ഗലീലിയോ കൊടും വിഷാദത്തിലായി. കഠിനമായ വിഷാദത്തിലും സങ്കടത്തിലും ഞാൻ കുത്തിവീഴ്ത്തപ്പെട്ടിരിക്കുകയാണ്. വിശപ്പുപോലും നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ എന്നെ തന്നെ വെറുക്കുന്നു. എന്റെ പ്രിയപ്പെട്ട മകൾ എന്നെ വിളിക്കുന്നു....

ബന്ധുവായ ഗെറിബോഷെനെറിക്കിനു അദ്ദേഹം എഴുതിയത് ഇപ്രകാരമായിരുന്നു.

പരിതപ്തമായ ജീവിതമെങ്കിലും, പീഢനങ്ങളുടെ ആതപകാലമെങ്കിലും, നിരീക്ഷണങ്ങളുടെയും, നിഗമനങ്ങളുടെയും ലോകത്തെ അദ്ദേഹം ഉപേക്ഷിക്കാൻ തയ്യാറായില്ല. ആകുമായിരുന്നില്ല എന്നാലും കൂടുതൽ ശരി; ന്യൂട്ടന്റെ കണ്ടെത്തലുകൾക്ക് പ്രിൻസിപ്പിയാ മാത്തമാറ്റിഷ്യ ആധാരമായി തീർന്നത് പിൽകാലത്ത് അദ്ദേഹം രചന നിർവ്വഹിച്ച ഡിസ്ക്കോസസ്സ് ഓൺ ടു ദ സയൻസ് (Discoses on to the science) ആണ്. ഏറെ ശാസ്ത്രഗവേഷണങ്ങൾക്ക് വെളിച്ചമായി ഭവിക്കുന്നുണ്ട് ഈ പൊൻതിരി. ഈ കൃതിയുടെ രചന വേളയിൽവച്ച് ഗലീലിയോക്ക് കാഴ്ച നഷ്ടപ്പെടുന്നു. ഇൻക്വിസിഷന്റെ പിടിയിലായിരുന്നപ്പോൾ ഇടതു കണ്ണിനു സാവധാനം കാഴ്ച നഷ്ടപ്പെട്ടിരുന്നു. പക്ഷെ പോപ്പു ഭരണകൂടം ചികിത്സ നിഷേധിക്കപ്പെട്ട കാരണം മൂന്നുമാസം കൊണ്ട് വലതു കണ്ണിനും രോഗം ബാധിച്ചു. ക്രമേണ ഗലീലയോയുടെ രോഗം ഇരുളടഞ്ഞതായി തീർന്നു. ഒടുവിലത്തെ എട്ടുകൊല്ലം ആർദ്രമനസ്ക്കനായി ചെലവിട്ട മുറിയിൽ വച്ച് 1648 ൽ ജനുവരി 8-ാം തീയതി ഗലീലിയോ ഈ ലോകത്തോടു വിടപറഞ്ഞു. മരണത്തിൽ പോലും പോപ്പും പള്ളി സമൂഹവും ക്രൂരവും ദയാരഹിതവുമായി ഗലീലിയോയോടു പെരുമാറി എന്നതാണു നമ്മെ ഏറെ സങ്കടത്തിൽപ്പെടുത്തുന്നത്. സത്യത്തിൽ സത്യത്തിനു നൽകിയ ബലിയായിരുന്നു ആ ജീവിതം. സത്യാമ്പേഷികളേയും സർഗ്ഗപ്രതിഭകളേയും വിധിക്കുമ്പോൾ, പീഢിപ്പിക്കുമ്പോൾ സത്യത്തിൽ പരിക്കേൽക്കുന്നത് ആർക്കാണ്...? ലോക ഗുരുവെന്ന് വിശേഷിപ്പിക്കുന്ന സോക്രട്ടീസിനെയും നമ്മൾ വിഷം കൊടുത്ത് കൊന്നു. എന്തിനുവേണ്ടി? സ്പാർട്ടക്കസ് ബഞ്ചമിൻ മൊളേയ്സ് അങ്ങിനെ നിര പിന്നെയും ഒക്കെയും ഹിംസയുടെ നഖരേഖകൾ തന്നെ. അധികാരം, രാഷ്ട്രീയം എന്നിവ എന്നും ഇന്നും സർഗ്ഗപ്രതിഭകളെയും സത്യാമ്പേഷികളെയും, വളരാൻ അനുവദിച്ചിട്ടില്ലായെന്നു തന്നെ ചരിത്രം വെളിപ്പെടുത്തുന്നു...

കസാൻസാക്കീസിന്റെ ലാസ്റ്റ് ടെംപ്ടേഷൻ ഓഫ് ക്രൈസ്റ്റ് (Last temptation of christ) എന്ന കൃതിയെ ആധാരപ്പെടുത്തി പി. ജെ ആന്റണി കൃസ്തുവിന്റെ ആറാംതിരുമുറിവ് എന്ന നാടകം അരങ്ങേറിയപ്പോൾ തെരുവായ തെരുവുകളും സഹൃദയമാനസങ്ങളും സോല്ലാസം അതു ഏറ്റുവാങ്ങി. സർഗ്ഗപരതയുടെ അഭൗമ കാന്തി പകർന്നു നല്കുകയായിരുന്നു പി. ജെ ആന്റണി. പക്ഷെ മറുവശത്ത് ചില ശക്തമായ ഇടപെടലുകൾ ഈ നാടകത്തെ നിരോധിക്കണമെന്നും നിരോധിച്ചില്ലെങ്കിൽ ബൈബിളും പള്ളിയും തകർന്നു വീഴുമെന്നും ഇവർ വാദിച്ചു. മതത്തെയും വിശ്വാസികളെയും തികച്ചും അവഹേളിക്കാനാണ് ഇത്തരമൊരു നാടകം രചിച്ചവതരിപ്പിക്കുന്നതെന്നും ഇവർ വാദിച്ചു രംഗത്തിറങ്ങി പ്രതിഷേധസമരമുറകൾ നടത്തി. നാടകം നിരോധിക്കുക അതായിരുന്നു അവരുടെ ആവശ്യം. നിരോധനം ഒരവസാനവാക്കായിട്ടാണ് ഇവർ ധരിച്ചുവശായിരിക്കുന്നത്. പക്ഷ ഈ അരാജക പ്രക്ഷുബ്ധതയുടെ നടുവിലേക്ക് പൗലോസ് മാർ പൗലോസ് എന്ന മുമ്പനായ വൈദികൻ ചാടിയിറങ്ങി, ബഹളക്കാരായ കുരിശു തൊഴിലാളികളെയും പള്ളിമേധാവികളെയും തിരിച്ചു വിളിച്ചു. അങ്ങിനെ തുമ്മിയാൽ തെറിക്കുന്ന മൂക്കാണെങ്കിൽ അതങ്ങോട്ട് പൊയ്ക്കോട്ടെ എന്നും അതിനായ് ആരും പ്രതികരിക്കേണ്ടായെന്നും ആവിഷ്കരണ സ്വാതന്ത്ര്യത്തെ വെല്ലുവിളിക്കേണ്ടന്നും പറഞ്ഞ് അവരെ പിൻവാങ്ങിച്ചു. ചില നിക്ഷിപ്ത താല്പര്യ

ക്കാരുടെ വാദമനുസരിച്ച് കലാകാരന്റെയും അവരുടെ സൃഷ്ടികളെയും വെളിച്ചത്തിൽ നിന്നും മറച്ചുപിടിക്കുന്ന രീതി അധികാരിവർഗ്ഗം അഥവാ ഭരണവർഗ്ഗം എന്നും ഇന്നും ചെയ്തു പോരുന്നു. "വീശുന്ന വായുവിനേ വിശുദ്ധിയുള്ളൂ... ഒഴുകുന്ന ജലത്തിനെ ശുദ്ധിയുള്ളൂ" എന്ന് സോക്രട്ടീസ് ഭരണവർഗ്ഗത്തോടു പറഞ്ഞത് തന്നോട് സംസാരിക്കാതിരിക്കണം എന്നു പറഞ്ഞതു കൊണ്ടാണ്.

ഒരു നവംബറിൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ കവി ജോസഫ് ബ്രോഡസ്കിയെ (Yousif Brodeskay - 1964 February) ഫെബ്രുവരി 18-ാം തീയതി സോവിയറ്റ് പോലീസ് അറസ്റ്റു ചെയ്ത് ലെനിൽ ഗ്രാന്റ് ഡിസ്ട്രിക്ട്രിൽ കൊണ്ടുവന്നു. വിചാരണ വേളയിൽ ഭരണവർഗ്ഗത്തിന്റെ ഒറ്റനാവിൽ ശബ്ദാകാരമായി ജഡ്ജി കവിയോടു ചോദിച്ചു നിങ്ങളുടെ ജോലി എന്താണ്...?

ബ്രോ ഃ കവി

ജ ഃ ആരാണ് നിങ്ങളെ കവിയായ് കണ്ടത്?

കവികളുടെ കൂട്ടത്തിൽ നിങ്ങളെ ഉൾക്കൊള്ളിച്ചത് ആര്?

ബ്രോ ഃ ആരുമല്ല ആരാണ് എന്നെ മനുഷ്യനായ് കണ്ടത്?

ജ ഃ നിങ്ങൾ ഇതിനുവേണ്ടി പഠിച്ചോ

ബ്രോഃ ഇതിനുവേണ്ടിയോ.....?

ജ ഃ കവിയാകാൻ... സർവ്വകലാശാലയിൽ നിങ്ങൾ ചേരാൻ ശ്രമിച്ചില്ലല്ലോ?

ബ്രോ ഃ ഇതു പഠിപ്പിക്കേണ്ട കാര്യമാണെന്നു എനിക്കിതേവരെ തോന്നിയില്ല.

ജ ഃ പിന്നെ അതെന്താണ്..?

ബ്രോ ഃ അത്, ഈശ്വരനിൽ നിന്നും കിട്ടുന്നതാണ്.....

ഭരണവർഗ്ഗത്തിന്റെ നൃശംസതയും കവികുലവര്യന്റെ ഉത്തുംഗതയും നമുക്കവിടെ വെളിപ്പെട്ടുകിട്ടും. കവികളോടും കലാകാരൻമാരോടും ഗ്രന്ഥകർത്താക്കളോടും വിശിഷ്യാ സത്യാന്വേഷികളോടും ഭരണവർഗ്ഗം പുലർത്തുന്ന നീതി എഴുതിയാൽ തീരില്ല. ഭരണവർഗ്ഗ വൈതാളികരുടെ ഘോരപീഢനം സഹിച്ച് സഹിച്ച് സഹനം സ്നാനമാക്കിയ ഒരു കവയിത്രിയുണ്ട്. അവരെ ഓർക്കാതെ ഈ പംക്തി പൂർത്തിയാക്കുക ദുഷ്കരം. അന്ന അഹ്മാതവ (Anna Ahmathava) എന്ന റഷ്യൻ കവയിത്രി അക്മിസ്റ്റ് കവിതാ വിഭാഗത്തിൽപ്പെട്ട കവിയത്രി. അവരുടെ പേരുകേൾക്കുമ്പോൾ തന്നെ ദുരന്തത്തിന്റെ പര്യായമാണോ കേട്ടതെന്നു നിരൂപകർ പറയുന്നു. അവരുടെ ഭർത്താവിനെ കവി കൂടിയായ ഗുമില്ല്യാവിനെ അവർ അനാവശ്യകുറ്റം ചുമത്തി 1921 ൽ ബോൾഷെവിക്കുകൾ വധിച്ചു. പിന്നെ അന്നയുടെ മകനെ അറസ്റ്റ് ചെയ്ത് തടങ്കൽ പാളയത്തിൽ വച്ചു. മകനെ വിട്ടു കിട്ടാൻ ഈ കവയിത്രി ദിവസം നിരവധി മണിക്കൂറുകൾ വച്ച് പതിനേഴുമാസം ലെനിൽ ഗ്രാഡിൽ ക്യൂ നിന്നു. ഇത്രമാത്രം വേദനയനുഭവിച്ച അന്നയുടെ കാവ്യങ്ങൾ വായിച്ചാൽ ആരും കാവ്യതീഷ്ണത കൊണ്ടു വികാരപ്പെട്ടു പോകും. Requiem എന്ന കവിത ഉത്തമ ഉദാഹരണമാണ്. സൃഷ്ടിപരതയുടെ ഉത്തുംഗഹിമാദ്രികളിൽ വിരാജിക്കുന്ന സർഗ്ഗ പ്രതിഭകൾ തങ്ങളുടെ ചൊൽപ്പടിക്കോ, ശാസനക്കോ വംശവദരാകുന്നില്ലെന്നു കണ്ടാൽ അവരെ ഉൻമൂലനം ചെയ്‌വാൻ ഭരണ, മത വൃന്ദം അന്നുമിന്നും ഒരെ പോലെ എണ്ണിയാലൊടുങ്ങാത്ത പാതകങ്ങളും, പീഡനങ്ങളും കൊണ്ട് സദാ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. നിശ്ചയിച്ചുറപ്പിച്ച അവാർഡുകൾ കേവലം വോട്ടുകിട്ടാൻ വേണ്ടി കൊടുക്കാതിരിക്കുക, സംഘം ചേർന്ന് ഗ്രന്ഥകർത്താക്കളെ ഇകഴ്ത്തുക എന്നിവ ഇന്നും നിത്യസംഭവങ്ങളായി തുടരുന്നു. ഇന്ന് മത ന്യൂപക്ഷ വാദികളുടെ അരങ്ങാണ്. അന്ന് പോപ്പ് ഭരണ കൂടമായിരുന്നെങ്കിൽ ഇന്നത് മത ന്യൂനപക്ഷവാദികളും കക്ഷിരാഷ്ട്രീയക്കാരു മാണ് ഈ കൃത്യം ചെയ്യുന്നത്. നാം ഏതു ചേരിയിലായിരിക്കണം എന്നതാണു പരമപ്രധാനം. ഇരയോടൊപ്പം സഹതപിക്കുകയും എന്നാൽ വേട്ടക്കാരനോടൊപ്പം ഇരയെ പിൻതുടരുകയും ചെയ്യുന്ന നമ്മുടെ മനോഭാവം തിരുത്തപ്പെടേതുണ്ട്.

മിതംചഃ സാരംചഃ വചോഹിവാഗ്മിതഃ എന്നു പൂർവ്വസൂരികൾ വാഗ്മിയെ നിർവ്വചിച്ചിട്ടുണ്ട്. ഒന്നോർത്താൽ മനസ്സിൽ ഓടിയെത്തുന്ന വാഗ്മിസ്വരൂപം ഋഷിതുല്യം. സി. രാധാകൃഷ്ണൻ! പുൽക്കൊടിപോലുമറിയാതെ അദ്ദേഹം നടക്കുന്നു. പാദസ്പർശം ക്ഷമസ്വാ എന്നു ജപിച്ച് ഭൂമിയെ തൊടുന്നു. എഴുതി തെളിഞ്ഞ ശൈലിയാൽ കാച്ചിക്കുറിക്കിയ വാക്കുകൾകൊണ്ട് സഹൃദയമാനസങ്ങളിലെ അംബരത്തെ ചുംബിച്ചു നിൽക്കുന്ന ഗ്രന്ഥകർത്താവ് താപസ്സശ്രേഷ്ഠനെപോലുള്ള സർഗ്ഗ പ്രതിഭ!

അദ്ദേഹത്തിന്റെ 'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന കൃതി ഭാഷാപിതാവിന്റെ ജീവിത കഥയെ തികച്ചും വരച്ചു വച്ചിരിക്കുന്നു. ചിത്ര ചാതുര അവർണ്ണനീയം. ഒട്ടേറെ പുരസ്കാരങ്ങൾ ഈ കൃതിക്ക് കൈവന്നിട്ടുണ്ട്. ഓടക്കുഴൽ അവാർ

ഡ്, ജ്ഞാനപ്പാന പുരസ്കാരം, അമൃത കീർത്തി പുരസ്കാരം, സഞ്ജയൻ പുരസ്കാരം, മൂർത്തി ദേവീ പുരസ്കാരം എന്നിയക്ക് പാത്രമായ കൃതി. അറിവിന്റെ അഞ്ജന സൂചികൊണ്ട് അകക്കണ്ണിലെ തിമിരപ്പാട നീക്കി കാഴ്ച തെളിവേകിയ പരമകാരുണ്യത്തിന് തിരുമുൾ കാഴ്ചയായി ഈ കൃതി സമർപ്പിക്കുന്നു.

ഭാഷാപിതാവിന്റെ ജീവിത കഥ നീക്കു പോക്കില്ലാതെ പകർന്നു വച്ചിരിക്കുന്നു. ഈ കൃതിയിലെമ്പാടും ശ്രീ. സി. രാധാകൃഷ്ണൻ നിലവിലുള്ള മലയാള അക്ഷരമാല ഭാഷാപിതാവിന്റെ ഹൃദയകമലത്തിൽ വിരിഞ്ഞത് തിരൂരിലെ എഴുത്തുകളരിയിൽ വച്ചാണ്. അതിനാൽ നൂറ്റാണ്ടുകളായി ആദ്യാക്ഷരമെഴുതിക്കാൻ ഒരു പിടിമണ്ണ് അവിടന്നുകൊണ്ടുപോകുന്നു. ഗോകർണ്ണം മുതൽ കന്യാകുമാരി വരെ എങ്ങുനിന്നും കാതങ്ങൾ താണ്ടി കുട്ടികളെ എഴുത്തിനിരുത്താൻ അവിടേക്കു കൊണ്ടുവരുന്നു. ആ പുണ്യസ്ഥലിയുടെ സാമീപ്യാനുഗ്രഹത്തിന് നന്ദി പറഞ്ഞുകൊണ്ട് കൃതിയാരംഭിക്കുന്നു. തുടർന്ന് ഉൾത്തളുകളിലേക്ക് പ്രവേശിക്കുന്ന നമ്മൾക്ക് ഭാഷാപ്രയോഗ വിസ്മയവും, വിവരണ ചതുരതയും കൊണ്ട് തീർത്ത ഒരു പോക്കറ്റ് തിയേറ്റർ തന്നെ ദർശിക്കാനാകും. സഹിതമായ അനുഭൂതിതലങ്ങളിലൂടെ ഭാഷയുടെ അഭൗമവും അനിർവചനീയവുമായ ലോകത്തേക്കു നമ്മെ കൈപിടിച്ചുയർത്തുകയാണ് ഈ കൃതിയിലൂടെ ശ്രീ. സി. രാധാകൃഷ്ണൻ. ഒരു വൈദ്യുതാലിംഗനം പോലെ കൃതിയെ സമീപിക്കുന്ന വരെ അതു പിടികൂടുന്നു. വായിച്ചു തീരുംവരെ നമുക്ക് രക്ഷപെടാനാവുന്നില്ല കൺനിറഞ്ഞും മനം നിറഞ്ഞുമേ നമുക്ക് വായിച്ചു തീർക്കാനാവുകയുള്ളൂ. വായിച്ചു തീർന്നാലോ ഇന്ദ്രീയങ്ങളഞ്ചിലും പിന്നെ നിനവിലും ഈ പാരായണ സുഖസന്ദായകത്വവും, കഥാപാത്രങ്ങളും നിറഞ്ഞു നിൽക്കും

പക്ഷെ, ഇന്ന് ഈ കൃതിയേയും ഗ്രന്ഥകർത്താവിനെയും സർക്കാരും ചില തത്പരകക്ഷികളും ചേർന്ന് വേട്ടയാടുകയാണ്.

പ്രസ്തുത കൃതിയിലെ, എഴുത്തച്ഛനെന്ന കഥാപാത്രം ഒരു പ്രത്യേക സമുദായംഗമാണെന്നു വികലവും, വിശുദ്ധിയില്ലാത്തതുമായ വാദം ഉന്നയിക്കുന്നു. അതിന്റെ ചുവടുപിടിച്ച്, പൊരുളറിയാതെ ഗ്രന്ഥകാരനെയും കൃതിയേയും നാൾക്കുനാൾ അപവദിക്കുന്നു.

എഴുത്തച്ഛന്റെ പൊരുളറിഞ്ഞ് നല്ല ഉൾവെട്ടത്തോടുകൂടി ഋഷിതുല്ല്യനായ ഒരു സത്യാന്വേഷി വിരചിച്ച ഈ കൃതി, ശതകോടി പ്രണാമമർഹിക്കുന്നു.

പക്ഷെ നാം ഗുരുനിന്ദകൾ കാട്ടി അത്രക്കു വളർന്നവരല്ലെന്ന് ഒന്നുകൂടി ഉറപ്പിക്കുന്നു.

ന്യൂനപക്ഷവാദികളും സർക്കാരും ചേർന്ന് (വോട്ടിനെ ഉന്നം വച്ച്) സഹൃദയ മാനസം ഏർപ്പെടുത്തിയ ഈ കൃതിക്കു ലഭിക്കാനായി നിശ്ചയിച്ചുറപ്പിച്ച അവാർഡിനെ നിരുപാധികം മാറ്റി വയ്പിച്ചു കളഞ്ഞു. ഇത്തരം വില കുറഞ്ഞ ചേഷ്ടകൾ സർക്കാരിന്റെ സാംസ്കാരിക ഔന്നത്യത്തെയല്ല ആസ്പദമാക്കുന്നത്.

സർക്കാരിനോ, സാംസ്കാരിക വിഭാഗത്തിനോ യാഥാർത്ഥ്യം അറിയില്ല. സ്വന്തം തലച്ചോറിനെ മറ്റുള്ളവർക്കായി പണയം വച്ചിട്ടുള്ള ഇത്തരം കപട രാഷ്ട്രീയ വൈരാളികർ നാടിനെയും നമ്മുടെ സംസ്കാരത്തെയും ഗുണകരമായിട്ടല്ല നയിക്കുന്നത്.

അങ്ങു വിശ്വസാഹിത്യത്തിലെന്നല്ല ഇങ്ങു കേരളക്കരയിലും ഗുരുക്കൻമാരെയും, ഗ്രന്ഥകർത്താക്കളെയും, സത്യാന്വേഷികളെയും വല്ലാതെ ഇകഴ്ത്തുകയും അവരുടെ പുരസ്കാരങ്ങളെ ഇത്തരത്തിൽ അട്ടിമറിക്കുകയും കൃതികളെയും സൃഷ്ടികളെയും നിരോധിക്കുകയും ചെയ്യുന്നു.

ഭരണരാഷ്ട്രീയ ന്യൂനപക്ഷ അരാജകവാദികൾ ജനങ്ങളെ വീഴ്ത്തി തോളത്തു കയറിയിരുന്നു അവരുടെ കാഴ്ച കെടുത്തി കടന്നുകളയുകയാണ്.

സഹൃദയലോകം ഒന്നടങ്കം, 'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന കൃതി നിറഞ്ഞ ഭക്തിയോടും സഹൃദയത്വത്തോടും കൂടി വായിച്ച് ആനന്ദനിർവൃതിയിലാറാടുമ്പോൾ, അലൗകികാനന്ദനിർഝരിയിൽ മനം നിറയുമ്പോൾ ചില അരാജകവാദികളുടെ ചെറുനഖരേഖകൾ ഈ കൃതിയെ തെല്ലും ഉലക്കില്ല. ആ ഓറക്കുള്ളിൽ വല്ലാതെ പൊലിഞ്ഞുപോകയേയുള്ളൂ.......

അംഗുല പക്ഷിയുടെ കഥപോലെ,

സകല ജീവജാലങ്ങളുടെയും മുതുകിൽ കയറി അങ്ങട്ടും ഇങ്ങട്ടും ഇന്ന് ഇവറ്റെയെയൊക്കെ ഞാൻ അളന്നിരിക്കുന്നുവെന്ന് വീമ്പിളക്കി. അനന്തരം അവിടെ രാപ്പാടിയെത്തുന്നു അലൗകിക ഗാനനിർഝരിയിൽ ഉലകിടമാകെ തരിച്ചു നില്ക്കെ : രാപ്പാടി അംഗുലപക്ഷിയോടു ചോദിച്ചു "ദൈവാനുഗ്രഹമായുള്ള എന്റെ സംഗീതത്തെ നീ ഏതളവുകോൽ വച്ചാണ് അളക്കുക..."

വല്ലാതെ ഈ ചോദ്യത്തിനു മുന്നിലുഴറുന്ന അംഗുലപക്ഷിയെപ്പോലെയാണ് നമ്മുടെ ഭരണപക്ഷവും തല്പരകക്ഷികളും.....

അനാദി ഗുരോ..... ഇവരോടുക്ഷമിക്കേണമേ....

# സർപ്പബലി



എം.ജി.തങ്കമ്മ

ദക്ഷിണ ഭാരതത്തിൽ ഹിന്ദുക്കൾ സർപ്പ പ്രീതിക്കുവേണ്ടി നടത്തുന്ന ഒരു ചടങ്ങ്. പുള്ളുവൻ, പുള്ളുവത്തി എന്നിവരുടെ പാട്ടുകൾ കൊണ്ടാണ് പാമ്പുകൾ സന്തോഷിക്കുന്നത്. പാമ്പുകളുടെ കളം വരയ്ക്കുക, പൂജ കഴിപ്പിക്കുക, പുള്ളുവൻമാർ പാട്ടുപാടുക മുതലായവയെല്ലാം സർപ്പ ബലിയുടെ ഘടകങ്ങളാണ്. ഇതിന് ഖാണ്ഡവ ദാഹം കഥയുമായി ചില ബന്ധങ്ങളുണ്ട്. ഖാണ്ഡവദാഹത്തിനു ശേഷം സമുദ്രത്തിലെത്തി ച്ചേർന്ന തക്ഷകനെ ഒരു പുള്ളുവത്തി കുടത്തിൽ കയറ്റിയിരുത്തി രക്ഷിച്ചുവെന്നാണ് ഇതിനു പിന്നിലുള്ള ഐതിഹ്യം. സർപ്പബലിക്ക് പുള്ളുവൻ, പുള്ളുവത്തി എന്നിവരുടെ പാട്ടുകൾ ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. പാമ്പിൻകളം കളിക്കുക എന്നും ഈ ചടങ്ങിനു പേരുണ്ട്.

സർപ്പബലിയുടെ ഒരു പ്രധാന ചടങ്ങാണ് കളം വരയ്ക്കൽ. നാലു കവുങ്ങിൻ കമ്പുകൾക്കിടയ്ക്ക് സ്ഥിതി ചെയ്യുന്ന ഒരു മണ്ഡപത്തിൽ പുതുമണ്ണുകൊണ്ടുണ്ടാക്കിയ ഒരു തറയിൽ കളം വരയ്ക്കുന്നു. മണ്ഡപം പട്ടുതുണി കൊണ്ട് പൊതിഞ്ഞിരിക്കും. ചുറ്റും കുരുത്തോല കൊണ്ട് അരങ്ങു കെട്ടിയിരിക്കണം. ഉണക്കലരിപ്പൊടി, മഞ്ഞൾപ്പൊടി, പച്ചിലപ്പൊടി മുതലായവ കൊണ്ടാണ് കളം വരയ്ക്കുന്നത്. ആദ്യമായി തറയിൽ വിതറുന്ന ഉമിക്കരിപ്പൊടിയിൽ പുള്ളുവൻ കൈ കൊണ്ട് നാഗങ്ങളെ വരയ്ക്കുന്നു. നാഗങ്ങളുടെ ബാഹ്യാകാരങ്ങൾക്ക് ചില നിറങ്ങൾ കൊടുക്കുന്നു. ചിരട്ടയിൽ പൊടി നിറച്ച് വക്കിൽ തട്ടുമ്പോൾ ദ്വാരം വഴി പൊടി കീപ്പോട്ടു വീഴുന്നു. രണ്ടറ്റങ്ങളിലും അരിപ്പൊടിയും നടുവിൽ പച്ചപ്പൊടിയും ഇരുപുറത്തും മഞ്ഞൾപ്പൊടിയും അവയ്ക്കു വെളിയിൽ അരിപ്പൊടിയുടെ ഉള്ളിലായി ചുവന്ന പൊടിയും വിതറുന്നു. അപ്പോൾ ഉടലിന്റെ പണിതീർന്നു. പിന്നീട് നാഗത്തിന്റെ കണ്ണ്, ഫണം മുതലായവയും പൊടി കൊണ്ട് അലങ്കരിക്കുന്നു. നാഗങ്ങളുടെ ചിത്രനിർമ്മാണത്തിൽ പുള്ളുവൻമാർ കാണിക്കുന്ന കലാവാസന അത്ഭുതകരമാണ്.

കളം വരച്ചു കഴിഞ്ഞാൽ നാഗപൂജ ആരംഭിക്കുകയായി. അതിന് ഗൃഹത്തിലെ അംഗമായ ഒരു പുരുഷൻ തന്നെ വേണം. അയാൾ രണ്ടു ദിവസം മുമ്പു മുതൽക്കേ വ്രതം അനുഷ്ഠിക്കുന്നു. കളത്തില കൈമ്മൾ എന്നാണ് അദ്ദേഹത്തിന്റെ സാങ്കേതികനാമം. കുളിച്ച് തറ്റുടുത്ത് കഴുത്തിൽ ഉത്തരീയവും കെട്ടി ഒരു കിണ്ടി വെള്ളവുമായി അദ്ദേഹം വരുന്നു. കളത്തിന്റെ നാലുഭാഗത്തും നാലു നിലവിളക്കുകൾ കത്തിജ്ജ്വലിക്കണം. അതുപോലെ തന്നെ നെല്ല്, അരി, നാളികേരം, ഇളനീർ, അവില്, മലർ, പാൽ, പഴം, നൂറ് മുതലായവ കളത്തിന്റെ നാലു ഭാഗത്തും വച്ചിരിക്കണം. പടിഞ്ഞാറു ഭാഗത്ത് രണ്ടു തട്ടുകളിൽ കവുങ്ങിൻ പൂക്കുല, വെറ്റില, അടയ്ക്ക, വാൽക്കണ്ണാടി, ദക്ഷിണ എന്നിവ വച്ചിരിക്കും. പുള്ളുവൻ നിർദ്ദേശിക്കുന്നതനുസരിച്ച് പുഷ്പങ്ങൾ അർപ്പിച്ചും ജലം, ധൂപം, അഗ്നി എന്നിവ കൊണ്ടും കൈമ്മൾ പൂജ ചെയ്യുന്നു. കളത്തിന്റെ നാലു ഭാഗത്തും ഇരുന്നിട്ടു വേണം പൂജ നടത്തുവാൻ. പിന്നീട് കോൽത്തിരികൾ കത്തിച്ച് അതിൽ വെള്ളം തളിച്ച് മൂന്നു പ്രദക്ഷിണം വയ്ക്കണം. ഒരു പുത്തൻ മുറത്തിൽ നെല്ലിന്റെ മീതെ ഇലയിൽ തിരികൾ വച്ചും മൂന്നു പ്രാവശ്യം പ്രദക്ഷിണം വയ്ക്കണം. പിന്നെ ഒരു താലത്തിൽ കർപ്പൂരം കത്തിച്ചും മൂന്നു പ്രദക്ഷിണം വയ്ക്കണം. പുള്ളുവൻ വീണവായിച്ചു കൊണ്ട് മുമ്പെയും, പിറകെ വാൽക്കിണ്ടിയിൽ തെങ്ങിൻ പൂക്കുല വച്ചത് എടുത്തുകൊണ്ട് വീട്ടിലെ ഒരംഗവും, വിളക്ക് നിറ എന്നിവ എടുത്ത് ഓരോ സ്ത്രീയും താലങ്ങൾ എടുത്ത് രണ്ടു ബാലികകളും, കൈമ്മളും വീട്ടിലെ പ്രധാന അംഗങ്ങളും കൂടി ആർപ്പു വിളികളോടും വായ്ക്കുരവകളോടും കൂടി കളത്തിന് മൂന്നു പ്രദക്ഷിണം വച്ച് വീട്ടിൽ സ്ഥിതി ചെയ്യുന്ന പാമ്പിൻ കാവിൽ പോയി പ്രാർത്ഥിച്ചു മടങ്ങുന്നു. എല്ലാവരും ഇരുന്നശേഷം കൈമ്മൾ താല മെടുത്ത രണ്ടു പെൺകുട്ടികളെ കാലു കഴുകിച്ച് തലയിൽ പുഷ്പം ചൂടി രണ്ടു ഉലക്കക്ഷണങ്ങളിൻമേൽ കളത്തിലേക്ക് കയറ്റി ഇരുത്തുന്നു. അവരും തറ്റുടുത്ത് ഉത്തരീയം കെട്ടി, കയ്യിൽ വാൽക്കണ്ണാടി, കവുങ്ങിൻ പൂക്കുല എന്നിവ പിടിച്ചിരിക്കും. അവർ സർപ്പങ്ങളുടെ ഫണത്തിനു നേരെ അവരുടെ ദൃഷ്ടി ഉറപ്പിച്ചിരിക്കണം. ഇത്രയും കഴിഞ്ഞാൽ പുള്ളുവൻ പാടിത്തുടങ്ങും. പൂജാസമയത്ത് അവർ ഒര കുടം കൊട്ടിക്കൊണ്ടിരിക്കുക മാത്രമേ ചെയ്യുകയുള്ളൂ. തായമ്പക മുതലായ

വ അവർ വീണയിൽ വായിക്കും.

ചടങ്ങുകളിൽ പ്രധാനമായത് പുള്ളുവൻ മാരുടെ പാട്ടാണ്. ഖാണ്ഡവദാഹം, കാളിയ മർദ്ദനം, കദ്രുവിന്റേയും വിനതയുടേയും പന്തയം മുതലായവയെക്കുറിച്ചുള്ള പട്ടുകളാണ് പാടുന്നത്. ഒരു പുള്ളുവൻ പാട്ട് ചൊല്ലിക്കൊടുക്കും. മറ്റു ള്ളവർ ഏറ്റുപാടും. കുറഞ്ഞപക്ഷം രണ്ടു പുള്ളു വൻമാരും രണ്ടു പുള്ളുവത്തികളും വേണം. പാട്ടു ശക്തിപ്പെടുന്നതോടുകൂടി പെൺകുട്ടികൾ തലയാട്ടിത്തുടങ്ങുകയും കൈയിലെ പൂക്കുല കൊണ്ട് കളം മായിച്ചു തുടങ്ങുകയും ചെയ്യും. അതോടുക്കൂടി കുട്ടികളുമായി ചോദ്യോത്തര ങ്ങളുണ്ട്. കുറെ കഴിയുമ്പോഴേക്കും കുട്ടികൾ ബോധം കെട്ടുവീഴും. പിന്നീട് വെള്ളം തളിച്ചും വീശിയും തളർച്ച മാറ്റുന്നു. ഇതാണ് സർപ്പബലിയുടെ സാമാന്യരൂപം.

(പാഠം : 31)

# വദതു സംസ്കൃതം

## (സംസ്കൃതം പറയൂ)



### ധ്യേയവാക്യങ്ങൾ


ആർ. കിരൺ കുമാർ

ഭാരതത്തിന്റെ രാഷ്ട്രഭാഷയായി തിരഞ്ഞെടുക്കപ്പെട്ടത് ഹിന്ദി ആണെങ്കിലും ഭാരതസർക്കാരിന്റെയും ഇതരസ്ഥാപനങ്ങളുടെയും ധ്യേയവാക്യങ്ങൾ സംസ്കൃതത്തിൽ നിന്നെടുത്തവയാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം. അത്തരത്തിലുള്ള ചില സ്ഥാപനങ്ങളും അവയുടെ ധ്യേയവാക്യങ്ങളും എന്താണെന്ന് നമുക്ക് ഈ പാഠത്തിൽ പരിചയപ്പെടാം.

| | | |
|---|---|---|
| ഭാരത സർക്കാർ | : | സത്യമേവ ജയതേ |
| കേരളഗവൺമെന്റ് | : | തമസോ മാ ജ്യോതിർഗമയ |
| ലോകസഭ | : | ധർമ്മ ചക്രപ്രവർത്തനായ |
| സുപ്രിം കോടതി | : | യതോ ധർമ്മസ്തതോ ജയ : |
| ആകാശവാണി (AIR) | : | ബഹുജന ഹിതായ |
| ദൂരദർശൻ | : | സത്യം ശിവം സുന്ദരം |
| കരസേന | : | സേവാ അസ്മാകം ധർമ്മ : |
| വ്യോമസേന | : | നഭഃ സ്പശ്യം ദീപ്തം |
| നാവികസേന | : | ശം നോ വരുണ : |
| N.C.E.R.T | : | വിദ്യയാ അമൃതമശ്നുതേ |
| കേന്ദ്രീയ വിദ്യാലയം | : | തത്വം പുഷന്നപാവൃണു |
| ഇന്ത്യ പോസ്റ്റ് | : | അഹർന്നിശം സേവാമഹേ |
| L. I.C | : | യോഗക്ഷേമ വഹാമ്യഹ. |
| ആര്യസമാജം | : | കൃണ്വന്തോ വിശ്വമാര്യം |
| തീരസംരക്ഷണ സേന | : | വയം രക്ഷാമ : |
| റിസർവ്വ് ബാങ്ക് | : | ബുദ്ധൗ ശരണമന്വിച്ഛ |
| C B S E | : | അസതോമാ സദ്ഗമയ |
| റോ (Raw) | : | ധർമ്മോ രക്ഷതി രക്ഷിത : |

ഈ പാഠം ഇവിടെ നിൽക്കട്ടെ. ഇതൊരു തുടക്കം മാത്രം. എത്രയെത്ര സ്ഥാപനങ്ങൾ സംസ്കൃത വാക്യങ്ങളെ ധ്യേയവാക്യങ്ങളായി എടുത്തിട്ടുണ്ട് എന്നത് നിങ്ങളുടെ അന്വേഷണ ബുദ്ധിക്ക് വിടുന്നു. അനേകം യൂണിവേഴ്സിറ്റികൾ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ... അവ ഇനിയൊരു പാഠത്തിലാകട്ടെ....

# ഭാരതീയ പൈതൃക സന്ദേശം



ഡോ. എൻ ഗോപിനാഥൻ നായർ

ലോകസാഹിത്യ ഗ്രന്ഥങ്ങളിൽ ഏറ്റവും വലിയ കൃതിയത്രെ വ്യാസമഹർഷിയാൽ രചിക്കപ്പെട്ട മഹാഭാരതം. ഈ കഥ നൈമിശാരണ്യത്തിലെ സൂത മഹർഷിയിൽ നിന്നും ശൗനകാദി മഹർഷിമാർക്ക് വിവരിക്കുന്ന വിധത്തിലാണ് അവതരണം.

ബൃഹത്തായ 18 പർവങ്ങളടങ്ങുന്നതാണ് മഹാഭാരതം. ശ്രീകൃഷ്ണ ചരിതമടങ്ങുന്ന 19-ാം പർവ്വം ഹരിവംശ പർവ്വം പ്രത്യേകമായി പരിഗണിക്കപ്പെടുന്നു. രണ്ടായിരത്തിൽപ്പരം അധ്യായങ്ങളുള്ള വ്യാസ മഹാഭാരതത്തിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തിൽപ്പരം ശ്ലോകങ്ങളാണുള്ളത്.

മഹാഭാരതത്തിലെ 18 പർവ്വങ്ങൾ താഴെപ്പറയുന്നവയാണ്. (1) ആദിപർവ്വം, (2) സഭാപർവ്വം, (3) വനപർവ്വം, (4) വിരാടപർവ്വം, (5) ഉദ്യോഗപർവ്വം, (6) ഭീഷ്മപർവ്വം, (7) ദ്രോണപർവ്വം, (8) കർണപർവ്വം, (9) ശല്യപർവ്വം, (10) സൗപ്തികപർവ്വം, (11) സ്ത്രീപർവ്വം, (12) ശാന്തിപർവ്വം, (13) അനുശാസനപർവ്വം, (14) അശ്വമേധികപർവ്വം, (15) ആശ്രമവാസികപർവ്വം, (16) മൗസലപർവ്വം, (17) മഹാപ്രസ്ഥാനപർവ്വം, (18) സ്വർഗാരോഹണപർവ്വം എന്നിവയാണ്.

1) ആദിപർവ്വംഃ

വ്യാസൻ പറഞ്ഞുകൊടുത്ത മഹാഭാരത കഥ മഹാഗണപതി എഴുതുന്നത്, ഗുരുദക്ഷിണയ്ക്കായി കൊണ്ടുപോയ കുണ്ഡലം ഉത്തങ്ക മഹർഷിയിൽ നിന്നും തക്ഷകൻ അപഹരിക്കുന്നത്, കുണ്ഡലം വീണ്ടെടുത്ത മഹർഷി നടത്തുന്ന ഗുരുദക്ഷിണയും ജനമേജയ രാജാവിനോട് സർപ്പസത്രം നടത്തി തക്ഷകന്റെ വംശനാശം വരുത്തുവാനുള്ള ഉത്തങ്കന്റെ അഭ്യർത്ഥനയും.

കാട്ടിൽ നായാട്ടിനെത്തിയ പരീക്ഷിത്ത് മഹാരാജാവ് ധ്യാനത്തിലിരുന്ന ശമീക മഹർഷിയുടെ കഴുത്തിൽ ചത്ത പാമ്പിനെ ഇടുന്നു. കോപിഷ്ഠനായ ഋഷിപുത്രൻ ശൃംഗി സർപ്പദംശനമേറ്റ് രാജാവ് മരിക്കട്ടെയെന്ന് ശപിക്കുന്നു. പരീക്ഷിത്തിന്റെ മരണശേഷം പുത്രനായ ജനമേജയ മഹാരാജാവ് സർവ സർപ്പങ്ങളുടേയും വംശനാശത്തിനായി സർപ്പസത്രം ആരംഭിക്കുന്നു. സർപ്പസത്രത്തിൽ പാണ്ഡവ കൗരവാദികളുടെ കഥാവിവരണം, ആദിത്യ വംശത്തിലെ ശകുന്തള, യയാതി, ഭീഷ്മ, ധൃതരാഷ്ട്ര, പാണ്ഡു, വിദുരാദികളുടെ ജനനം, ബാല്യം, വിദ്യാഭ്യാസം തുടങ്ങിയ കഥകൾ. ധൃതരാഷ്ട്ര വിലാപം, കണിക ഉപദേശം, പാണ്ഡവർക്കെതിരെ കൗരവരുടെ ദ്രോഹ പ്രകടനങ്ങൾ, പാണ്ഡവരുടെ വാരണാവത യാത്ര, ഹിഡുംബ വധം, ഘടോൽക്കച ജനനം, ബകവധം, പാഞ്ചാലദേശ ഗമനം, ദ്രൗപതീ വിവാഹം, അർജ്ജുനന്റെ സുഭദ്രാഹരണം.

2) സഭാപർവ്വംഃ

അസുര ശിൽപ്പിയായ മയന്റെ സഭാനിർമാണം, കൃഷ്ണൻ, പാണ്ഡവർ, സുഹൃത്തുക്കൾ എന്നിവരുടെ സഭാ പ്രവേശനം, പാണ്ഡവരുടെ രാജസൂയ യാഗം, ജരാസന്ധവധം, രാജസൂയ യാത്രയോടനു ബന്ധിച്ച് നാല് ദിക്കുകളിലേക്കുമുള്ള ജൈത്രയാത്രയും ദിഗ്വിജയവും, യാഗത്തിൽ ശ്രീകൃഷ്ണന്റെ അഗ്രപൂജയും ശിശുപാലന്റെ അവഹേളനവും, ശിശുപാലവധം, പാണ്ഡവസഭയിൽ ദുര്യോധനന്റെ സ്ഥലജലഭ്രമം കണ്ട് പാഞ്ചാലി പൊട്ടിച്ചിരിക്കുന്നത്, കള്ളച്ചൂത് കളിയിലൂടെ പണയമായി ലഭിച്ച പാഞ്ചാലിയുടെ വസ്ത്രാക്ഷേപം, ദുര്യോധനന്റെ ദാസിയാകാൻ കർണന്റെ ഉപദേശവും സഭയിലെ അവഹേളനവും, സഭയിൽ ദുഃശ്ശകുനങ്ങൾ വിവരിച്ച് ഗാന്ധാരിയും വിദുരരും പാണ്ഡവരെ മോചിപ്പിക്കുന്നതും ഇന്ദ്രപ്രസ്ഥത്തിലേക്ക് പോകുന്നതും, വീണ്ടും നടത്തിയ ചൂതുകളിയിൽ തോറ്റ് പാണ്ഡവർ 12 വർഷത്തെ വനവാസത്തിന് പുറപ്പെടുന്നു.

3) വനപർവ്വം:

പാണ്ഡവരുടെ കാമ്യക വനയാത്ര, പാണ്ഡവരെ വധിക്കാൻ ദുര്യോധനന്റെ ശ്രമം, കിർമീര രാക്ഷസവധം, വനത്തിൽ ശ്രീകൃഷ്ണ ദർശനം, അനേകം മഹർഷിമാർ പാണ്ഡവർക്ക് നൽകുന്ന ധർമോപദേശം, ശിവതപസ്സിലൂടെ അർജുനന്റെ പാശുപതാസ്ത്ര സമ്പാദനം, നളചരിത കഥ, ഭാരതത്തിലെ പുണ്യക്ഷേത്രങ്ങൾ, നദികൾ എന്നിവയെപ്പറ്റി നാരദന്റെ സുദീർഘ വിവരണം, അഗസ്ത്യൻ, ഋശ്യശൃംഗൻ തുടങ്ങി പ്രസിദ്ധരായ അനവധി ഋഷിമാരുടെ ചരിതം, പാണ്ഡവരുടെ കുബേര രാജധാനി വാസം, ഇന്ദ്രലോകത്ത് പോയ അർജുനന്റെ വരവേൽപ്പ്, മാർക്കണ്ഡേയ മുനി ദർശനവും അദ്ദേഹം നൽകുന്ന ഉപദേശങ്ങളും, വനത്തിലെത്തിയ കൗരവരെ ഗന്ധർവൻമാർ യുദ്ധത്തിൽ തോൽപ്പിക്കുന്നതും അവരെ പാണ്ഡവൻമാർ മോചിപ്പിക്കുന്നതും, ഭീഷ്മരുടെ സദുപദേശം, ദുര്യോധനന്റെ വൈഷ്ണവ യാഗം, പാണ്ഡവർക്ക് വ്യാസൻ നൽകുന്ന സാരോപദേശം, പാഞ്ചാലിയെ അപഹരിച്ച രാക്ഷസരെ ഭീമൻ വധിക്കുന്നത്, മാർക്കണ്ഡേയൻ പറയുന്ന സുദീർഘമായ രാമായണ കഥയും സത്യവാൻ സാവിത്രി കഥയും, ബ്രാഹ്മണരൂപത്തിൽ വന്ന ഇന്ദ്രന് കർണൻ തന്റെ കവച കുണ്ഡലങ്ങൾ ദാനം ചെയ്യുന്നത്, യക്ഷസരസിൽ ജലപാനം നടത്തിയ പാണ്ഡവ സഹോദരങ്ങളെ ധർമ്മപുത്രർ രക്ഷിക്കുന്നത്.

4) വിരാടപർവ്വം:

വിരാട രാജ്യത്ത് പാണ്ഡവരുടെ അജ്ഞാതവാസം, കീചകവധം, വിരാടദേശം ആക്രമിച്ച ദുര്യോധന സേനയെ വേഷപ്രച്ഛന്നരായ പാണ്ഡവർ പരാജയപ്പെടുത്തുന്നത്, വിരാടരാജപുത്രിയായ ഉത്തരയെ അർജുന പുത്രനായ അഭിമന്യൂ വിവാഹം ആലോചിക്കുന്നത്.

5) ഉദ്യോഗപർവ്വം:

വനവാസം കഴിഞ്ഞെത്തിയ പാണ്ഡവർക്ക് ഇന്ദ്രപ്രസ്ഥം തിരിച്ച് നൽകുവാനുള്ള ദൂത സന്ദേശം, അവകാശം നേടുവാൻ യുദ്ധം വേണ്ടിവരുമെന്നുള്ള കൃഷ്ണ സന്ദേശം, യുദ്ധസന്നാഹത്തിനിടയ്ക്ക് കൗരവ സഭയിലേക്ക് ശ്രീകൃഷ്ണ ദൂത്, ശ്രീകൃഷ്ണനെ ബന്ധിക്കുവാനുള്ള ശ്രമ ത്തിൽ വിശ്വരൂപ ദർശനം യുദ്ധത്തിന് തയ്യാറാ കാൻ കുന്തിയുടെ അനുമതിയും കർണനോട് പാണ്ഡവപക്ഷം ചേരുവാനുള്ള അഭ്യർത്ഥനയും, ശ്രീകൃഷ്ണ നേതൃത്വത്തിൽ പാണ്ഡവ സൈന്യ സജ്ജീകരണം, സൈന്യങ്ങളുടെ കുരുക്ഷേത്ര പ്രവേശനം, ബാലഭദ്രന്റെ തീർത്ഥയാത്ര, ദിവ്യദൃഷ്ടിയിലൂടെ സഞ്ജയന്റെ യുദ്ധ വിവരണം, ശിഖണ്ഡിയുടെ പൂർവജൻമ കഥ.

6) ഭീഷ്മപർവ്വം:

കൗരവരുടെ സർവസൈന്യാധിപനായ ഭീഷ്മരുടെ നേതൃത്വത്തിൽ നടക്കുന്ന യുദ്ധ വിവരണം സഞ്ജയൻ ദിവ്യദൃഷ്ടിയിലൂടെ കണ്ട് വിവരിക്കുന്നു. ഭാരതഭൂമിയുടെ വിവരണം, യുദ്ധ വർണനം, ഇരുസേനകളിലേയും ശക്തൻമാരായ സൈന്യാധിപൻമാരുടെ വർണന, ശ്രീകൃഷ്ണൻ യുദ്ധരംഗത്ത് വച്ച് നൽകുന്ന ഗീതോപദേശം, യുദ്ധത്തിൽ ഒമ്പതാം ദിവസം അർജുന ശരങ്ങളേറ്റ് ഭീഷ്മർ ശരശയ്യയിൽ കിടക്കുന്നത് വരെയുള്ള യുദ്ധത്തിന്റെ സുദീർഘമായ വിവരണം, ഉത്തരായണ സമയത്ത് ദേഹത്യാഗത്തിനായി ഭീഷ്മരുടെ ശരശയനം.

7) ദ്രോണപർവ്വം:

ഭയങ്കരമായ യുദ്ധത്തിന്റെ വിവരണം, വധിക്കുന്നവരുടേയും വധിക്കപ്പെട്ടവരുടേയും വിവരണം, ധൃതരാഷ്ട്ര വിലാപം, അസ്ത്രങ്ങളുടെ ചരിത്രം, അഭിമന്യുവധം, ജയദ്രഥവധം, പുത്ര ശോകത്താൽ തളർന്ന ദ്രോണന്റെ വധം.

8) കർണപർവ്വം:

കർണന്റെ നേതൃത്വത്തിലുള്ള യുദ്ധ വിവരണം, മരിച്ച ഇരുപക്ഷത്തേയും പ്രധാനികളുടെ ചരിത്രം, സഞ്ജയൻ ധൃതരാഷ്ട്രരെ കേൾപ്പിക്കുന്നു, 16-ാം ദിവസത്തെ യുദ്ധ വിവരണം, ശല്യരുടെ കർണ സാരഥ്യം, ദുശ്ശാസന വധവും കർണന്റെ ശിരച്ഛേദനവും.

9) ശല്യപർവ്വം:

ശല്യരുടെ സേനാ നേതൃത്വത്തിലുള്ള യുദ്ധ വിവരണം, പാണ്ഡവരുമായുള്ള സന്ധിയാണ് ഉത്തമമെന്ന് കൃപരുടേയും അശ്വത്ഥാമാവിന്റെയും ഉപദേശം തള്ളിക്കളഞ്ഞ് യുദ്ധം തുടരുന്നത്, 18-ാം ദിവസത്തെ യുദ്ധത്തിൽ ധർമപുത്രർ ശല്യരെ വധിക്കുന്നത്, കൗരവ സൈന്യപലായനം, ഗദായുദ്ധത്തിൽ ഭീമനോട് ദുര്യോധനൻ പരാജയപ്പെടുന്നു, തീർത്ഥയാത്ര കഴിഞ്ഞെത്തിയ ബലരാമന്റെ യാത്രാവിവരണം.

10) സൗപ്തികപർവ്വം:

രാത്രിയിൽ ഉറങ്ങിക്കിടക്കുന്ന പാണ്ഡവരെ അശ്വത്ഥാമാവും കൂട്ടരും ചേർന്ന് ആക്രമിച്ച് പലരേയും വധിക്കുന്നു, ഗംഗാതടത്തിൽ വച്ച് ഭീമ അശ്വത്ഥാമായുദ്ധം, വ്യാസന്റെ ശാന്തിക്കുള്ള അഭ്യർത്ഥന, അശ്വത്ഥാമാവിന്റെ വനവാസം.

11) സ്ത്രീപർവ്വം:

ധൃതരാഷ്ട്ര വിലാപം, യദുവംശത്തിന്റെ സർവനാശത്തിന് ഗാന്ധാരിയുടെ ശാപം, ധൃതരാഷ്ട്രരുടെ ഭീമാലിംഗനം.

12) ശാന്തിപർവ്വം:

ധർമ്മപുത്രർ രാജ്യഭരണത്തിനുള്ള ഉപദേശം സ്വീകരിക്കുന്നു. പാണ്ഡവരുടെ ഹസ്തിനപുര ധർമപുത്ര രാജ്യാഭിഷേകം, രാജ്യഭരണത്തിന് വേണ്ട അറിവ് നൽകുന്ന സർവധർമ്മതത്ത്വങ്ങളും തത്ത്വശാസ്ത്രങ്ങളും ഭീഷ്മ പിതാമഹൻ സുദീർഘമായി ഉപദേശിക്കുന്നു.

13) അനുശാസനപർവ്വം:

ഭീഷ്മരുടെ ഉപദേശം, വർണധർമം, കർമ്മഫലം, പാപങ്ങൾ, ഗൃഹകർമ്മങ്ങൾ, ദാന മഹത്വം, യജ്ഞമഹത്വം, ഉപാസനാവിധികൾ, ഭക്ഷ്യ  അഭക്ഷ്യ ദ്രവ്യങ്ങൾ, ധർമ്മതത്ത്വം, പുത്രധർമ്മം, ആശ്രമധർമ്മം, പുരോഹിത ധർമ്മം, ഭരണരീതികൾ, ധർമ്മയുദ്ധം, സൈന്യ സന്നാഹം, ദണ്ഡനീതി, ജീവാത്മാ  പരമാത്മാ തത്ത്വം, ഋഷി മഹത്വം, യുഗധർമ്മം, ബ്രഹ്മപ്രളയം തുടങ്ങിയ വിഷയങ്ങൾ ഭീഷ്മരുടെ ഉപദേശ ങ്ങളിൽ അടങ്ങിയിരിക്കുന്നു. ഭീഷ്മാചാര്യരുടെ മൃത്യുവിവരണം.

14) അശ്വമേധികാപർവ്വം:

പ്രഗത്ഭരായ അനേകം പേർ വധിക്കപ്പെട്ടതിൽ ധർമ്മപുത്രർ ദുഃഖിക്കുന്നു, ശ്രീകൃഷ്ണന്റെ ദ്വാരകാ യാത്ര, അതിന് മുമ്പ് ശ്രീകൃഷ്ണൻ ധർമ്മപുത്രർക്ക് നൽകുന്ന സുദീർഘമായ ഉപദേശം, ദ്വാരകയിൽ എത്തിച്ചേർന്ന കൃഷ്ണൻ പിതാവായ വസുദേവർക്ക് നൽകുന്ന ഭാരതയുദ്ധ വിവരണം, ധർമ്മപുത്രരുടെ അശ്വമേധം, യാഗത്തെ പുച്ഛിച്ചുകൊണ്ടുള്ള ഒരു കീരിയുടെ വിവരണം, കീരിയുടെ പൂർവജന്മകഥ.

15) ആശ്രമാവാസികപർവ്വം:

ധൃതരാഷ്ട്രരുടെ ആഗ്രഹമനുസരിച്ചുള്ള പാണ്ഡവരുടെ ഭരണം, ധൃതരാഷ്ട്രരുടെ വന വാസം, ശതയുപ ആശ്രമത്തിൽ ധൃതരാഷ്ട്രരുടെ തപസ്സ്, വ്യാസന്റെ വിദുരചരിത വർണനം, കുരുക്ഷേത്ര യുദ്ധത്തിൽ മരണപ്പെട്ടവരെ വ്യാസൻ ഗംഗാ തടത്തിൽ ഗാന്ധാരിക്ക് കാണിച്ചു കൊടുക്കുന്നു, കാട്ടുതീയിൽപ്പെട്ട് ധൃതരാഷ്ട്രാദികളുടെ മരണം, ധർമ്മപുത്രർ അന്ത്യകർമ്മങ്ങൾ നടത്തുന്നു.

16) മൗസലപർവ്വം:

മഹർഷിമാരുടെ ശാപത്താൽ സാംബന്റെ ഗർഭത്തിൽ പിറന്ന ഇരുമ്പുലക്ക നിമിത്തമുള്ള യാദവ വംശനാശം, യാദവ നാശത്തെക്കുറിച്ച് ദാരുകന്റെ സന്ദേശം, ശ്രീകൃഷ്ണ ബലരാമ വാന പ്രസ്ഥം, ദ്വാരകയിൽ അവശേഷിക്കുന്നവരുമായി

അർജുനന്റെ ഹസ്തിനപുരയാത്ര.

17) മഹാപ്രസ്ഥാനികപർവ്വം:

പാണ്ഡവരുടെ മഹാപ്രസ്ഥാനം വിവരിക്കുന്നു, യാത്രാമദ്ധ്യേ പാണ്ഡവരുടെ പതനം, ധർമ്മപുത്രരുടെ സ്വർഗാരോഹണം.

18) സ്വർഗാരോഹണപർവ്വം:

പാണ്ഡവ കൗരവാദികളുടെ സ്വർഗ വാസമാണ് വിഷയം. ദുര്യോധനാദികളുടെ സ്വർഗവാസം, പാണ്ഡവരുടെ മായാനരകവാസം, ദേവഗംഗയിൽ മുങ്ങിയ ധർമ്മപുത്രരുടെ ദിവ്യ സ്ഥാനലബ്ധി ഇത്രയുമാണ് 18 പർവങ്ങളിലായി മഹാഭാരത കഥ വിവരിക്കുന്നത്.

മഹാഭാരത കഥകൾ കേട്ട ജനമേജയൻ വൈശമ്പായനനെ വണങ്ങി സസന്തോഷം രാജ്യപാലനം ചെയ്യുന്നു.

ഭാരതീയ ആത്മീയ  വൈദിക  ഭൗതിക ധർമ്മ ശാസ്ത്രങ്ങളുടെ ജീവിതാനുഭവത്തിലൂടെയുള്ള പ്രായോഗിക വിവരണം മഹാഭാരതത്തിൽ കാണാം. യാഗകർമ്മങ്ങൾ, ഉപനിഷത്തിലെ തത്ത്വശാസ്ത്രങ്ങൾ, പുരാണങ്ങളിലെ കഥകൾ, സ്മൃതികളിലെ രാജ്യപരിപാലന നിയമങ്ങൾ, വേദാംഗങ്ങളിലെ പ്രായോഗിക വിവരണങ്ങൾ, അർഥശാസ്ത്രത്തിലെ രാജ്യനീതി, ധനുർ വേദത്തിലെ യുദ്ധവിവരണം, എല്ലാം വസ്തു നിഷ്ഠമായി ചൈതന്യവത്തായി കുരു പാണ്ഡവ ചരിത്രങ്ങളിൽ വിവരിക്കുന്നു. നന്മകളുടെ ശക്തിയും തിന്മകളുടെ അശക്തിയും തമ്മിൽ ഏറ്റുമുട്ടുന്നതും അവസാനം നന്മകളുടെ സമ്പൂർണ്ണ വിജയവും ഉദ്ഘോഷിക്കുന്ന ജീവിത ചൈതന്യവത്തായ കഥയത്രെ മഹാഭാരതം.

# HYPERTENSION



ഡോ.കല്ല്യാണി മേനോൻ

അമിത രക്തസമ്മർദ്ദം നിശ്ശബ്ദ കൊലയാളി എന്നാണ് അറിയപ്പെടുന്നത്. അസുഖമുള്ളവരിൽ 30% ആണ് രോഗനിർണ്ണയം ഉണ്ടാവുന്നത്. അതിൽ 30% മാത്രമാണ് ചികിത്സ എടുക്കുന്നത്. അതിൽ 30% മാത്രമാണ് Blood Pressure (BP) ശരിയായി Control ആവുന്നത്.

ഹൃദയം Pumb ചെയ്യുന്ന രക്തം, രക്തധമനികളുടെ ഭിത്തിയിൽ ഏൽപ്പിക്കുന്ന സമ്മർദ്ദമാണ് BP എടുക്കുമ്പോൾ നാം അളക്കുന്നത്. ഹൃദയം Contract ചെയ്യുന്ന അവസ്ഥയിലെ പ്രഷർ Systolic Pressure എന്നും Relax ചെയ്യുന്ന അവസ്ഥയിലെ Pressure Diastolic എന്നും പറയുന്നു.

$$\frac{\text{Systolic Pressure}}{\text{Diastolic Pressure}} = \frac{100}{70} \quad \frac{120}{80}$$

Normal Range 140/90 എന്നത് PRE HTN എന്ന അവസ്ഥയെ കാണിക്കുന്നു.

പ്രായം, Activities, ഉറക്കം, ഭക്ഷണം, മദ്യം, പുകവലി, കാപ്പി, ചായ എന്നിവയുടെ അമിത ഉപയോഗം ജലദോഷം, ചുമ എന്നിവയ്ക്ക് വാങ്ങി കഴിക്കുന്ന മരുന്നുകൾ BP യെ ബാധിക്കുന്നു. അതിനാൽ ഒന്നോ രണ്ടോ Readings കൊണ്ടുമാത്രം HTN ഉണ്ടെന്നു Confirm ചെയ്യാൻ പറ്റുകയില്ല. 3 പ്രാവശ്യമെങ്കിലും വെവ്വേറെ അവസരങ്ങളിൽ BP Check ചെയ്യണം. ശരാശരി

$= \frac{100}{70} \quad \frac{120}{80}$ ൽ പെടുന്നു.

Consistantly 140/90 ആണെങ്കിൽ, Pre HTN എന്ന അവസ്ഥയായി എടുക്കാം.

BP എടുക്കുമ്പോൾ, Subject Relaxed ആയിരിക്കണം. ഇരുന്നോ, കിടന്നോ എടുക്കാം. BP Appartus ന്റെ Cuff Size, കൈയ്യിന്റെ Position മുതലായവ Readings നെ ബാധിക്കും.

**Tension** ഒന്നും ഇല്ലാതെ വീട്ടിലോ, Familiar ആയ Surroundingstem എടുക്കുന്ന Reading ആയിരിക്കും ശരിയായിട്ടുള്ളത്. ഇങ്ങിനെ എടുക്കുന്ന BP Reading, ദിവസവും സമയവും സഹിതം Record ചെയ്തു വച്ച് ഡോക്ടറെ കാണിക്കുന്നത് HTN ഉണ്ടോ എന്ന് സ്ഥിരീകരിക്കാൻ സഹായിക്കുന്നു. MILD HTN or PRE HTN ന്റെ നിർണ്ണയത്തിൽ ഇത് സഹായിക്കുന്നു. Moderate and severe HTN ഉള്ളപ്പോൾ BP Readings എപ്പോഴും കൂടുതലായി കാണിക്കും.

രണ്ടുതരത്തിലുള്ള HTN ഉണ്ട്. Secondary HTN എന്നത് മറ്റു അസുഖങ്ങൾ കാരണം ഉണ്ടാവുന്ന HTN-ആണ്. വൃക്കയുടെ രോഗങ്ങൾ Thyroid, Adrinal, Pituitary രോഗങ്ങൾ Coarctation Aorta Renal Art Stenosis മുതലായവയാണ് കാരണങ്ങൾ. HTN ഉണ്ടാവുമ്പോൾ (പ്രത്യേകിച്ച് കുട്ടികളിലും ചെറുപ്പകാരിലും) മുൻ പറഞ്ഞ Secondary കാരണങ്ങൾ ഉണ്ടോയെന്ന് പരിരോധിക്കേണ്ടതുണ്ട്.

95% പേരിലും കാണുന്ന HTN Secondary കാരണങ്ങൾ ഇല്ലാത്തതാണ്. മദ്ധ്യവയസ്ക്കരിലും, പ്രായമായവരിലും ഉണ്ടാകുന്ന ഈ Primary HTN എന്നതിന് കാരണം Multi Factorial ആണ്. ജനിതകം, പാരമ്പര്യം, പ്രായം Personality Type, പരിതസ്ഥിതി, ജീവിതശൈലി എന്നിവ പങ്കുവഹിക്കുന്നു.

HTN ഉണ്ടാവുമ്പോൾ രക്തധമനികളുടെ ആന്തരിക ചർമ്മത്തിന് (Lining) കേട് പറ്റുന്നു. Elasticity കുറയുകയും Plaque Deposits (Atherosclerotic Changes) കാരണം ഉൾവ്യാസം കുറയുകയോ, Blocks ഉണ്ടുവുകയോ ചെയ്യുന്നു. ഇതുകാരണം പ്രധാന അവയവങ്ങളിലേക്ക് രക്തത്തിന്റെ ലഭ്യത കുറയുകയോ നിലയ്ക്കുകയോ ചെയ്യുന്നു. വൃക്കയ്ക്ക് തകരാറ്, Heart Attacks, Brain Attacks (Stroke), Vision Loss, Dementia എന്നിവയ്ക്ക് കാരണമാകുന്നു.

രക്തധമനി വീർത്ത് (Anurisms) ചിലപ്പോൾ പൊട്ടി തലച്ചോറിലും, നെഞ്ചിലും വയറ്റിലും, രക്ത സ്രാവമുണ്ടായി പെട്ടെന്നുള്ള മരണത്തിന് കാരണമാകുന്നു.

കാലുകളിലെ രക്തധമനികളിൽ Blocks ഉണ്ടാ

വുമ്പോൾ ഉണങ്ങാത്ത വൃണങ്ങൾ, Tissue Infections, Gangrene എന്നിവ ഉണ്ടാകുന്നു.

നേരത്തെ കണ്ടുപിടിച്ച് ശരിയായി ചികിത്സിച്ചാൽ മുൻ പറഞ്ഞ Complications വരാതിരിക്കാനോ കുറയ്ക്കാനോ, Delay ചെയ്യുവാനോ സാധിക്കും.

**ചികിത്സ**

ജീവിതശൈലി Modification ആണ് HTN ചികിത്സയുടെ അടിത്തറ. പ്രത്യേകിച്ച് MILD HTN/ PRE HTN എന്നീ അവസ്ഥകളിൽ ഇതിൽ Control ആയില്ലെങ്കിൽ ആണ് മരുന്ന് ആവശ്യമാകുന്നത്.

Moderate and Severe HTN, HTN കാരണമുണ്ടാവുന്ന Complications എന്നിവ ഉണ്ടെങ്കിൽ മരുന്നു ഉടനെ തുടങ്ങുന്നു.

HTN ഉള്ളവർക്ക്, Complications ഉണ്ടോ എന്ന നേരത്തെ കണ്ടുപിടിക്കേണ്ടത് ആവശ്യമായതിനാൽ വർഷത്തിൽ ഒരിക്കൽ കണ്ണ് Heart, Kidney, Functions എന്നിവയുടെ പരിശോധന ആവശ്യമാണ്.

ജീവിതചര്യ മാറ്റങ്ങൾ

1) പുകവലി, മദ്യപാനം നിർത്തൽ
2) ആരോഗ്യകരമായ ആഹാരശൈലി
3) Regular വ്യായാമം
4) ശരീരതൂക്ക നിയന്ത്രണം
5) മാനസിക പിരിമുറുക്കം കുറയ്ക്കാനുള്ള വഴികൾ

**മരുന്നുകൾ**

HTNന് മരുന്നു നിശ്ചയിക്കുന്നത് അതിന്റെ Severity, പ്രായം കൂടെയുള്ള മറ്റു Complications, Risk Factors, Tolerance പാർശ്വഫലങ്ങൾ മുതലായ പലതും ആശ്രയിച്ചാണ്.

BP താഴാനുള്ളവ കൂടാതെ ഹൃദയത്തിനും, വൃക്കയ്ക്കും Protection നൽകുവാനും മരുന്നും കൊടുക്കുന്നു. (Risk Factors അനുസരിച്ച്) അതുകാരണം Individualise ചെയ്ത് മരുന്നു നിശ്ചയിക്കുന്നു. Response & Side effects അനുസരിച്ച് മരുന്നിലും Dose ലും, വ്യത്യാസങ്ങൾ ചിലപ്പോൾ ചെയ്യേണ്ടിവരും.

Regular ആയി മരുന്നു കഴിക്കേണ്ടത് ആവശ്യമാണ്. BP Normal ആയി എന്നു പറഞ്ഞ് മരുന്ന് നിർത്തുന്നത് ശരിയല്ല. മരുന്നു കഴിക്കുന്നതു കാരണമാണ് BP Normal ആവുന്നത്. രോഗലക്ഷണങ്ങളോ അസുഖങ്ങളോ ഒന്നും ഇല്ല എന്നു പറഞ്ഞ് മരുന്നു കഴിക്കാതിരിക്കുന്നതും, മരുന്നു നിർത്തുന്നതും നല്ലതല്ല.

## എറണാകുളം കരയോഗം

### ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2016 ജനുവരി മാസത്തിൽ സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. രാംകുമാർ, പാർവ്വതി നിവാസ്, ദിവാൻസ് റോഡ്, എറണാകുളം കൊച്ചി 682016 | 10,000 |
| 2. | ശ്രീമതി. പാർവ്വതി . എ , പാർവ്വതി നിവാസ്, ദിവാൻസ് റോഡ്, കൊച്ചി 682016 | 10,000 |
| 3. | ശ്രീമതി. ഇന്ദിര മാണിക്കത്ത്, C/o കെ .ഇ. അരവിന്ദാക്ഷൻ, മാണിക്കത്ത് ഹൗസ്, രവിപുരം, കൊച്ചി 682016 | 10,000 |
| 4. | ശ്രീ. സനൽകുമാർ. ആർ, ശ്രീകാർത്തിക, എം. കെ. നഗർ, മുപ്പത്തടം | 10,000 |
| 5. | ശ്രീ. ടി. ബാലചന്ദ്രൻ, തോട്ടക്കാട്ട് ഹൗസ്, ഡി.എച്ച്. റോഡ്, കൊച്ചി 682016 | 10,000 |
| 6. | അഡ്വ. പി.വി. മോഹനൻ, സദ്ഗമയ, 33/ 2981 സി, വെണ്ണല, ജനത റോഡ് | 5,000 |
| 7. | ശ്രീ. സതീഷ്. വി.സി, വിപഞ്ചിക, എം.ബി.എം. റോഡ്, പാർത്ഥാസ് ലൈൻ, കൊച്ചി 682016 | 5,000 |
| 8. | ശ്രീമതി. കെ. രുഗ്മിണി, 33/ 3245 ഇ, ശ്രീവിനായക, വെണ്ണല.പി.ഒ, കൊച്ചിൻ | 5,000 |

# എന്റെ ബാലിയാത്ര

**ടി.എൻ. രാജലക്ഷ്മി**

ചേലൊത്ത സാരിയണിഞ്ഞു മിഴിവോടെ
ചേരുംവിധമലങ്കാരങ്ങളും
കണ്ണാടി നോക്കി നിറഞ്ഞ മനസ്സോടെ
ഞാനിതായാത്രക്കൊരുക്കമായി

ഏറെ നാളായി മനസ്സിൽ കതിരിട്ട
മോഹമാണെന്നുടെ ബാലിയാത്ര
ആഴ്ചവട്ടത്തിലെ സ്നേഹിതരൊത്തുള്ള
യാത്രയാണെന്നുള്ളതേറെ ഹൃദ്യം

വീട്ടുകാരോടൊക്കെ യാത്രാമൊഴി ചൊല്ലി
ഞാനുമെൻ കൂട്ടരും യാത്രയായി
ആമോദപൂർവ്വം ഞാനേറിവിമാനത്തിൽ
ജാലകചാരെയിരുന്നു മെല്ലെ

ചാനലിൽ കണ്ടോരു സുന്ദര ദൃശ്യങ്ങൾ
ഒന്നൊഴിയാതെൻ മനസ്സിലെത്തി
പൊറ്റെക്കാടിന്റെ വരികളെൻ ചിത്തത്തിൽ
ചിത്രങ്ങളേറെ വരച്ചുചേർത്തു

ആകാശവീഥിയിലെത്തി വിമാനവും
ഞാനിതാ മേഘജാലത്തിലായി
കണ്ണുകൾ മെല്ലെയടഞ്ഞു പോയെൻ മന-
കണ്ണിലോ ബാലി ദൃശ്യങ്ങൾ മാത്രം

പച്ചവിരിച്ച നെൽപ്പാടങ്ങളും പിന്നെ
തൊട്ടുതൊട്ടെമ്പാടും ക്ഷേത്രങ്ങളും
സുന്ദരമാം തെരുവീഥികളും ചാരെ
പുല്ലുകൾ മേഞ്ഞ കുടിലുകളും

വർണ്ണപ്പകിട്ടാർന്ന ചേലചുറ്റി നല്ല
പുഷ്പഫലങ്ങൾ ശിരസ്സിലേന്തി
വരിയൊത്ത് നൃത്തച്ചുവടുമായി
അടിവെച്ചു നീങ്ങുന്ന സുന്ദരിമാർ

പെട്ടന്നുലഞ്ഞു വിമാനമാകെ
ഞെട്ടിയുണർന്നുപോയ് ഞാനുമപ്പോൾ
കണ്ണു തുറന്നപ്പോൾ ഞാനെന്റെ മെത്തയിൽ
കഷ്ടമെൻ സ്വപ്നമോ ബാലിയാത്ര.

# സോഡിയം പൊട്ടാസ്യം ബാലൻസ്



ഡോ. ദേവിദാസ് വെള്ളോടി

ആമുഖം

എന്റെ ലേഖനങ്ങൾ കരയോഗ സൗഹൃദത്തിൽ സ്ഥിരമായി വായിക്കുന്ന ഒരു സുഹൃത്ത് കുറച്ചു കാലമായി എന്നോട് അപേക്ഷിച്ചു കൊണ്ടിരിക്കുകയാണ്. എന്താണ് സോഡിയം പൊട്ടാസ്യം ബാലൻസിങ്ങിനെക്കുറിച്ച് എഴുതാത്തത് എന്ന്. അതിനാൽ ഈ വിഷയത്തെ അധികരിച്ച് സാധാരണ ജനങ്ങളുടെ അകാരണമായ ഭീതി അകറ്റുന്നതിന് ഉതകിയെങ്കിൽ ഞാൻ കൃതാർത്ഥനായി. ലേഖനങ്ങൾ വായിക്കുന്നുണ്ടെന്നറിഞ്ഞതിൽ സന്തോഷം.

വൈദ്യുത വിശ്ലേഷണത്തിന് വഴങ്ങുന്ന ദ്രാവകമാധ്യമം (Electrolytes)

ശരീരത്തിലെ കോശങ്ങളുടെ (Cell) പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായ സൂക്ഷ്മമായ രാസദ്രാവകമാണ് Electrolytes (ഇലക്ട്രോലൈറ്റ്സ്). സോഡീയം, പൊട്ടാസ്യം, കാത്സ്യം, മഗ്നീഷ്യം തുടങ്ങിയ ഇലക്ട്രോലൈറ്റ്സ് കോശങ്ങളിൽ ഊർജം ഉൽപ്പാദിപ്പിക്കുന്നതിനും ശരീരകോശങ്ങളിലെ വൈദ്യുത വിശ്ലേഷണത്തിനും ഊർജകൈമാറ്റത്തിനും അത്യാവശ്യമായ ഘടകങ്ങളാണ്. ഈ ഇലക്ട്രോ ലൈറ്റ്സിന്റെ അളവ് (Concentration) നിയന്ത്രിക്കുന്നതിന് വൃക്ക, അഡ്രിനൽ ഗ്രന്ഥികൾ, കരൾ തുടങ്ങിയവയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വിവിധ ഹോർമോണുകളാണ്. വൃക്കയിലുള്ള പ്രത്യേക സെൻസേർസ് സോഡിയത്തിന്റെയും പൊട്ടാസ്യത്തിന്റെയും രക്തത്തിലെ വെള്ളത്തിന്റെയും അളവ് നിയന്ത്രിച്ചു കൊണ്ടിരിക്കും.

**എന്താണ് സോഡിയം പൊട്ടാസ്യം ബാലൻസ്**

